
www.malankaralibrary.com

ഏപ്രിൽ 2023

# ക്രൈസ്തവ കാഹളം



## സഹനവും മരണവും കഴിഞ്ഞ്

# ഉത്ഥാനം


www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ദുഃഖിതരെപ്പോലെയായിരുന്നെങ്കിലും നീ സദാ ആനന്ദിച്ചുകൊണ്ടിരുന്നു; ദരിദ്രയായിരുന്നെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപ്പോലെയായിരുന്നെങ്കിലും നീ എല്ലാം ഉള്ളവളാകുന്നു. എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

# സ്മരണാഞ്ജലി




**കാലം ചെയ്ത അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ പിതാവിന് ക്രൈസ്തവ കാഹളം കുടുംബത്തിന്റെ**

*ആദരാഞ്ജലികൾ*

www.malankaralibrary.com

ക്രൈസ്തവ കാഹളം 2023

ഏപ്രിൽ 2023 വാല്യം 84 ലക്കം 4




# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 05 |
| പിതൃമൊഴി | 06 |
| മാർ ജോസഫ് പവ്വത്തിൽ: വിശ്വസ്തനും വിവേകിയുമായ കാവൽക്കാരൻ | 07 |
| കാൽവരിയുടെ നിഴലിൽ കുരുത്തോലയിലൊരു കുരിശ് | 09 |
| പെസഹാ അന്നും ഇന്നും | 12 |
| ഞാൻ ജീവിച്ചിരിക്കണം എന്ന് സ്വർഗ്ഗത്തിന് എന്തോ നിർബന്ധമുള്ളത് പോലെ | 15 |
| ഉത്ഥിതന്റെ മുറിപ്പാടുകൾ | 18 |
| മഹാനായ വി. ബസേലിയോസ് | 22 |
| ചില ചോദ്യങ്ങൾ അലയടിക്കും, രാജ്യമെമ്പാടും | 30 |
| കക്കുകളി നിരോധിക്കണോ? | 35 |
| കക്കുകളികളും സന്യാസജീവിതവും | 38 |
| മെത്രാനച്ചന്റെ ജനപക്ഷ രാഷ്ട്രീയം | 41 |
| വിശേഷം | 44 |
| ഗ്രന്ഥപരിചയം | 45-46 |


രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ
പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ
എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി
ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത് - 9446703056
കവർ & ലേഔട്ട്
Fingraph - 9387811920
പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4
വിലാസം
ക്രൈസ്തവ കാഹളം, സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്, പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com



# എഡിറ്റോറിയൽ

## ഉയിർപ്പിലേക്ക് നയിക്കുന്ന മൗനം

വലിയ നോമ്പിലെ അവസാനത്തെ ആഴ്ചയിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനവും, പീഢാനുഭവത്തിലേക്കുള്ള മുന്നൊരുക്കങ്ങളും ശിഷ്യരോടൊത്തുള്ള കാൽ കഴുകലും പെസഹാ ആചരണവും കുരിശിലേയ്ക്ക് നയിക്കുന്ന ബന്ധനവും വിസ്താരവും വിധിവാചകങ്ങളും, കുരിശും കുരിശാരോഹണവും മഹത്വത്തോടെയുള്ള ഉയിർപ്പും ഇനിയുള്ള നാളുകളിൽ നമ്മുടെ പ്രാർത്ഥനയും ധ്യാനവും ചിന്തയും ആയി മാറുകയാണ്. വീണ്ടുമൊരു ഉയിർപ്പുപെരുന്നാളിനായി സഭ നമ്മെ ഒരുക്കുന്നു. ഓരോ ഉയിർപ്പു പെരുന്നാളും സത്യത്തിനെതിരെയുള്ള പോർവിളികളുടെ മുന്നിൽ നിശബ്ദനാകുവാൻ നമുക്ക് ഊർജ്ജം പകരുന്നു. മൂടിവയ്ക്കുവാൻ എടുക്കുന്ന ഭാരമുള്ള കല്ലുകൾക്ക് സത്യത്തിന്റെ മുന്നിൽ പിടിച്ചുനിൽക്കുവാൻ കഴിയുന്നില്ല. 'ബറാബാസിനെ വിട്ടുതരിക, ഇവനെ ക്രൂശിക്കുക' എന്ന് ജനം ആർത്തുവിളിച്ചപ്പോഴും കുരിശിൻ ചുവട്ടിൽ നിന്ന് ഇവൻ സത്യമായും ദൈവപുത്രൻ ആയിരുന്നു എന്ന ശതാധിപന്റെ നേർത്ത ശബ്ദം ആരവങ്ങൾക്കു മുകളിൽ ഇന്നും ആഘോഷിക്കപ്പെടുന്ന വിശ്വാസസത്യമായി നിലനിൽക്കുന്നു. ആൾക്കൂട്ടങ്ങൾക്ക് എപ്പോഴും ബഹളം വയ്ക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ വിശ്വാസപ്രഖ്യാപനങ്ങൾ ഒരു ന്യൂനപക്ഷത്തിന്റേതാണ്. ഭൂരിപക്ഷം കൈപൊക്കാൻ ഒപ്പമില്ലെങ്കിലും സത്യത്തിനെതിരെയുള്ള കല്ലുകൾ എത്ര കഠിനമാണെങ്കിലും ഒന്നും ഭയപ്പെടേണ്ടതില്ല. സത്യം തന്നെ പുറത്തുവരും. ശൂന്യമായ കല്ലറ നമുക്ക് തരുന്ന പാഠം അതാണ്.

നമ്മുടെ ജീവിതത്തിൽ പരാജയപ്പെട്ടു എന്നുതോന്നുന്ന അനുഭങ്ങളുണ്ട്. നമ്മുടെ അഭിപ്രായങ്ങൾ കൂട്ടംകൂടിനിന്ന് ആളുകൾ പരിഹസിക്കുന്ന സന്ദർഭങ്ങളുണ്ട്. നമ്മൾ പറഞ്ഞതൊക്കെ സ്വീകരിക്കപ്പെടുന്നില്ല എന്ന് തോന്നുന്ന സാഹചര്യങ്ങളുണ്ട്. പക്ഷേ, ഇവിടെയെല്ലാം യേശുവിന്റെ മൗനം നമുക്ക് നൽകുന്ന ചില പ്രചോദനങ്ങൾ ഉണ്ട്. താൻ ദൈവപുത്രൻ ആണെന്ന് സ്ഥാപിച്ചെടുക്കേണ്ടത് ഹേറോദോസിന്റെയോ, പീലാത്തോസിന്റെയോ, പ്രധാന പുരോഹിതന്മാരുടെയോ മുന്നിലല്ല. അത് ജറുസലേം മുതൽ യൂദയായിലെങ്ങും, ലോകാതിർത്തികളോളം പ്രഘോഷിക്കപ്പെടേണ്ട സത്യമാണ്. അത് സ്വർഗ്ഗത്തിന്റെ പദ്ധതിയുമാണ്. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. യുഗാന്ത്യത്തോളം നിലനിൽക്കേണ്ട സത്യങ്ങൾ ലോകത്തിന്റെ സമീപനങ്ങളോടും ആപേക്ഷികമായ ചിന്താധാരകളോടും പൊരുത്തപ്പെട്ടു പോകുന്നവയല്ല. ഇന്ന് പരക്കെ സ്വീകരിക്കപ്പെടുന്നത് ആപേക്ഷികമായ വാദഗതികളും പ്രത്യയശാസ്ത്രങ്ങളുമാണ്. യേശു എന്ന സത്യം സനാതനമായ സുവിശേഷമാണ്. കുരിശുമരണ സമയത്ത് ചുറ്റുപാടും നടന്ന പ്രകൃതിയുടെ മാറ്റങ്ങൾ കണ്ട് യേശുവിന്റെ ദൈവത്വം പ്രഘോഷിക്കുന്ന ശതാധിപന്റെ നേർത്ത ശബ്ദം ലോകത്തിന്റെ ആപേക്ഷിക വാദങ്ങൾക്കും ഉപഭോഗ സംസ്ക്കാരത്തിനും സുഖലോലുപതയ്ക്കും മുകളിലാണ്. ഈ വലിയ നോമ്പ് കഴിയുമ്പോൾ അവന്റെ കുരിശിനരികിൽ നിന്നും ശൂന്യമായ കല്ലറ കണ്ട് നമുക്ക് പറയാൻ കഴിയണം 'അവൻ ഇവിടെയില്ല. അവൻ ഉയിർത്തെഴുന്നേറ്റു, അവൻ ജീവിക്കുന്ന ദൈവമാണ്!'

എല്ലാവർക്കും ഉയിർപ്പു പെരുന്നാളിന്റെ ആശംസകളും പ്രാർത്ഥനയും!



ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ.
bovasmathew@gmail.com 9447661943

www.malankaralibrary.com



# പിതൃമൊഴി



## ഉയിർത്തെഴുന്നേറ്റ നമ്മുടെ ദൈവം

ലോകത്തിനു മുഴുവൻ പ്രതീക്ഷയും പ്രത്യാശയും പകർന്നു കൊണ്ട് വീണ്ടും ഒരു ഉത്ഥാനത്തിരുന്നാൾ സമാഗതമാകുന്നു. പാപത്തിന്റെയും മരണത്തിന്റെയും മേൽ ആത്യന്തിക ജയം നേടിക്കൊണ്ട് ലോകത്തിനു മുന്നിൽ നിഷേധിക്കാനാവാത്ത സത്യമായി ക്രിസ്തു ഉയിർപ്പിക്കപ്പെട്ട ദിവസമായിരുന്നു അത്. കല്ലറയിങ്കൽ ദൈവദൂതൻ പറഞ്ഞ വാക്കുകളാണ് നാമിവിടെ ഓർക്കേണ്ടത്. 'ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു' (ലൂക്കാ 24:5). നാം വിശ്വസിക്കുന്നത് മരണപ്പെട്ടു പോയ ഒരു ദൈവത്തിലല്ല; മറിച്ച ഉയിർത്തെഴുന്നേറ്റ, ജീവിക്കുന്ന ദൈവത്തിലാണ്. കാലഹരണപ്പെട്ടു പോയ ഒരു കെട്ടുകഥയിലല്ല നാം വിശ്വസിക്കുന്നത്; മറിച്ച് ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനമായ (1 യോഹന്നാൻ 1:1) ക്രിസ്തുവിലാണ്.

ക്രിസ്തു ഉയിർത്തുവെന്നുള്ള സത്യം നമുക്കും ലോകത്തിനും നൽകുന്നത് വലിയ സമാധാനമാണ്. പാപത്തിൽ നിന്നും മരണത്തിൽ നിന്നും മോചനമില്ല എന്നു കരുതിയ അന്ധകാരത്തിലിരുന്ന ജനം വലിയ പ്രകാശം കണ്ട യാഥാർത്ഥ്യമാണ് നമ്മുടെ കർത്താവിന്റെ ഉത്ഥാനം. ഉത്ഥാനത്തിനു ശേഷം യേശു ശിഷ്യർക്കും ലോകത്തിനും നൽകുന്ന വലിയ സാന്ത്വനം 'നിങ്ങൾക്കു സമാധാനം' എന്നതാണ്. എന്നാൽ ക്രിസ്തു പാപത്തെയും മരണത്തേയും തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റ ശേഷം മാത്രമാണ് അപ്രകാരമൊരു ആശംസ ശിഷ്യർക്ക് നൽകുന്നത്. സാത്താനെ പരാജയപ്പെടുത്തിക്കഴിയുമ്പോഴാണ് ആ സമാധാനം ആശംസിക്കാനും അതു സ്വീകരിക്കാനും നാം അർഹരാകുന്നത്. ജീവിതത്തിൽ നിന്ന് പാപം ഒഴിവാക്കുമ്പോഴാണ് നമുക്ക് ആന്തരിക സമാധാനമുണ്ടാകുന്നത്. പാപത്തിൽ നിന്ന് വിശുദ്ധിയിലേക്കുള്ള വളർച്ചയാണ് നമ്മുടെ ഉയിർപ്പ്.

ഏവർക്കും ഉയിർപ്പുതിരുനാളിന്റെ അനുഗ്രഹങ്ങൾ ഞാൻ ഹൃദയപൂർവം നേരുന്നു.

നിങ്ങളുടെ പിതാവ്,

+Baselios cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com



അനുസ്മരണം



# മാർ ജോസഫ് പവ്വത്തിൽ
## വിശ്വസ്തനും വിവേകിയുമായ കാവൽക്കാരൻ

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

സുദീർഘമായ പൗരോഹിത്യ മേൽപ്പെട്ട ശുശ്രൂഷ വഴി ഭാരതസഭയ്ക്കും സീറോമലബാർ സഭയ്ക്ക് പ്രത്യേകിച്ചും ദിശാബോധം നൽകിയ മഹിതാചാര്യനായിരുന്നു കാലം ചെയ്ത ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ. ഉന്നതശീർഷനായ ഈ ആത്മീയാചാര്യന്റെ വിയോഗം ഭാരതസഭയ്ക്ക് തീരാനഷ്ടമാണ്. സഭയുടെ വിദ്യാഭ്യാസം, ആരാധനക്രമം, സഭൈക്യം, സഭാവിജ്ഞാനീയം തുടങ്ങിയ മേഖലകളിൽ അദ്ദേഹം എടുത്തിട്ടുള്ള നിലപാടുകളും ഉൾക്കാഴ്ചകളും സഭയ്ക്ക് പകർന്നു നൽകിയിട്ടുള്ള ഊർജ്ജവും ചെറുതല്ല. പൗരസ്ത്യസഭകളുടെ തനതായ വ്യക്തിത്വവും വിശാലമായ ഭാരത കത്തോലിക്കാ പ്രേഷിത ശുശ്രൂഷാമേഖലകളെ പൗരസ്ത്യസഭകൾക്ക് നിർവ്വഹിക്കാനുള്ള അജപാലന ദൗത്യത്തെക്കുറിച്ച് പൂർണ്ണമായ ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. സി.ബി.സി.ഐ പ്രസിഡന്റ് എന്ന നിലയിൽ ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തെ ഈ മിഷണറി ദർശനത്തിലൂടെ നയിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. സീറോ മലബാർ സഭയുടെ ആരാധനക്രമം സംബന്ധിച്ച കാര്യങ്ങളിൽ അദ്ദേഹം നടത്തിയിട്ടുള്ള ഗവേഷണ തല്പരതയോടെയുള്ള പഠനവും ആഴമായ ധ്യാനവും സഭയ്ക്ക് വ്യക്തമായ ദർശനം നൽകുവാൻ സഹായിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ ഇടപെടലുകളെക്കുറിച്ച് വലിയ അഭിമാനബോധം പകർന്നു നൽകുവാൻ അദ്ദേഹം എപ്പോഴും പരിശ്രമിച്ചിട്ടുണ്ട്. ഭരണഘടന നൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾക്കു വേണ്ടി അവസാനശ്വാസം വരെയും പോരാട്ടം നടത്തിയിട്ടുള്ള മാർ ജോസഫ് പവ്വത്തിലിനെ കേരള സഭയ്ക്ക് ഒരിക്കലും മറക്കാനാവില്ല. വിദ്യാഭ്യാസ, രാഷ്ട്രീയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളാൽ സഭയെയും സൂഹത്തെയും ഉത്തേജിപ്പിക്കുന്നതിന് പവ്വത്തിൽ പിതാവിന് കഴിഞ്ഞിട്ടുണ്ട്. കാലികമായി വന്നിരുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് ആവശ്യമായ ഉൾശക്തിയും, പ്രേരണയും, ആത്മീയശക്തിയും പ്രാർത്ഥനാപരമായ ജീവിതചര്യയിലൂടെ അദ്ദേഹം നേടിയിരുന്നു. ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡന്റ് എന്ന നിലയിൽ കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഇടയിലുള്ള ഐക്യവും സഹവർത്തിത്വവും പ്രോൽസാഹിപ്പിക്കുന്നതിന് അദ്ദേഹം എപ്പോഴും പരിശ്രമിച്ചിട്ടുണ്ട്.

അധ്യാപക നിയമനം, സ്വാശ്രയ വിദ്യാഭ്യാസ ബിൽ തുടങ്ങിയവ സംബന്ധിച്ച് മാർ പൗവ്വത്തിൽ നടത്തിയ നിരീക്ഷണങ്ങളെയും പോരാട്ടങ്ങളെയും കേരള സമൂഹം വളരെ അടുത്തുനിന്ന് മനസ്സിലാക്കി. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഭരണഘടന നൽകുന്ന വ്യവസ്ഥാപിതമായ അവകാശത്തിന്റെ ആനുകൂല്യത്തിൽ എയ്ഡഡ് സ്കൂളുകൾ നടത്തുന്നതിനും അവിടെ അധ്യാപക നിയമനം നടത്തുന്ന തിനുമുള്ള അധികാരങ്ങളെ ഹനിക്കുന്ന തരത്തിൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് ചില ശ്രമങ്ങൾ

www.malankaralibrary.com



നടത്തിയപ്പോൾ അതിനെ അദ്ദേഹം ശക്തിയുക്തം എതിർത്തു. വിദ്യാഭ്യാസ മേഖലയിൽ ക്രൈസ്തവ സമൂഹം നൽകിക്കൊണ്ടിരിക്കുന്ന സമാനതകളില്ലാത്ത സേവനത്തിന് സർക്കാർ നൽകുന്ന പ്രതിഫലം ഇത്തരം കടിഞ്ഞാണുകൾ ആണെന്ന് അദ്ദേഹം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തി. ആ പോരാട്ടമാണ് കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് ആകമാനം വലിയ ഊർജ്ജമായി തീർന്നത്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യം വന്നപ്പോഴും അദ്ദേഹം കർക്കശമായ നിലപാട് കൈക്കൊണ്ടു. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വോട്ടയിൽ കുറച്ച് സീറ്റുകൾ സംവരണം ചെയ്ത് അതിൽ ഉയർന്ന ഫീസ് വാങ്ങുകയും മെറിറ്റ് സീറ്റിൽ തുച്ഛമായ ഫീസ് നൽകി മറ്റു വിദ്യാർഥികൾ പഠിക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുന്ന നിയമനിർമാണത്തിന് ശ്രമം നടന്നപ്പോൾ അദ്ദേഹം ശക്തമായ നിലപാടാണ് സ്വീകരിച്ചത്. അന്ന് സംസ്ഥാനത്തെ മെഡിക്കൽ, എൻജിനീയറിങ് മേഖലയിലെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുന്നോട്ടു വച്ച ഫോർമുല സർക്കാറുകൾ മാറിമാറി വന്നിട്ടും ഇന്നും അതേപടി തുടരുകയാണ്. എല്ലാ സീറ്റിലും ഒരേ ഫീസും മെറിറ്റും നോക്കുന്ന തരത്തിൽ പിന്നീട് എല്ലാവരും സ്വീകരിക്കുന്നതും കണ്ടു. സംസ്ഥാനത്തെ രണ്ടു മുന്നണികളും ചേർന്ന് ഏകകണ്ഠമായി പാസാക്കിയ സ്വാശ്രയ വിദ്യാഭ്യാസ നിയമം സുപ്രീം കോടതി റദ്ദാക്കിയതും നമ്മുടെ കൺമുന്നിലുണ്ട്. ഇക്കാര്യത്തിൽ കേരളത്തിലെ ന്യൂനപക്ഷ സമൂഹത്തിന് മാർ പവ്വത്തിൽ നൽകിയ നേതൃത്വം അനിഷേധ്യമാണ്.

കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ ഇടയൻ എന്ന നിലയിൽ രൂപതയ്ക്ക് ശക്തമായ അടിത്തറ പാകുന്നതിന് അദ്ദേഹത്തിന് സാധിച്ചു. തുടർന്ന് ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി 35 വർഷത്തെ സ്തുത്യർഹവും ശ്രദ്ധേയവുമായ നേതൃത്വമാണ് അദ്ദേഹം നൽകിയത്. ഈ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി അതിരൂപത നേടിയ വളർച്ച എടുത്തുപറയേണ്ടതാണ്.

സഭയ്ക്ക് ആവശ്യമായതെല്ലാം കൊടുക്കാൻ ദൈവം ഭരമേൽപ്പിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനായിരുന്നു മാർ ജോസഫ് പവ്വത്തിൽ. ഈ സുവിശേഷ അടയാളമാണ് പിതാവിനെ സഭയിലും സമൂഹത്തിലും വ്യത്യസ്തനാക്കിയത്. വിശ്വസ്തനും വിവേകിയുമായി അദ്ദേഹം തനിക്ക് ഏൽപ്പിക്കപ്പെട്ട ജനത്തെ നയിച്ചു. സംഘർഷങ്ങളുടെയും വ്യത്യസ്തമായ ആശയതലങ്ങളുടെയും മധ്യേ മാർ പവ്വത്തിൽ ശബ്ദവും പ്രതീക്ഷയും മാർഗവുമായി. ദൈവം ഏല്പിച്ച വിളിയുടെ ആധികാരികതയിൽ നിന്നാണ് അദ്ദേഹം നമുക്കു മാർഗദർശനം നൽകിയത്. വിമർശനങ്ങൾക്കിടയിലും അക്ഷോഭ്യനും അചഞ്ചലനുമായി നിലകൊള്ളാൻ അദ്ദേഹത്തിനു സാധിച്ചത് ദൈവം ഏല്പിച്ച ശുശ്രൂഷയുടെ ഭാഗമായി നിന്നതു കൊണ്ടാണ്. ലാളിത്യത്തിന്റെ സുവിശേഷ മൂല്യം പഠിപ്പിച്ചാണ് അദ്ദേഹം വിടവാങ്ങിയത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയോടും കാലാകാലങ്ങളിൽ സഭയുടെ അദ്ധ്യക്ഷന്മാരോടും മറ്റുപിതാക്കന്മാരോടും അദ്ദേഹം പുലർത്തിയിട്ടുള്ള സുദൃഢമായ ബന്ധവും കരുതലും നന്ദിയോടെ അനുസ്മരിക്കുന്നു. വ്യക്തിപരമായി അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് എന്നോടും എന്റെ ശുശ്രൂഷകളോടും പുലർത്തിയിട്ടുള്ള സ്നേഹപൂർവ്വമായ ബന്ധവും പ്രോൽസാഹനവും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. സ്വാശയ മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന് അദ്ദേഹം നൽകിയ കൈത്താങ്ങ് കൃതജ്ഞതയോടെ സ്മരിക്കുന്നു. കേരള സഭാഗാത്രത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം അതുല്യമാണ്. പകരംവയ്ക്കാൻ കഴിയാത്തതരം ഉന്നതസ്ഥാനം സഭയിൽ അദ്ദേഹത്തിനു ലഭിച്ചത് നിരന്തരമായ പഠനത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതലാളിത്യത്തിന്റെയും ഫലമായിട്ടാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടേയും കേരള കത്തോലിക്കാസഭയുടേയും അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

www.malankaralibrary.com



കവർ സ്റ്റോറി



# കാൽവരിയുടെ നിഴലിൽ കുരുത്തോലയിലൊരു കുരിശ്



**റവ. ഫാ. ഗീവർഗ്ഗീസ് വലിയചാങ്ങവീട്ടിൽ**

ഇടവക ദേവാലയത്തിലെ ഓശാനത്തിരുനാളുകൾ മനസ്സിലെ നിറം മങ്ങാത്ത ഓർമ്മകളാണ്. പ്രത്യേകിച്ച് നാമൊക്കെ കുട്ടികളായിരിക്കുമ്പോൾ കുരുത്തോല പെരുന്നാൾ സന്തോഷപ്രദവും അനുഗ്രഹദായകവുമാണ്. വാഴ്ത്തിയ കുരുത്തോല കയ്യിൽ വാങ്ങുമ്പോൾ മനസ്സിൽ നിറയുന്ന സന്തോഷം. തിരികെ വീട്ടിലേക്കു പോകുമ്പോൾ കുസൃതിയെന്നവണ്ണം കുരുത്തോലയിൽ ഒരു കുരിശുണ്ടാക്കും. വീടിന്റെ സംരക്ഷണത്തിനായി പ്രാർത്ഥനാമുറിയിൽ അതു സൂക്ഷിക്കും.

യേശുവിന്റെ പീഡാസഹനങ്ങൾ അനുസ്മരിക്കുന്ന വിശുദ്ധവാരത്തിന് ആരംഭം കുറിക്കുന്നത് ഓശാനയാണ്. അങ്ങനെയെങ്കിൽ കാൽവരിയിലെ നിഴലായിരുന്നു കുരുത്തോലയിൽ അന്നുണ്ടാക്കിയ കുരിശ് എന്നും തിരിച്ചറിയുന്നു.

**പവിത്രമായ ഓർമ്മയാചരണം**

കൈകളിൽ കുരുത്തോലകളും മരച്ചില്ലകളും വഹിച്ച് ഹോസാന എന്ന് ആർത്തു പാടുന്ന ജനക്കൂട്ടം തങ്ങളുടെ കാതിൽ മുഴങ്ങുന്ന പ്രവാചക ശബ്ദത്തിന്റെ സാക്ഷാത്കാരമായാണ് യേശുവിന്റെ രാജകീയപ്രവേശനത്തെ മനസ്സിലാക്കിയത്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ യഥാർത്ഥ രക്ഷകനും വിമോചകനുമാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം തങ്ങളെ രക്ഷിക്കണമേയെന്ന് അപേക്ഷിക്കുകയുമാണ്. ദൈവം അനാദി മുതൽ വിഭാവനം ചെയ്ത രക്ഷാകര പദ്ധതിയുടെ സാക്ഷാത്കാരമാണ് പീഡാനുഭവവാരത്തിൽ നടക്കുന്നത്. ഓശാനനാളിലെ യേശുവിന്റെ ആഗമനം സഖറിയ പ്രവാചകൻ മുൻകൂട്ടി സൂചിപ്പിച്ചിട്ടുണ്ട്. വരാനിരിക്കുന്ന രാജാവിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "സീയോൻ പുത്രീ, അതിയായി സന്തോഷിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത് വരുന്നു" (സഖറിയ 9:9). ഇസ്രായേലിനെ അടിമത്വത്തിൽ നിന്നും മോചിപ്പിച്ച വൈദേശികാധിപത്യത്തിൽ അനുഭവിക്കേണ്ടി വന്ന അപമാനത്തിൽ നിന്നും ജീവിതസഹനങ്ങളിൽ നിന്നും തങ്ങളെ രക്ഷിക്കാൻ മിശിഹാ വരുമെന്ന് യഹൂദ ജനത വിശ്വസിച്ചിരുന്നു. രാജകീയ പ്രൗഢിയിൽ ശത്രുവിനെ തോൽപ്പിച്ച് അധികാരം പുനസ്ഥാപിക്കുമെന്ന സങ്കൽപ്പം.

യുഗങ്ങൾക്കു മുമ്പ് ദാനിയേൽ പ്രവാചകൻ ഉദ്ഘോ

www.malankaralibrary.com




ഷിച്ചതും ഇതുതന്നെയാണ്. രാജാവിനെപ്പോലെ വരുന്ന മനുഷ്യപുത്രനെയാണിവിടെ പരാമർശിക്കുന്നത്. 'ആധിപത്യവും രാജത്വവും മഹത്വവും അവനു നൽകി. അവന്റെ രാജത്വം അനശ്വരമാണ്' (ദാനിയേൽ 7:13-14). നീതിനിഷ്ഠനായ രാജാവിനെക്കുറിച്ച് ഏശയ്യാ പറയുന്നത് രക്ഷകന്റെ രാജത്വത്തെപ്പറ്റിയുള്ള വ്യക്തമായ സൂചനകളാണ് (ഏശയ്യാ 11). രക്ഷകനെ പരിചയപ്പെടുത്തുമ്പോൾ വ്യത്യസ്തമായ ചിന്താധാരയാണ് ഏശയ്യായിൽ നാം വീണ്ടും കാണുന്നത്. (ഏശയ്യാ 42, 49, 50). കർത്താവിന്റെ ദാസനായും സഹനദാസനായും രക്ഷകനെ അവതരിപ്പിക്കുന്നു. രക്ഷിക്കുന്ന രാജാവും സുഖപ്പെടുത്തുന്ന സഹനദാസനും എന്ന പരസ്പരവിരുദ്ധമായ ആശയങ്ങൾ രക്ഷകനെക്കുറിച്ചുള്ള യഹൂദരുടെ കാഴ്ചപ്പാടിനെ അവ്യക്തമാക്കി. എങ്കിലും ദൈവം നൽകിയ വാഗ്ദാനങ്ങളിൽ ഉറച്ചു നിന്ന ജനം രക്ഷകന്റെ വരവിനായി കാത്തിരുന്നു. പ്രവചന പൂർത്തീകരണം സാധ്യമാകാൻ ക്ഷമയോടെ നീണ്ടനാൾ പ്രതീക്ഷയോടെ ജീവിച്ചു.

**കർത്താവിന്റെ നാമത്തിൽ വരുന്നവൻ**

ജറുസലേമിൽ തിങ്ങിക്കൂടിയ ജനങ്ങളെല്ലാം യേശുവിനെ ശ്രദ്ധിക്കുന്നു. കഴുതപ്പുറത്ത് വരുന്ന രാജാവിനെകണ്ട് അവർ അത്ഭുതപ്പെട്ടു. എന്നാൽ കാതുകളിൽ മുഴങ്ങി നിന്ന പ്രവാചക ശബ്ദം യേശുവിനെ രക്ഷകനും രാജാവുമായി ഉൾക്കൊള്ളാൻ പ്രേരകമായി. അതുകൊണ്ടാണ് ഹല്ലേൽ സങ്കീർത്തനങ്ങൾ പാടി അവർ യേശുവിനെ എതിരേറ്റത്. കർത്താവ് നൽകിയ വിജയത്തിനും സംരക്ഷണത്തിനും നന്ദിപ്രകാശിപ്പിക്കുന്നതാണ് ഇത്തരം സങ്കീർത്തനങ്ങൾ. ദൈവപുത്രൻ മനുഷ്യ രക്ഷകനായി ജനിച്ചപ്പോൾ (ലൂക്കോസ് 2: 11) രക്ഷകനായുള്ള ജനത്തിന്റെ കാത്തിരിപ്പിന് ഉത്തരമായി. എന്നാൽ കാലിത്തൊഴുത്തിലെ ജനനവും യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും അവരുടെ പ്രതീക്ഷകൾക്കെതിരായിരുന്നു. ദൈവസ്നേഹവും മനുഷ്യസ്നേഹവും അലംഘനീയ കൽപ്പനകളായി നൽകി തന്റെ ജീവിതം അനേകർക്ക് മോചന ദ്രവ്യമായി അർപ്പിക്കാൻ ഉള്ളതാണെന്ന് യേശു സൂചിപ്പിച്ചു (മത്തായി 20: 28). സെബദി പുത്രന്മാർക്കുള്ള മറുപടിയാണെങ്കിലും തന്നെക്കുറിച്ചുള്ള ദൈവ പദ്ധതിയാണ് യേശു പറയുന്നത്. മത്തായിയുടെ വിവരണം അനുസരിച്ച് ഇതിനുശേഷമാണ് ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനംനടക്കുന്നത് (മത്തായി 21: 1-11). ശത്രുവിനെ പരാജയപ്പെടുത്തി വിജയിച്ചു വരുന്ന പൗരസ്ത്യ രാജകീയ സങ്കല്പത്തിൽ നിന്നും വ്യത്യസ്തമായ ദർശനമാണ് യേശുവിനുള്ളത്. കാരണം അതാണ് ദൈവഹിതം. അതുകൊണ്ടാണ് യേശു പറഞ്ഞത് ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് വന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാൻ ആണ് (യോഹന്നാൻ 6:38).

പ്രബോധനങ്ങൾ അത്ഭുതങ്ങളും യേശുവിനെ മറ്റ് യഹൂദ റബ്ബിമാരിൽ നിന്നും വ്യത്യസ്തനാക്കി. ആശയങ്ങളിലെ പുതുമയും പ്രവർത്തികളിലെ ആത്മാർത്ഥതയും അതിൻറെ വ്യക്തിത്വത്തിന് ഉടമയാക്കി. യേശുവിൽ ആകൃഷ്ടരായ അനേകം ആളുകൾ അവനെ രാജാവും രക്ഷകനുമായി



മനസ്സിൽ സ്വീകരിച്ചു. പരിപൂർണ്ണമായി പിതാവിന് വിധേയപ്പെട്ട ജീവിതമായിരുന്നു യേശുവിന്റേത്. മനുഷ്യരുടെ ആഗ്രഹങ്ങൾക്കും ഇഷ്ടങ്ങൾക്ക് അനുസരിച്ച് യേശു ജീവിച്ചിരുന്നെങ്കിൽ ഇന്നും വരാനുള്ള കാലത്തും യേശുവിന്റെ ജീവിതവും പ്രബോധനവും അപ്രസക്തവും അർത്ഥശൂന്യവും ആകുമായിരുന്നു. ദൈവഹിതം നിറവേറ്റാൻ നിരന്തരം ജാഗ്രത പുലർത്തിയത് കൊണ്ടാണ് അന്നത്തെ മത നേതൃത്വത്തിനും അധികാരികൾക്കും യേശു അഗ്രാഹ്യനായത്. എന്നാൽ ജനം അവനെ മനസ്സിലാക്കി ഏറ്റുപാടി, കർത്താവിന്റെ നാമത്തിൽ വരുന്നവൻ എന്ന്. യേശു പ്രഘോഷിച്ച സുവിശേഷത്തിന് തനിമയും ഹൃദ്യതയും സ്വീകാര്യതയും അസാധാരണമായത് അത് ദൈവപദ്ധതിയുടെ സാക്ഷാത്കാരമായതിനാലാണ്.

**കർത്താവിന്റെ ദാസൻ രക്ഷകനും രാജാവും**

പഴയ നിയമ പശ്ചാത്തലത്തിൽ ജെറുസലേം രാജകീയ പ്രവേശനത്തെ വിശകലനം ചെയ്യുമ്പോൾ പ്രവചനങ്ങളിൽ കാണുന്ന രക്ഷിക്കുന്ന രാജാവും സൗഖ്യപ്പെടുത്തുന്ന സഹനദാസനും യേശുതന്നെയാണെന്ന് മനസ്സിലാകും. ജനക്കൂട്ടം ഇത് നിസ്സംശയം ഉദ്ഘോഷിക്കുകയാണ് ഇവിടെ. സമവീക്ഷണ സുവിശേഷങ്ങളിൽ മുമ്പ് നടന്ന സംഭവമായി രാജകീയ പ്രവേശനം പറയുമ്പോൾ പെസഹായ്ക്ക് ആറു ദിവസം മുമ്പ് നടന്ന സംഭവമായി വിശുദ്ധ യോഹന്നാൻ അത് വിവരിക്കുന്നു (12). അതുപോലെ മൂന്ന് സുവിശേഷകരും യേശുവിന്റെ നിർദ്ദേശ പ്രകാരം ശിഷ്യന്മാർ ഓശാനയ്ക്ക് ഒരുക്കങ്ങൾ ചെയ്യുന്നതായി പറയുമ്പോൾ ജനക്കൂട്ടം തന്നെ അതിന് നേതൃത്വം ഏറ്റെടുത്തു എന്ന് യോഹന്നാൻ വിവരിക്കുന്നു. രേഖപ്പെടുത്തലിൽ വ്യത്യസ്തതകൾ ഉണ്ടെങ്കിലും പ്രവാചക സന്ദേശങ്ങൾക്കും പഴയ നിയമസംഭവങ്ങൾക്കും രാജകീയ പ്രവേശന നാളിൽ സംഭവിച്ചവയോടുള്ള ബന്ധം എല്ലാ സുവിശേഷകരും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു. വാഗ്ദാനം ചെയ്ത രക്ഷകൻ താനാണെന്നും പ്രവചനപൂർത്തീകരണ

www.malankaralibrary.com





മാണ് സംഭവിച്ചതെന്നും (സെഫാനിയ 3:14-19) ഓർമിപ്പിക്കുന്നു.

സ്വാർത്ഥതയിൽ നിരർത്ഥകമായ ദൈവസങ്കൽപങ്ങൾ വർദ്ധിക്കുന്ന ഇക്കാലത്ത് കഴുതപ്പുറത്ത് യേശു രാജാവായി തിരുനാളിന് വന്നത് നമുക്കെല്ലാവർക്കും വെല്ലുവിളിയാണ്. സോളമനെ രാജാവായി അവരോധിക്കുന്നതിന് ദാവീദ് രാജാവിന്റെ കോവർ കഴുതയുടെ പുറത്തിരുത്തി ഗീഹോനിലേക്കു കൊണ്ടുപോയതായി (1 രാജാക്കന്മാർ 1:38-41) പറയുന്നു. ഇവിടെ യേശുവും രാജാവായി കഴുതപ്പുറത്താണ് വരുന്നത്. നിശ്ചയദാർഢ്യത്തോടെ, ശക്തി പ്രകടനമോ സമ്പൽസമൃദ്ധിയോ ഇല്ലാതെ വിനീതനായി കഴുതപ്പുറത്ത് യേശു വരുമ്പോൾ തനിക്ക് ജയ് വിളിച്ചവരെ എല്ലാം യേശു നന്നായി മനസ്സിലാക്കിയിരുന്നു. കാൽവരിയിൽ മുഴങ്ങാൻ പോകുന്ന ദീനരോദനങ്ങൾ മനസ്സിൽ ഓർത്തുവച്ച് യേശുജനത്തിന്റെ ആരവങ്ങളിൽ പങ്കെടുക്കുന്നു. അപ്പോഴും യേശുവിന്റെ ദൃഷ്ടി കാൽവരിയിൽ ഉയരുന്ന കുരിശിൽ ആയിരുന്നു. കാരണം യഥാർത്ഥ വിമോചനം സാധ്യമാകുന്നത് കുരിശുമരണത്തിലൂടെയാണെന്ന് യേശുവിന് അറിയാമായിരുന്നു.


ഓശാനനാളിലെ ആഹ്ലാദങ്ങൾ അവസാനിപ്പിച്ച് ധ്യാനാത്മക ജീവിതത്തിലേക്ക് കടക്കുകയാണ് വിശുദ്ധവാരത്തിൽ. നിർമ്മല മനസ്സോടെയും ഹൃദയ വിശുദ്ധിയോടെയും കുരിശിനെ അനുധാവനംചെയ്യാനുള്ള ഒരുക്കം. അതുകൊണ്ടാണ് യേശു ദേവാലയം ശുദ്ധീകരിക്കുന്ന സംഭവം ഇതിനോട് ചേർത്തുവയ്ക്കുന്നത്. എല്ലാത്തരത്തിലുള്ള അശുദ്ധിയും കച്ചവട മനോഭാവങ്ങളും ഇല്ലാതാകണം. എങ്കിലേ പീഡാസഹനങ്ങളിലെ പങ്കുചേരൽ രക്ഷാകരവും അനുഗ്രഹപ്രദവും ആവുകയുള്ളൂ. മാനുഷിക ശക്തിപ്രകടനങ്ങളിലൂടെ ദൈവത്തിന്റെ രക്ഷയെ സംലഭ്യം ആക്കുന്നതല്ല തന്റെ നിയോഗമെന്ന് യേശുവിന് അറിയാമായിരുന്നു. താൻ തിരഞ്ഞെടുത്ത എളിമയുടെ മാർഗം ദൈവത്തിന്റെ മാർഗ്ഗമാണെന്ന് യേശു വെളിവാക്കി. ജനനം മുതൽ യേശു നടന്ന വഴിയാണിത്. പീഡാനുഭവവാരത്തിലെ നമ്മുടെ ജീവിതവും പ്രാർത്ഥനകളും ദൈവത്തിന്റെ ഈ വഴിയിലൂടെയുള്ള യാത്രയാകണം.

നാം ചെയ്യേണ്ടത് ദൈവഹിതം ആകണം. ഞാനെന്ന ഭാവത്തിൽ തീർക്കുന്ന സിംഹാസനങ്ങളിൽ രാജാവായി വാഴാനുള്ള സമയമല്ലിത്. കുരിശിന്റെ ലക്ഷ്യമാക്കിയുള്ള ഈ യാത്രയ്ക്ക് നമുക്കും ദൈവത്തിന്റെ വഴി തെരഞ്ഞെടുക്കാം കാൽവരിക്കപ്പുറം നാം കാണുന്നത് ശൂന്യമായ കല്ലറയാണ്. പീഡാനുഭവങ്ങൾക്ക് അപ്പുറം ഉത്ഥാനത്തിന്റെ ദിവ്യാനുഭവം പ്രദാനം ചെയ്യുന്ന യാത്രയിൽ ധൈര്യത്തോടും ഉറച്ച ബോധ്യത്തോടും നമുക്കും പോകാം യേശുവിന്റെ കൂടെ. നമ്മുടെ രക്ഷകനും രാജാവുമായി അവനെ ഹൃദയത്തിൽ സ്വീകരിക്കാം.

www.malankaralibrary.com



കവർ സ്റ്റോറി





# പെസഹാ അന്നും ഇന്നും

റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

ബൈബിളിലെ വളരെ പ്രധാനപ്പെട്ട ആശയങ്ങളിലൊന്നാണ് പെസഹായെന്നത്. ഈ ആശയത്തിന്റെ ചരിത്രത്തിലൂടെയുള്ള പുഷ്പിക്കലാണ് രക്ഷാകരചരിത്രം. ഇത് എവിടെ തുടങ്ങിയെന്ന് പറയാൻ പ്രയാസം. മനുഷ്യചരിത്രത്തിന്റെ തന്നെ ആരംഭത്തിൽ എന്നു പറയുകയാണുചിതം. എവിടെ അവസാനിക്കുന്നുവെന്നതും അജ്ഞാതമാണ്. പ്രത്യാശയുടെ അനന്തമായ അപാരത വരെ അതു ദീർഘിക്കുന്നു. പെസഹായും രക്ഷാകരചരിത്രവും ഒന്നുതന്നെയെന്നു പറഞ്ഞാലും തെറ്റാകുകയില്ല. കാരണം പെസഹായുടെ വിവിധ ഘട്ടങ്ങളായാണ് യഹൂദർ രക്ഷയെ കണ്ടത്. അതുപോലെ തന്നെയാണ് ക്രിസ്തീയ സഭയും മനുഷ്യകഥയുടെ ഘട്ടങ്ങളെയും ലക്ഷ്യത്തെയും പരസ്പരം കൂട്ടിയിണക്കി മനസ്സിലാക്കുന്നത്.

**പഴയനിയമത്തിൽ**

യഹൂദജനതയുടെ ചരിത്രത്തിൽ ഒരു സുപ്രധാനമായ പെസഹായുണ്ട്. അത് ഈജിപ്തിൽനിന്നുള്ള അവരുടെ മോചനവുമായി ബന്ധിച്ച് ഒരു ചരിത്രഭാവം നല്കിയിരിക്കുന്നു. അതിൻപ്രകാരം, ഈജിപ്തിൽനിന്ന് അവർ മോചിതരായ സംഭവം പെസഹായാണ്–കടന്നുപോകലാണ്, അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കടന്നുപോകലാണ്. ഈ ചരിത്രപരമായ മാറ്റത്തെ ആരാധനാരൂപത്തിൽ അവർ ആചരിച്ചു, അന്നത്തെ അത്താഴത്തിൽ, അതും പെസഹായെന്ന് അറിയപ്പെടുന്നു.

എന്നാൽ പെസഹായുടെ ആരംഭം എവിടെയാണോ? ആകാൻ സാധ്യതയില്ല. ആ പദത്തിന്റെ അർത്ഥംതന്നെ ഈജിപ്തിൽനിന്നുള്ള കടന്നുപോകലിന് അപ്പുറത്തേക്കാണ് വിരൽ ചൂണ്ടുന്നത്. പെസഹായെന്ന പദം 'പാസഹ്' എന്ന എബ്രായ ക്രിയയിൽനിന്ന് വന്നതാകാനാണ് സാധ്യത. ആ പദത്തിനു ചാടുക, മുടന്തുക എന്നൊക്കെയാണ് അർത്ഥം. ഈ പദം ആട്ടിടയന്മാരുടെ ഇടയിൽ നിലനിന്നിരുന്ന ഒരു മതപരമായ കർമ്മത്തെ കുറിക്കുന്നു. യഹൂദരുടെ പൂർവ്വികർ ആട്ടിടയന്മാരായിരുന്നല്ലോ. മെസപ്പൊട്ടേമിയായിലെ ഊറിൽനിന്ന് തിരിച്ച് ഹാകനിലൂടെ കാനാൻദേശത്ത് എത്തിയ ദേശാടനം തന്നെ അവർ ആട്ടിടയന്മാരായിരുന്നുവെന്ന് സൂചിപ്പിക്കുന്നുണ്ട്. ആട്ടിടയന്മാർക്ക് സ്വന്തമായി വസ്തുവും സ്ഥിരമായ വാസവും ഇല്ലല്ലോ. ആടുകളെ മേയ്ക്കാൻ കൊള്ളാവുന്ന സ്ഥലമെല്ലാം അവർക്ക് വാസയോഗ്യമായ സ്ഥലമാണ്. സ്വന്തമായി കൃഷിയും കൃഷിയിടവും ഇല്ലാത്തതുകൊണ്ട് ഏതെങ്കിലും സ്ഥലം വിട്ടുപോകാനും അവർക്ക് പ്രയാസമില്ലായിരുന്നു. യഹൂദരുടെ പൂർവ്വപിതാവായ അബ്രഹാമിന്റെ

www.malankaralibrary.com



സ്വത്തുക്കളെപ്പറ്റി ബൈബിൾ പറയുന്നത് ഇങ്ങനെയാണ്: "അബ്രാമിനു ധാരാളം കന്നുകാലികളും സ്വർണ്ണവും വെള്ളിയും ഉണ്ടായിരുന്നു" (ഉത്പ. 13:2). ഭൂസ്വത്തിനെപ്പറ്റി ഒന്നും പറയുന്നില്ല. ആട്ടിടയനായതുകൊണ്ട് കാനാൻ ദേശത്ത് എത്തിയശേഷവും അബ്രഹാം എങ്ങും സ്ഥിരമായി താമസിക്കാതെ നാടുമുഴുവൻ യാത്ര ചെയ്യുകയാണ് (ഉത്പ. 12: 4-9). ആടുമാടുകൾക്ക് ആവശ്യമുള്ള പുല്ലുള്ള സ്ഥലങ്ങളിൽ കൂടാരമടിച്ചു താമസിക്കുകയും അവിടെ പുല്ലു കുറയുമ്പോൾ അവിടംവിട്ടു മറ്റൊരു സ്ഥലത്തേയ്ക്ക് പോകുകയും ആട്ടിടയന്മാർക്ക് സ്വാഭാവികമാണ്. കാനാൻ ദേശത്തിലൂടെ യാത്ര ചെയ്തു നെഗെബിലേയ്ക്ക് തിരിച്ചുവെന്ന് പറയുന്നതിന്റെ (ഉത്പ. 12:9) അർത്ഥമതാണ്. അബ്രഹാം എങ്ങും സ്ഥിരമായി താമസിക്കുന്നില്ല. എങ്ങും സ്വന്തമായി സ്ഥലം സ്വന്തമാക്കുന്നില്ല. കാനാനിൽ എത്തിയ അബ്രഹാം ആദ്യമായി തനിക്കുവേണ്ടി ഒരു സ്ഥലം സ്വന്തമാക്കുന്നത്. മക്പെലായിലാണ് (ഉത്പ. 23:17), അതും വലിയ വിലകൊടുത്ത് (ഉത്പ. 23:16). അത് കൃഷിഭൂമിയില്ലായിരുന്നു, ശ്മശാനഭൂമിയായിരുന്നു. ചുരുക്കത്തിൽ അബ്രഹാം കാനാൻദേശത്തു വരുന്നതിനുമുമ്പും വന്ന ശേഷവും ഒരു ഇടയനായി ജീവിച്ചു. ഇസഹാക്കിന്റെയും യാക്കോബിന്റെയും സ്ഥിതിയും വ്യത്യസ്തമല്ലായിരുന്നു. ഇടയന്മാരായിരുന്നതിനാൽ ഇടയന്മാരുടെ വിശ്വാസങ്ങളും ആചാരങ്ങളും അവർ സ്വായത്തമാക്കിയിരുന്നുവെന്ന് വ്യക്തമാണല്ലോ. പെസഹാ ആചരണം ഇടയന്മാരുടെ ജീവിതവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. വനത്തിൽ ആടുമാടുകളെ മേയിച്ച് കഴിഞ്ഞശേഷം പുല്ല് ഇല്ലാതാകുമ്പോൾ അവിടെ നിന്ന് പുറപ്പെടുന്ന ഇടയന്മാർ ചെയ്തിരുന്ന ഒരു ആചാരമാണിത്. വനദേവതകളെ പ്രീതിപ്പെടുത്തി തങ്ങൾ പോകുന്ന സ്ഥലങ്ങളിൽനിന്ന് വനദേവതകളുടെ ഉപദ്രവം അകറ്റാൻവേണ്ടി ചെയ്തിരുന്ന കർമ്മമാണിത്. പിരിഞ്ഞു പോകുന്ന രാത്രിയിൽ മൃഗങ്ങളെ കൊന്ന് വനദേവതകൾക്ക് രക്തം നല്കുകയും അവയെ പ്രസാദിപ്പിക്കാൻ രാത്രിമുഴുവൻ വന്യനൃത്തമാടുകയും ചെയ്തിരുന്നു. ഈ നൃത്തത്തിന്റെ പേരാണ് പെസഹായെന്നത്. ഇങ്ങനെ ഇടയ ജീവിതത്തിലാണ് പെസഹായുടെ ഉത്പത്തി. ഈജിപ്തിൽ യഹൂദർ അടിമകളായിരുന്നു, സംസ്കാരത്തിൽ കുറഞ്ഞവരും. എന്നാൽ ഈജ്പ്തിലെ ജനങ്ങൾ സംസ്കാരസമ്പന്നരായിരുന്നു. ഈജിപ്തിൽ യഹൂദർക്ക് തങ്ങളുടെ പാരമ്പര്യത്തിന്റെ ഭാഗമായിരുന്ന പെസഹാ ആചരിക്കാൻ കഴിഞ്ഞിരുന്നില്ല എന്നുവേണം ചിന്തിക്കാൻ. അവർ ആഗ്രഹിച്ച മോചനം വെറും ബാഹ്യവും രാഷ്ട്രീയവും ഭൗതികവുമായിരുന്നില്ല. നൂറ്റാണ്ടുകളായി തങ്ങൾ പാലിച്ചു വന്ന മതപരവും സംസ്ക്കാരികവുമായി പാരമ്പര്യത്തിലേയ്ക്കുള്ള തിരിച്ചുപോകലായിരുന്നു. അതുകൊണ്ടാകണം വിമോചനം സിദ്ധിച്ച ആ രാത്രിയിൽ ഗൃഹാതുരതയോടെ അവർ പെസഹാ ആചരിച്ചത്. നൂറ്റാണ്ടുകളായി വനത്തോടും വനദേവതകളോടുമുള്ള യാത്രാമൊഴിയായി ആചരിച്ചുവന്ന കർമ്മത്തിനു അവർ പുതിയ വ്യാഖ്യാനം കൊടുത്തു. അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ അടയാളവും സ്ഥിരീകരണവുമെന്ന വ്യാഖ്യാനം.



ആ ആദ്യപെസഹായ്ക്ക് ശേഷം ഈ കർമ്മത്തിന് വീണ്ടും പുതിയ വ്യാഖ്യാനങ്ങൾ ഇസ്രായേലിന്റെ ചരിത്രത്തിലൂടെ കൈവന്നു. അതിലൊരു വ്യാഖ്യാനമാണ് ജോഷ്വാ 5:10-11 ൽ കാണുന്നത്. ജോഷ്വായുടെ നേതൃത്വത്തിൽ കാനാനിൽ പ്രവേശിച്ച ജനം പെസഹാ ആചരിക്കുന്നു. ഇവിടെ പെസഹായുടെ അർത്ഥം കടന്നുപോകൽ എന്നല്ല ചെന്നെത്തൽ എന്നാണ്. പല കാരണങ്ങളാൽ കരഭൂമിയിലൂടെയുള്ള യാത്ര നീണ്ടുപോയെങ്കിലും അവസാനമായി ലക്ഷ്യത്തിൽ എത്തിയതിന്റെ സന്തോഷമാണ് ഈ പെസഹാ ആചരണത്തിൽ പ്രകടമാകുന്നത്.

പിന്നീട് ന്യായാധിപന്മാരുടെയും രാജാക്കന്മാരുടെയും കാലത്ത് പെസഹാ ആചരണം ഉണ്ടായിരുന്നോ? ഈ കാലഘട്ടത്തിലെ ചരിത്രം അവ്യക്തതയിൽ ആണ്ടുകിടക്കുന്നു. എങ്കിലും പെസഹാ ആചരണം നിന്നുപോയി എന്നു വിചാരിക്കാൻ മതിയായ തെളിവുകളില്ല. 2 രാജാ. 23:22-ൽ ഇങ്ങനെയൊരു വാക്യമുണ്ട്: "ഇസ്രായേലിൽ ന്യായപാലനം ചെയ്ത ന്യായാധിപന്മാരുടെയോ ഇസ്രായേലിലെയും യൂദായിലെയും രാജാക്കന്മാരുടെയോ കാലത്ത് പെസഹാ ആചരിച്ചിരുന്നില്ല". എന്നാൽ ഈ വാക്യം മുഖവിലയ്ക്ക് എടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ജോസിയാ രാജാവ് ഏർപ്പെടുത്തിയ നവീകരണത്തെ ഉയർത്തിക്കാട്ടാൻ ചെയ്യുന്ന പരിശ്രമത്തിന്റെ ഫലമായി അതിനു മുമ്പുള്ള കാലത്തെ തമസ്ക്കരിക്കുന്നതാകാൻ സാധ്യതയുണ്ട്. എങ്കിലും പെസഹായ്ക്ക് ഒരു പുതിയ വ്യാഖ്യാനം സിദ്ധിക്കുന്നു. ഇപ്പോൾ പെസഹാ കഴിഞ്ഞ കാലത്തിന്റെ ഓർമ്മയാണ്. ഈജിപ്തിൽനിന്നുള്ള വിമോചനത്തിന്റെ ഓർമ്മയും മോചിപ്പിച്ച ദൈവത്തിന് അർപ്പിക്കുന്ന കൃതജ്ഞതയും ആ

www.malankaralibrary.com



ദൈവത്തോടുള്ള വിശ്വസ്തതയുടെ തീരുമാനവുമായി മാറുന്നു. ജോസിയായ്ക്കു ശേഷം പെസഹാകുഞ്ഞാടിനെ കൊല്ലുന്നത് ഒരു ബലിയുടെ രൂപവും ഭാവവും സ്വീകരിച്ചു. ഓരോ വീടുകളോടു ചേർന്നു നടന്നിരുന്ന കർമ്മം ജറുസലേം ദേവാലയത്തിലേക്കു മാറ്റി. വീടുകളുടെ കട്ടിളപ്പടികളിൽ രക്തം തളിക്കുകയെന്ന ആചാരം ദേവാലയത്തിലെ ബലിപീഠത്തിന്റെ കോണുകളിൽ രക്തം തളിക്കുകയെന്ന പുതിയ ആചാരത്തിനു വഴിമാറികൊടുത്തു. ജോസിയായുടെ കാലം മുതൽ എ.ഡി. 70–ൽ നടന്ന ദേവാലയത്തിന്റെ വിഭാഗം വരെ ഏതാണ്ട് ഒരേ തരത്തിലും അർത്ഥത്തിലുമാണ് പെസഹാ ആചരിക്കപ്പെട്ടിരുന്നതെന്ന് ചിന്തിക്കാൻ ന്യായമുണ്ട്. അത് ഒരു അനുസ്മരണവും ഭാവിയിലേയ്ക്കുള്ള തീരുമാനവുമെന്ന പുതിയ അർത്ഥത്തിൽ ആചരിച്ചുവന്നു.

**പുതിയ നിയമത്തിൽ**

പുതിയ നിയമത്തിൽ പെസഹായുടെ അർത്ഥമെന്തെന്ന് വ്യക്തമല്ല. എങ്കിലും ഒന്നു വ്യക്തമാണ്. അത് യേശുവിന്റെ ജീവിതാന്ത്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ സുവിശേഷങ്ങളിലും യേശു ശിഷ്യന്മാരോടൊപ്പം ആചരിക്കുന്ന ഏറ്റവും അവസാനത്തെ കർമ്മമാണ്. മരണത്തിന് തൊട്ടുമുൻപുള്ള പെസഹാ ആചരണം. അതിനാൽ അത് അന്ത്യഅത്താഴം എന്ന് ക്രൈസ്തവ പാരമ്പര്യത്തിൽ അറിയപ്പെടുന്നു. യേശുവിന്റെ ഈ ലോക ജീവിതത്തിന്റെ അന്ത്യവും പെസഹാ ആചരണവും തമ്മിൽ യോജിപ്പിക്കുന്നതിൽ യോഹന്നാനാണ് മറ്റു സുവിശേഷകന്മാരെക്കാൾ മുന്നിൽ നില്ക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെയാണ്:

ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേയ്ക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു... പിതാവു സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നുവെന്നും താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിലേയ്ക്കു പോകുകയും ചെയ്യുന്നുവെന്നും യേശു അറിഞ്ഞു (യോഹ. 13:1–3).

പെസഹായെപ്പറ്റിയുള്ള പുതിയനിയമ വ്യാഖ്യാനമാണ് ഇവിടെയുള്ളത്. ഇവിടെ രണ്ടു പ്രധാന ആശയങ്ങളാണ് സുവിശേഷകൻ പഠിപ്പിക്കാനാഗ്രഹിക്കുന്നത്. ഒന്നാമതായി പെസഹായ്ക്ക് ഒരു പുതിയ വ്യാഖ്യാനം നല്കുന്നു. പൂർവ്വചരിത്രത്തിലൂടെയും യഹൂദരുടെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിലൂടെ സിദ്ധിച്ച അർത്ഥമെല്ലാം യേശുവിന്റെ ജീവിതത്തിൽ പൂർത്തീകരണത്തിലെത്തുന്നു. പിതാവിന്റെ സന്നിധിയിലേയ്ക്കുള്ള കടന്നുപോകലിന്റെ ആരാധനാപരമായ കർമ്മമാണ് പുതിയ നിയമത്തിലെ പെസഹാ. ചരിത്രത്തിന്റെ പ്രധാന ഘട്ടങ്ങളിൽ പെസഹായ്ക്കു ലഭിച്ച അർത്ഥപാരമ്പര്യങ്ങൾ യേശുവിന്റെ കടന്നുപോകലിൽ പൂർത്തിയാകുന്നു. യേശുവിന്റെ കടന്നുപോകലിന്റെ മുൻകുറിയെന്നും സാദൃശ്യമെന്നുമുള്ള അർത്ഥമോ അവയ്ക്കെല്ലാമുള്ളൂ. യേശുവിന്റെ കടന്നുപോകലാണ് പെസഹാചരിത്രത്തിന്റെ പൂർത്തീകരണം. യേശുവിന്റെ കടന്നുപോകൽ തന്നെയും ഒരു തിരിച്ചുപോകലാണ്, പിതാവിന്റെ സന്നിധിയിൽനിന്നു വന്നവൻ പിതാവിന്റെ സന്നിധിയിലേയ്ക്കു തന്നെ തിരിയെപോകുന്നു. എങ്ങനെയാണ് പിതാവിന്റെ സന്നിധിയിലേയ്ക്കു പോകുന്നത്.



അതാണ് ഈ വാക്യങ്ങളുടെ രണ്ടാമത്തെ അർത്ഥം. തനിക്കുള്ളവരെ അവസാനംവരെ സ്നേഹിച്ചിട്ട് എന്താണിതിന്റെ അർത്ഥം? ഇവിടെയും ഒരു വ്യാഖ്യാനമാണുള്ളത്. യേശുവിന്റെ ജീവിതത്തെ മുഴുവൻ സ്നേഹിക്കുകയെന്ന ക്രിയയിൽ ഒതുക്കാമെന്നാണ് സുവിശേഷകൻ പറയുന്നത്. യേശു സംസാരിച്ചതും പ്രവർത്തിച്ചതും പരിഹാസമേറ്റതും കുരിശിൽ പീഡയനുഭവിച്ചതും മരിച്ചതുമുൾപ്പെടെയുള്ള എല്ലാ ക്രിയകളും ഒരേ ഒരു ക്രിയയുടെ വിവിധ രൂപങ്ങൾ മാത്രമായിരുന്നുവെന്നർത്ഥം. ഇതിന്റെ സൂചന 1:18–ൽ യോഹന്നാൻ നല്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ 1:18 ഉം 13:1–ഉം തമ്മിൽ ചേർത്ത് ഒരു ഏകകം രൂപപ്പെടുത്തിയിരിക്കുകയാണ്. ആരാണ് യേശുവെന്നാണ് 1:18–ൽ പറയുന്നത്. പിതാവിന്റെ മാറിൽ ചാരി കിടന്ന് പിതാവിന്റെ സ്നേഹം നേരിട്ട് അനുഭവിച്ചറിഞ്ഞവനാണ് യേശു. ആ അനുഭവം ജനങ്ങൾക്കു പകർന്നുകൊടുത്തുവെന്നും 1:18–ൽ പറയുന്നുണ്ട്. ഈ വാക്യത്തിന്റെ വിശദീകരണമാണ് സുവിശേഷം മുഴുവൻ. എങ്ങനെ യേശു പിതാവിൽ നിന്ന് അനുഭവിച്ചറിഞ്ഞ സ്നേഹം ജനങ്ങൾക്കു പകർന്നുകൊടുത്തുവെന്ന വിശദീകരണമാണ് സുവിശേഷത്തിലുടനീളം വിവരിച്ചിരിക്കുന്നത്. ആ വിവരണങ്ങളുടെ ഉപസംഹാരമാണ് 13:1– അവിടുന്നു അവസാനംവരെ തനിക്കുള്ളവരെ സ്നേഹിക്കുകയായിരുന്നു.

ഉപസംഹാരം:– പെസഹായെന്നാൽ യേശുവിന്റെ സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ്. യേശു സ്നേഹിച്ചു കടന്നുപോയി. യേശുവിൽനിന്ന് ലഭിച്ച സ്നേഹം സഭയ്ക്കു കൈമുതലായി ലഭിച്ചിരിക്കുന്നു. സ്നേഹം പങ്കുവയ്ക്കുന്നതുവഴി സഭ പെസഹാ ആചരിക്കുന്നു. കർമ്മപ്രധാനമായ പെസഹാ ആചരണത്തിൽനിന്ന് ഭാവപ്രധാനമായ പെസഹായിലേയ്ക്ക് ചരിത്രം വഴിമാറുന്നു. അതാണ് പെസഹായുടെ ആത്യന്തിക വ്യാഖ്യാനം.

www.malankaralibrary.com



കവർ സ്റ്റോറി



# ഞാൻ ജീവിച്ചിരിക്കണം എന്ന് സ്വർഗ്ഗത്തിന് എന്തോ നിർബന്ധമുള്ളത് പോലെ



റവ. ഫാ. റോബിൻ മനയ്ക്കലേത്ത്

ചില അനുഭവങ്ങൾ അങ്ങനെയാണ്; ഉള്ളിലുള്ളത് മുഴുവൻ വിവരിക്കുവാൻ ചിലപ്പോൾ വാക്കുകൾ മതിയാവാതെ വരും. ജീവൻ വാരിപ്പിടിച്ചുള്ള ഓട്ടം. ശൂന്യതയ്ക്ക് അർത്ഥം കണ്ട നാളുകൾ. ഇനിയും കടം ബാക്കിയുള്ള അനേകരുടെ പ്രാർത്ഥനകൾ. ശരീരബലവും കരുതും ചോർന്ന് തുടങ്ങിയപ്പോഴും, ലോകസഭയുടെയും സ്നേഹിതരുടെ ഹൃദയമിടുപ്പ്. ഞാൻ ഇതൊക്കെ എങ്ങനെ എഴുതി തീർക്കും. കാർമേഘാവൃതമായ ആ നാളുകൾ വീണ്ടും ഓർക്കാനും നാം ഇഷ്ടപ്പെടാറില്ലല്ലോ. പക്ഷേ ദൈവാശ്രയത്തോടെ നടന്ന വേദനയുടെ വഴികളെ തിരിഞ്ഞുനോക്കുമ്പോൾ തമ്പുരാന്റെ സ്നേഹം വിരിയുന്നത് കാണാം.

'നൂറു വയസ്സായ തന്റെ ശരീരം മൃതപ്രായമായിരിക്കുന്നു എന്നും, സാറായുടെ ഉദരം വന്ധ്യമാണെന്ന് അറിയാമായിരുന്നിട്ടും, അവന്റെ വിശ്വാസം ദുർബലമായില്ല. വിശ്വാസം ഇല്ലാത്തവനെ പോലെ ദൈവത്തിന്റെ വാഗ്ദാനത്തിന് എതിരായി അവൻ ചിന്തിച്ചില്ല. മറിച്ച് ദൈവത്തെ മഹത്വപ്പെടുത്തി കൊണ്ട് ശക്തിപ്രാപിച്ചു' (റോമ: 4/1920).

### തിരുമുറിവിൽ നിന്നും കൃപ

ഈശോയുടെ പീഡാനുഭവങ്ങളെ ധ്യാനിക്കുകയും, അതിലൂടെ കുരിശിന്റെ മാർവ്വിൽ നമ്മെ പ്രതിഷ്ഠിക്കുകയും ചെയ്യാം. കൃംതൃാകാലത്തെ സന്ധ്യാപ്രാർത്ഥനയിൽ നാം പാടാറുണ്ടല്ലോ.

'നിൻ മുറിവുകളീനോറ്റാൻ മൂറോൻ മന്നന്റെ നാഥാ
നിൻ മാർവ്വു തുറന്നു രക്തം വാർന്നും കണ്ടേൽ ഞാൻ
കുരിശാലടിയാരെ കാക്കും, നാഥനായ് സ്തോത്രം'

ഈശോയുടെ തിരുമുറിവുകളിൽ ഒളിഞ്ഞിരിക്കുന്ന കൃപയാണീ ഗീതത്തിൽ ആലപിക്കുന്നത്. പീഡാനുഭവങ്ങളിൽ നിന്നും നൊമ്പരങ്ങൾ നിന്നുമൊക്കെ ഒഴിഞ്ഞു മാറാനും, ചിലപ്പോൾ ഒഴിവാക്കാനും ശ്രമിക്കുന്ന നമുക്ക് ഈ കൃപയെ ധ്യാനിക്കാം. മുറിവിനെ തിരുമുറിവാക്കാതെ പിൻവാങ്ങരുത്, സങ്കടത്തെ സങ്കീർത്തനവും.


കൂടുതൽ ലഭിച്ചവനിൽ നിന്നും കൂടുതലായി ദൈവം പ്രതീക്ഷിക്കുന്നുണ്ട്. ഒരു ധ്യാനഗുരു ചോദിച്ചത് ഓർക്കുന്നു. "ഇനിയെന്നാണ് നീയൊരു കുർബാന ആയിത്തീരുക". ദൈവം 2010 ഏപ്രിൽ 6-ന് പരിശുദ്ധ സഭയിൽ ഒരു വൈദികനായി എന്നെ അഭിഷിക്തനാക്കി. ഇനിയും കുർബാനയാകാൻ തമ്പുരാന ഞാനെത്ര യാത്ര ചെയ്യണം. ഞാൻ കുർബാന ആയിക്കൊണ്ടേയിരിക്കുന്നു എന്ന സത്യം പതുക്കെപ്പതുക്കെ എനിക്ക് മനസ്സിലായി. In every day, every moment you are becoming a priest.

### മനുഷ്യബുദ്ധിക്ക് അപ്പുറം

2019 ജൂൺ 23 ഞായർ, കുറിച്ചിമുട്ടം ആറന്മുള ഇടവകകളുടെ വികാരിയായി ശുശ്രൂഷ. രണ്ടാമത്തെ വിശുദ്ധ കുർബാനയ്ക്ക് ശേഷം തീർത്തും അവശനായി കിടപ്പിലാവുന്നു. വൈകുന്നേരം ഒരു സ്വകാര്യ ആശുപത്രിയിൽ ചെക്കപ്പിന് അഡ്മിറ്റായി. വൃക്ക തകരാറിലായി എന്ന് തിരിച്ചറിയുന്നു. ഒരു സാധാരണ പുരുഷന് ഉണ്ടാക്കാൻ പാടുള്ളതിന്റെ മുപ്പത്തിനാല് മടങ്ങ് ക്രിയാറ്റിൻ എന്നിൽ ഉയർന്നിരിക്കുന്നു. ബാക്കി ബ്ലഡ് ലെവൽ പറയേണ്ടതില്ലല്ലോ. വളരെവേഗം ആ വാക്കുകൾ എന്നോട് അടുത്തു തുടങ്ങി.

www.malankaralibrary.com





Transplantation, no other option, emergency, dialysis.

ഓശാന പാടി ഈശോയെ വരവേൽക്കുമ്പോഴും ക്രിസ്തു യാത്ര അവസാനിക്കുന്നത് കാൽവരിയിൽ ആണെന്ന് ചുറ്റും നിന്നവർ അറിഞ്ഞിരുന്നേയില്ല. മനുഷ്യർക്ക്, അവരുടെ കഴിവുകൾക്ക്, പ്രതീക്ഷകൾക്ക്, ലോകത്തിന് ഒക്കെ അതിരുകളുണ്ടെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ. ചുറ്റും ഉള്ളതൊക്കെ മിഴിപൂട്ടി നിൽക്കുന്ന അവസ്ഥ. 'നിസ്സഹായത' എന്ന വാക്കിന്റെ അർത്ഥം എനിക്ക് മനസ്സിലായി. അന്നുവരെ ബലമുള്ളതെന്ന് തോന്നിയതൊക്കെ വല്ലാതെ ബലക്കുറവുള്ളതുപോലെ. കൂടെ കാണും എന്ന് ഉറപ്പുള്ളവർ പലരും ഒന്നും ചെയ്യാനാവാതെ നിൽക്കുന്നപോലെ. ജീവിതം ഇരുണ്ട്, അതിന്റെ വക്കീൽ നിൽക്കുന്നതുപോലെ. ഉള്ളിൽ ഒരുപാട് ചോദ്യങ്ങൾ, ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ, പല ഉത്തരങ്ങളും മനസ്സിന് പാകമാകാത്ത പോലെ. പിന്നെ ജീവിത കൊഴിച്ചിലിന്റെ കാലം.

ജീവിത യാത്രയിൽ പറ്റിക്കിടക്കുന്നതൊക്കെ ഒരോന്നായി തുടച്ചുമാറ്റി. കൊഴിച്ചിട്ടു. ഭാരം കുറഞ്ഞ പോലെ ഒരു തോന്നൽ. ഗതസെമിൻ ഒരു സ്ഥലത്തിനപ്പുറം ഒരു അനുഭവമാണ് എന്ന് തോന്നിത്തുടങ്ങി. 'അവൻ അവരിൽ നിന്നും ഒരു കല്ലേറു ദൂരം മാറി, മുട്ടിൻമേൽ നിന്നു പ്രാർത്ഥിച്ചു' (ലൂക്കാ 22:41). ഈശോയുടെ പീഡാനുഭവയാത്രയിൽ ഗതസെമിൻ കണ്ണീരിന്റെ സ്ഥലമല്ല, മറിച്ച് കൃപയുടെ charging station ആണ്. (പിതാവൊത്ത്) ഗതസെമിൻ പ്രവേശിക്കാത്ത ഒരു യാത്രയും ഉത്ഥാനത്തിൽ എത്തിച്ചേരില്ല. തുടർന്ന് ലൂക്കാ 22:44-ൽ ഒരു മനോഹര വചനം കാണുന്നു; 'അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽ നിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു'. അതിനുശേഷം സഹന ജീവിതം അവസാനിച്ചു എന്നു കരുതിയാൽ നമുക്ക് തെറ്റ് പറ്റും. ജീവിതം പുതിയ വഴിയിലൂടെ ഉരുളുന്നത് കാണാം. പ്രതീക്ഷകൾക്ക് നാമ്പിട്ട പോലെ, വഴികൾ തുറക്കുന്നു, കേട്ടറിഞ്ഞതും വായിച്ചു പഠിച്ചതുമായ ദൈവാനുഭവങ്ങൾക്ക് നേർക്കാഴ്ചക്കാരനായി മാറി. കൃപ എന്ന വാക്കിന് വ്യാപ്തി പരിപാലനം ആണെന്ന് ഞാൻ തിരിച്ചറിഞ്ഞു. പ്രഭാഷകൻ 4:5 മുമ്പ് വായിച്ച് പ്രാർത്ഥിച്ചിട്ടുണ്ടെങ്കിലും കുറേക്കൂടി സൗന്ദര്യം ലഭിച്ച പോലെ...

**ബലിപീഠത്തിനരികെ**

ചില തീരുമാനങ്ങൾ നമ്മൾ ഒറ്റക്കെട്ടായെടുത്തേ മതിയാവൂ. മറ്റാർക്കും പ്രവേശനമില്ലാത്ത ചില തീരുമാനങ്ങൾ. ഒരു പുരോഹിതനായി തീരണം, ബലിപീഠമാണെന്റെ Comfort Zone, എന്റെ സന്തോഷങ്ങളും സങ്കടങ്ങളും ഇറക്കി വയ്ക്കുന്നിടം. ഇത്രയും ഭാരം താങ്ങാൻ ഈ ബലിപീഠത്തിന് ത്രാണിയുണ്ട്. ക്രിസ്തുവിന്റെ കരങ്ങൾ അതിന് ശക്തമാണ്. ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു.


കുറവുകൾ ഏറെയുള്ളപ്പോഴും ഈ ബലിപീഠത്തെ ചേർത്തുപിടിക്കുമ്പോൾ കിട്ടുന്നൊരു ബലമുണ്ടല്ലോ, അതൊരു വല്ലാത്ത ബലമാണ്. 2019 ജൂലൈ 14 എനിക്ക് വേണ്ടി മലങ്കര സഭ, അഭിവന്ദ്യ ബാവതിരുമേനിയും, സഭയിലെ മുഴുവൻ പിതാക്കന്മാരും ദൈവജനവും എനിക്ക് വേണ്ടി, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിന് ചുറ്റും കൂടി എനിക്ക് വേണ്ടി തിരികളുയർത്തി പ്രാർത്ഥിച്ചു. എന്റെ പേര് പറഞ്ഞ് പ്രാർത്ഥിച്ചു. "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് വേണ്ടി ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹന്നാൻ 3:17). നാം ജീവിച്ചിരിക്കാൻ വേണ്ടി ഈശോ നമുക്ക് ഈ കുർബാന ആയി തീർന്നു എന്നതല്ലേ സത്യം. ഞാൻ ജീവിച്ചിരിക്കാൻ വേണ്ടി പ്രിയ ഫിലിപ്പോസ് ചരുവുപുരയിടത്തിൽ അച്ചൻ കുർബാനയായി. എന്റെ സഹോദരൻ ബലിപീഠത്തിനരികെ നിൽക്കാൻ സ്വന്തം വൃക്ക അച്ചൻ പകർന്നു നൽകി. ഗോതമ്പുമണി നിലത്തു അഴുകുന്നത് പോലെ...

പെസഹ കുഞ്ഞാട് വാരിയെല്ല് അകത്തി, വൃക്ക മുറിച്ചെടുത്ത് മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയ. ഡോക്ടേഴ്സിനെ അമ്പരപ്പിച്ചു. സ്വയം തുടർന്നുള്ള ദിവസങ്ങളിൽ വേദനസംഹാരി ഒഴിവാക്കാൻ ഫിലിപ്പോസ് അച്ചൻ പറയുന്നു. ചോദിച്ചുവാങ്ങിയ സഹനം പോലെ, കാസായിലെ മട്ടുവരെ ഊറ്റി കുടിക്കണമെന്ന് ഫിലിപ്പോസ് അച്ചന് ശാഠ്യമുള്ളത് പോലെ. ഓപ്പറേഷന്റെ മുഴുവൻ വേദനയും പുഞ്ചിരിയോടെ അദ്ദേഹം സ്വീകരിച്ചു.

പീഡാനുഭവ യാത്രയിൽ ഒരിടത്തും ക്രിസ്തു പിറുപിറക്കുകയോ, പിന്മാറുകയോ ചെയ്യാത്തത് പോലെ സ്വർഗീയ ഇഷ്ടത്തിന് വിലയിട്ട് പ്രിയ ഫിലിപ്പോസച്ചൻ സ്വയം പൊടിഞ്ഞ് കുർബാനയായി മാറുകയായിരുന്നു. തമ്പുരാനെ നന്ദി.. പ്രിയ അച്ചനെ നിന്റെ ചിറകിൽ കാത്തുകൊള്ളണമേ. അഭിവന്ദ്യ ബാവാ തിരുമേനിയും, പിതാക്കൻമാരും എനിക്ക് വേണ്ടി പ്രാർത്ഥിക്കുവാനും, എന്നെ കാണുവാനും ആശുപത്രിയിലെത്തി. ബാവതിരുമേനി എന്റെ കൈകളിൽ പിടിച്ചു

www.malankaralibrary.com





ഇങ്ങനെ അനുഗ്രഹിച്ചു, "റോബിനച്ചാ, അച്ചൻ ചൊല്ലിയ ഒരു വിശുദ്ധ കുർബാനയും വെറുതെ പോകില്ല". നാം അർപ്പിച്ച പരിശുദ്ധ കുർബാനയുടെ സംരക്ഷണം തുടർന്നും നമുക്ക് കൂട്ട് ആയിരിക്കും. അഭിവന്ദ്യ ഐറേനിയോസ് പിതാവ് ഒരു ജപമാല എന്റെ കിടക്കയിൽ വെച്ചു, "ഇനി അമ്മ ഈ കിടക്കയിൽ അച്ചന് കൂട്ടായി ഉണ്ടാവും". എന്നെ വൈദിക നാക്കി അഭിഷേകം ചെയ്ത അഭിവന്ദ്യ ക്രിസ്റ്റോസ്റ്റം തിരുമേനി പറഞ്ഞു. 'Acha come back soon, we need you'. സഭയിലെ മുഴുവൻ പിതാക്കന്മാരുടെയും ആശിർവാദം വാങ്ങി ഞാൻ അനുഗ്രഹീതനായി. മലങ്കല സഭ മുഴുവനായി കൈകോർത്തു പ്രാർത്ഥിച്ച മറ്റൊരു സന്ദർഭം ഉണ്ടായിട്ടില്ല എന്നെന്റെ സഹപാഠികൾ പറഞ്ഞത് ഞാൻ ഓർക്കുന്നു.

**മരണത്തിന് നിഴൽവീണ താഴ്വര**

ആ ദിവസം വന്നെത്തി, 2019 സെപ്റ്റംബർ 2 ലിസി ഹോസ്പിറ്റലിലെ പ്രിയ ജോസ് പി. പോൾ പറഞ്ഞു, മയക്കം തെളിഞ്ഞ് നമുക്ക് സെപ്റ്റംബർ അഞ്ചിന് ബർത്ത്ഡേ ആഘോഷിക്കണം. എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. 2019 സെപ്റ്റംബർ 1 ഞാനും ഫിലിപ്പോസച്ചനും ഒരുമിച്ച് ബലിയർപ്പിച്ചു, കുർബാന തസ്തികയിൽ മുഴുവൻ പ്രാർത്ഥനകളും ചൊല്ലി പൂർത്തിയാക്കി. കഷ്ടിച്ച് ഒരു മണിക്കൂർ കണ്ണടച്ചു കിടന്നു നേരം വെളുപ്പിച്ചു. ഞങ്ങൾ രണ്ടുപേരും ഓപ്പറേഷൻ തിയേറ്ററിലേക്ക്. എല്ലാവരും വേദനയോടെ കവാടത്തിൽ. ചുറ്റും നിന്ന എല്ലാവരെയും ഹൃദയവേദനയോടെ ഞാൻ നോക്കി. എന്നെ നോക്കി വീശിയ കരങ്ങളിലല്ല, അവരുടെ മിഴിയിലേക്കായിരുന്നു എന്റെ ശ്രദ്ധ. സമ്മതപത്രത്തിൽ ഞങ്ങളുടെ പപ്പാമാർ ഒപ്പിട്ടു, തങ്ങളുടെ മക്കൾ ജീവനോടെ പുറത്തു വരും എന്ന പ്രതീക്ഷയോടെ. ഉൽപ്പത്തി 32: 30-ൽ വായിക്കുന്നതുപോലെ യാക്കോബ് തന്റെ സ്വന്തമായതെല്ലാം യാക്കോബ് എന്ന കടവു കടത്തി, ഒറ്റയ്ക്ക് ദൈവമായി മൽപ്പിടുത്തം നടത്തി സ്വന്തമായത് എല്ലാം നിർത്തി ഞങ്ങളും ഓപ്പറേഷനായി യാത്രയായി.

**സ്തോത്രത്തോടെ**

"കാലവിളംബരത്തെ കുറിച്ച് ചിലർ വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ താമസം വരുത്തുകയുമില്ല (2 പത്രോസ് 3.:9). എന്റെ ആശ്രയം തമ്പുരാനിൽ മാത്രമായിരുന്നു. മയക്കം പതുക്കെ വിട്ടുമാറി ഞങ്ങൾ കബറിൽ നിന്നും സത്യമായി ഉയിർത്തെഴുന്നേറ്റു എന്ന് നിങ്ങൾ സത്യമായി വിശ്വസിക്കുന്നു. ഞാൻ ജീവിച്ചിരിക്കണമെന്ന് സ്വർഗ്ഗത്തിന് എന്തോ നിർബന്ധമുള്ളത് പോലെ. കബറിൽ നിന്നും ഉത്ഥാനത്തിലേക്ക്, കല്ലറയിൽ നിന്നും കൃപയിലേക്ക്, സങ്കടങ്ങളിൽ നിന്നും സങ്കീർത്തനത്തിലേക്ക്.

ഞങ്ങൾക്ക് വേണ്ടി മരണം ആസ്വദിച്ചു ഞങ്ങളെ അനുഗ്രഹിക്കണമേ

(ദുഃഖവെള്ളി കബറടക്ക ശുശ്രൂഷ )



www.malankaralibrary.com



കവർ സ്റ്റോറി



# ഉത്ഥിതന്റെ മുറിപ്പാടുകൾ

**മോൺ. ഡോ. ജോൺസൺ കൈമലയിൽ കോർ-എപ്പിസ്കോപ്പോ**

യേശുക്രിസ്തുവിന്റെ ഉയിർപ്പ് ദൈവമഹത്വത്തിന്റെ വിളംബരമായിരുന്നു. ഭൗതികതയുടെ മേൽ ആത്മീയതയ്ക്കുള്ള ആത്യന്തികമായ വിജയപ്രഖ്യാപനം. യേശുവിന്റെ ശവകുടീരത്തിന്റെ വാതിൽക്കൽ നിന്ന് ഉരുട്ടി മാറ്റപ്പെട്ട കല്ലും, തകർക്കപ്പെട്ട രാജമുദ്രയും, ശൂന്യമായ കല്ലറയും, അവിടെ അവശേഷിച്ച കച്ചയും തൂവാലയും, ശുഭ്രവസ്ത്രധാരികളായ ദൂതന്മാരും, ചിതറിപ്പോയ കാവൽക്കാരും എല്ലാം ഉയിർപ്പിന്റെ ബാഹ്യമായ പ്രഘോഷകരായി. എന്നാൽ ഏറ്റവും ആധികാരികമായ ദൃഷ്ടാന്തം ഉത്ഥിതന്റെ തന്നെ വിവിധ പ്രത്യക്ഷീകരണങ്ങളായിരുന്നു. അവിടുത്തെ ശരീരത്തിൽ ആഭരണം പോലെ ചാർത്തപ്പെട്ട മുറിപ്പാടുകൾ മൗനമായി, എന്നാൽ ശക്തമായി ഉദ്ഘോഷിച്ചുകൊണ്ടേയിരുന്നു. ആ മുറിവുകളിൽനിന്ന് ഉയരുന്ന മൂറോൻ പരിമളം മാനവരക്ഷയുടെ വാതിലായി പരിണമിക്കുന്നു. പെസഹാ രഹസ്യങ്ങളുടെ നെറുകയിൽ തിലകച്ചാർത്തായി ആ പാടുകൾ സ്ഥാനം പിടിക്കുന്നു.

**ഉയിർത്തെഴുന്നേറ്റ യേശുവിന്റെ 10 പ്രത്യക്ഷപ്പെടലുകൾ**

ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും മദ്ധ്യേയുള്ള 40 ദിവസങ്ങളിൽ യേശു പത്തു പ്രാവശ്യം തന്റെ ശിഷ്യന്മാർക്കും വിശ്വാസ സമൂഹത്തിനും പ്രത്യക്ഷപ്പെടുന്നതായി സുവിശേഷങ്ങൾ സാക്ഷിക്കുന്നു. ഇവ കൂടാതെ ദമാസ്കസിലേക്കുള്ള യാത്രാമദ്ധ്യേ സാവൂളിന് (പൗലോസ്) പ്രത്യക്ഷപ്പെടുന്ന സംഭവവും വിസ്മരിക്കാനാവില്ല (അപ്പസ്തോല പ്രവർത്തനങ്ങൾ 9. 1-19; 22. 6-16; 26. 12-23). ഈ പ്രത്യക്ഷപ്പെടലുകൾ ഓരോന്നും പിൽക്കാലത്ത് തന്റെ സഭയുടെ കെട്ടുപണിയിൽ നിർണായക ഘടകമായി നിലകൊണ്ടു. ഉയിർപ്പ് ഒരു സംഭവം എന്നതിലുപരി ഒരു

www.malankaralibrary.com



അനുഭവമായി പകർത്തപ്പെട്ടു. അതുകൊണ്ടുതന്നെ ഈ പ്രത്യക്ഷപ്പെടലുകൾ സൂക്ഷ്മ നിരീക്ഷണത്തിനും ധ്യാനത്തിനും വിധേയമാകേണ്ടിയിരിക്കുന്നു.

1. മറിയം മഗ്ദലേനയ്ക്ക് തോട്ടത്തിൽ പ്രത്യക്ഷപ്പെടുന്നു (മർക്കോസ് 16. 9; യോഹന്നാൻ 20. 11-18).
2. കല്ലറയിൽ നിന്നും മടങ്ങി വരുന്ന സ്ത്രീകൾക്ക് പ്രത്യക്ഷനാകുന്നു (മത്തായി 28. 9-10).
3. എമ്മാവൂസിലേക്കുള്ള വഴിയിൽ രണ്ട് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു (ലൂക്കോസ് 24. 13-32 മർക്കോസ് 16. 12-13).
4. പത്രോസിന് ജറുസലേമിൽ ദർശനം കൊടുക്കുന്നു (ലൂക്കോസ് 24. 34; 1കോറിന്തോസ് 15. 5).
5. പത്ത് അപ്പസ്തോലന്മാർക്ക് മുകളിലത്തെ മുറിയിൽ പ്രത്യക്ഷനാകുന്നു (ലൂക്കോസ് 24. 36-43; യോഹന്നാൻ 20. 19-23).
6. പതിനൊന്ന് അപ്പസ്തോലന്മാർക്ക് മുകളിലത്തെ മുറിയിൽ പ്രത്യക്ഷപ്പെട്ടു (യോഹന്നാൻ 20. 24-29).
7. ഗലീലി കടൽക്കരയിൽ ആറ് ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്നു (യോഹന്നാൻ 21. 1-24).
8. പതിനൊന്ന് അപ്പസ്തോലന്മാർക്കും 500 വിശ്വാസികൾക്കും താബോർ മലയിൽ (മത്തായി 28. 16-20; 1 കോറിന്തോസ് 15. 6).
9. പതിനൊന്ന് അപ്പസ്തോലന്മാർക്കും കർത്താവിന്റെ സഹോദരനായ യാക്കോബിനും ജെറുസലേമിൽ (മർക്കോസ് 16. 14-18; ലൂക്കോസ് 24. 44-49; 1 കോറിന്തോസ് 15. 7).
10. പതിനൊന്ന് അപ്പസ്തോലന്മാർക്ക് ഒലിവ് മലയിൽ (ലൂക്കോസ് 24. 50-53).

ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകൾ ശിഷ്യസമൂഹത്തിന് പകർന്നു കൊടുത്ത ആത്മവിശ്വാസം വളരെ വലുതായിരുന്നു. അവർ ഉയർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷികളായി. നേരിട്ടുള്ള സാക്ഷികൾ എന്ന തലത്തിൽ അവരുടെ ആത്മസമർപ്പണം സമ്പൂർണ്ണമായിരുന്നു. ഉയിർപ്പിന്റെ അനുഭവം അവരെ പുതിയ ലോകത്തെ പുതിയ മനുഷ്യരാക്കി മാറ്റി. അവർ ധൈര്യശാലികളായി, സഭയുടെ ധീരയോദ്ധാക്കളും. അസാധാരണമായ പ്രതിബന്ധങ്ങൾക്കിടയിലും ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുവാൻ അവർ വീരോചിതമായ ജീവിതം നയിക്കുകയും അതിന്റെ സാക്ഷ്യത്തിനായി തങ്ങളുടെ ജീവൻ തന്നെ ബലി കൊടുക്കുവാൻ സന്നദ്ധരാവുകയും ചെയ്തു.

**തിരുമുറിവുകളാൽ സമാധാനം**

ഉയർത്തെഴുന്നേറ്റ യേശുവിന്റെ പ്രത്യക്ഷപ്പെടൽ കുരിശിക്കപ്പെട്ട അതേ ശരീരത്തോടു കൂടിയായിരുന്നു. അവന്റെ ശരീരത്തിൽ കുരിശിലെ മുറിപ്പാടുകൾ കാണപ്പെട്ടു. യോഹന്നാന്റെ സുവിശേഷം 20. 20, 27; ലൂക്കോസിന്റെ സുവിശേഷം 24. 36-41 എന്നീ ഭാഗങ്ങളിൽ അവൻ പ്രത്യക്ഷനായി തന്റെ മുറിപ്പാടുകൾ കാണുവാനും അതിലൂടെ തന്നിൽ വിശ്വസിക്കുവാനും ശിഷ്യന്മാരെ ക്ഷണിക്കുന്നുണ്ട്. അവന്റെ കുരിശിലെ ബലിയുടെ




അടയാളങ്ങൾ വഹിച്ചുകൊണ്ടു തന്നെയാണ് അവൻ ഉയർത്തപ്പെട്ടതും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തതും എന്നത് സ്പഷ്ടം. തന്റെ മുറിപ്പാടുകൾ ഉയർത്തിക്കാട്ടിക്കൊണ്ടാണ് പലയാവർത്തി യേശു ശിഷ്യന്മാർക്ക് സമാധാനം ആശംസിച്ചത്. 'ആഴ്ചയുടെ ആദ്യദിവസമായ അന്ന് വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേ നിന്നു പറഞ്ഞു നിങ്ങൾക്ക് സമാധാനം. ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു' (യോഹന്നാൻ 20.19-20). യേശുക്രിസ്തു ആദ്യമായി സമാധാനം ആശംസിക്കുന്നത് ഉത്ഥിതനായ ശേഷമാണ്. അതിനുമുമ്പ് സമാധാനം ആശംസിച്ചിട്ട് പ്രയോജനമില്ല, സമാധാനം ലഭിക്കുകയില്ല. അസമാധാനത്തിന് കാരണമായ പാപവും അതിന്റെ പരിണത ഫലങ്ങളും നിലനിക്കുന്നിടത്തോളം സമാധാനം സ്വീകരിക്കുക സാധ്യമല്ല. ഇപ്പോൾ സമാധാനത്തിന്റെ വഴികളെല്ലാം അവിടുന്നു തുറന്നു തന്നു; കുരിശിൽ മരിച്ച്, ഉത്ഥിതനായി, തിരുമുറിവുകൾ ഉയർത്തി കാണിച്ച് സമാധാനം ആശംസിച്ചു.

മഹത്വീകരിക്കപ്പെട്ട യേശുവിന്റെ ശരീരം എന്തിന് ആ മുറിപ്പാടുകൾ സൂക്ഷിച്ചു എന്നത് നമ്മുടെ ചിന്തയ്ക്ക് വിധേയമാകേണ്ടിയിരിക്കുന്നു. പീഡാനുഭവത്തിന്റെയും, സഹനത്തിന്റയും, തിരസ്കരണത്തിന്റെയും, മരണത്തിന്റെയും പ്രതീകമായ ആ മുറിപ്പാടുകളുടെ പ്രസക്തിയെന്ത്? ഉത്ഥാന ത്തിലൂടെ പാപത്തെയും മരണത്തെയും പിശാചിനെയും തോൽപ്പിച്ച യേശു കുത്തിമുറിവേൽപ്പിക്കപ്പെട്ട ആ

www.malankaralibrary.com



അടയാളങ്ങൾ എന്തേ മായിച്ചു കളഞ്ഞില്ല? അത് പ്രദർശിപ്പവാൻ എന്തുകൊണ്ട് ഔൽസുക്യം കാണിച്ചു? അവ തന്റെ വ്യക്തിത്വത്തിന്റെ അടയാളമാക്കി, അതിൽ സ്പർശിച്ച് ഇത് താൻ തന്നെയെന്ന് വിശ്വസിക്കുവാൻ ശിഷ്യനെ ക്ഷണിച്ചു? ദൈവശാസ്ത്രപരമായ അനേകം വിശകലനങ്ങൾക്ക് വിധേയമായ വിഷയമാണിത്.

**തിരുമുറിവുകൾ - വിശുദ്ധ തോമസ് അക്വീനാസിന്റെ വിശകലനങ്ങൾ**

ഉയർത്തെഴുന്നേറ്റ യേശുവിന്റെ തിരുമുറിവുകളെപ്പറ്റി വിശുദ്ധ തോമസ് അക്വിനാസ് നൽകുന്ന വിശകലനങ്ങൾ വളരെ ശ്രദ്ധേയമാണ് (Summa Theologiae III, Q. 54, Art. 4). അഞ്ച് പ്രധാനപ്പെട്ട ന്യായങ്ങളാണ് അക്വിനാസ് നിരത്തുന്നത്. രക്ഷാകരചരിത്രത്തെയും സഭാ ശാസ്ത്രത്തെയും മരണാനന്തര ജീവിതത്തെയും അധികരിച്ച് കൊണ്ടാണ് ഈ വ്യാഖ്യാനങ്ങൾ ഉരുത്തിരിയുന്നത്.

1. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആത്മാവ് തന്റെ മഹത്വവത്കരിക്കപ്പെട്ട ശരീരത്തിൽ മുറിപ്പാടുകൾ നിലനിർത്തിയത് തികച്ചും യുക്തമാണ്. ആ പാടുകൾ വിമുക്തമാക്കുക അവന് അസാധ്യമായിരുന്നില്ല. എന്നാൽ തന്റെ വിജയത്തിന്റെ ബഹുമതിയായി (ട്രോഫി) അവൻ അവയേ വഹിച്ചു. അത് അവന്റെ വിജയമാണ് വിളിച്ചോതുന്നത്, വൈകല്യമല്ല. അവ മനുഷ്യരക്ഷയുടെ വിലയാണ്, സ്നേഹത്തിന്റെ അടയാളമാണ്.
2. അപ്പസ്തോലന്മാർക്ക് ഉത്ഥാനത്തിലുള്ള വിശ്വാസം സ്ഥിരീകരിക്കുവാൻ ക്രൂശിതന്റെ അതേ ശരീരത്തോടെ അവൻ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. അങ്ങനെ അവർക്ക് ക്രിസ്തു സത്യമായും ഉയർത്തപ്പെട്ടു എന്ന് യാതൊരു സംശയത്തിനും ഇട കൊടുക്കാതെ പ്രഖ്യാപിക്കുവാൻ സാധിച്ചു.
3. യേശുവിന്റെ മുറിപ്പാടുകൾ പിതാവിന്റെ മുമ്പിലുള്ള സാക്ഷ്യപത്രമാണ്. അത് ഉയർത്തിക്കാട്ടിക്കൊണ്ടാണ് അവൻ നമുക്ക് വേണ്ടി മധ്യസ്ഥത വഹിക്കുന്നത്. 'തന്നിലൂടെ ദൈവത്തെ സമീപിക്കുന്നവരെ പൂർണമായി രക്ഷിക്കാൻ അവനു കഴിവുണ്ട് എന്നേക്കും ജീവിക്കുന്നവനായ അവൻ അവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു' (ഹെബ്രായർ 7. 25).
4. അവന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർക്ക് ഈ മുറിപ്പാടുകൾ ഒരു മുന്നറിയിപ്പാണ്. തങ്ങൾ അനുഭവിക്കുന്ന രക്ഷക്കുവേണ്ടി മനുഷ്യപുത്രൻ കടന്നുപോയ വഴിത്താരയെപ്പറ്റിയുള്ള സൂചകം. മൂകമായ ഭാഷയിൽ ഈ പാടുകൾ അതിശക്തമായി പ്രബോധിപ്പിച്ചുകൊണ്ടേയിരിക്കുന്നു.
5. അന്ത്യവിധിയിൽ ഈ മുറിപ്പാടുകൾ നിർണായക വെളിപ്പെടുത്തൽ നടത്തും. നിന്നോടുള്ള സ്നേഹത്താൽ ഞാൻ കഷ്ടത സഹിച്ചു.



എന്റെ പാർശ്വം കുന്തത്താൽ കുത്തിത്തുറക്കപ്പെട്ടു. എന്റെ ഹൃദയം നിനക്കായി തുറന്നിട്ടു, എന്നിട്ടും നീ പ്രവേശിച്ചില്ല. നിന്റെ രക്ഷയ്ക്ക് വേണ്ടതെല്ലാം ഞാൻ ചെയ്തു, എന്നിട്ടും നീ അത് നിരസിച്ചു.

**സഹനത്തിന് ഉത്ഥിതന്റെ കൈയ്യൊപ്പ്**

സഹനത്തിന്റെ അടയാളമായ മുറിപ്പാടുകൾ വഹിക്കുക വഴിയായി ഉയിർത്തെഴുന്നേറ്റ യേശു മനുഷ്യൻെറ സഹനത്തെ സ്വർഗ്ഗത്തോളം ഉയർത്തി. അവിടുത്തെ പ്രത്യക്ഷപ്പെടലുകൾ ഓരോന്നും ശിഷ്യന്മാരെ തന്നോട് കൂടുതൽ അടുപ്പിക്കുവാനും തന്റെ മുറിപ്പാടുകളിൽ നിന്ന് പാഠം ഉൾക്കൊള്ളുവാനും ലക്ഷ്യം വച്ചായിരുന്നു. 'ഉത്ഥിതനായ യേശു സ്പർശം, ഭക്ഷണത്തിൽ പങ്കു ചേരൽ എന്നിവ വഴി തന്റെ ശിഷ്യന്മാരുമായി നേരിട്ട് സമ്പർക്കം സ്ഥാപിക്കുന്നു. അങ്ങനെ താൻ ഒരു ഭൂതമല്ലെന്ന് മനസ്സിലാക്കാൻ അവിടുന്ന് അവരെ ക്ഷണിക്കുന്നു. സർവ്വോപരി, താൻ അവർക്ക് പ്രത്യക്ഷപ്പെടുമ്പോൾ കാണപ്പെടുന്ന, പീഡാസഹനത്തിന്റെ അടയാളങ്ങൾ ഇപ്പോഴും സംവഹിക്കുന്ന ആ ശരീരം പീഡിതവും ക്രൂശിതവുമായ അതേ ശരീരം തന്നെയാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്താനും അവിടുന്ന് അവരെ ക്ഷണിക്കുകയാണ്. അതേസമയം സത്യവും യഥാർത്ഥവുമായ ഈ ശരീരം മഹത്വപൂർണ്ണമായ ശരീരത്തിന്റെ പുതിയ ഗുണങ്ങളും കൂടിയുള്ളതാണ്. അതു സ്ഥലകാലങ്ങളുടെ പരിമിതിയില്ലാത്തതാണ്. എങ്ങനെ എപ്പോൾ കാണണപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവോ അങ്ങനെ അപ്പോൾ പ്രത്യക്ഷപ്പെടാൻ കഴിവുള്ളതാണ്. കാരണം, അവിടുത്തെ മനുഷ്യത്വം ഇനിമേൽ ഭൂമിയിൽ ഒതുങ്ങിനിൽക്കുന്നതല്ല. ഇനി അത് പിതാവിന്റെ ദൈവീകമായ മണ്ഡലത്തിന്റേത് മാത്രമാണ്. അതുകൊണ്ടു കൂടിയാണ് ഉത്ഥിതനായ യേശു ഇഷ്ടംപോലെ പ്രത്യക്ഷപ്പെടാനുള്ള പരമമായ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. ഒരു തോട്ടക്കാരൻ ആയിട്ടോ ശിഷ്യന്മാർക്ക് പരിചയമുള്ള മറ്റേതെങ്കിലും രൂപത്തിലോ പ്രത്യക്ഷപ്പെടാൻ അവിടുത്തേക്കു കഴിയുന്നു. ഇവയെല്ലാം അവരുടെ വിശ്വാസത്തെ ഉണർത്തുവാൻ വേണ്ടിയായിരുന്നു. (കത്തോലിക്കാ സഭയുടെ മതബോധനം, 645).

പീഡാസഹനത്തിന്റെ അടയാളങ്ങൾ ശിഷ്യസമൂഹത്തിന് സഹനത്തിന്റെ രക്ഷാകര മാനം തുറന്നുകാട്ടി. Salvifici Doloris എന്ന പ്രമാണരേഖയിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പ്രബോധിപ്പിക്കുന്നു. ക്രിസ്തു തന്റെ പീഡാസഹന മരണങ്ങളുടെയും ഉത്ഥാനത്തിലൂടെയും, പാപത്തിന്റെയും മരണത്തിന്റെയും മേൽ നേടിയ വിജയം മനുഷ്യ ജീവിതത്തിലെ സഹനം എന്ന യാഥാർത്ഥ്യത്തിലേക്കും അതിന്റെ വിവിധ മാനങ്ങളിലേക്കും പുതിയ പ്രകാശം പരത്തുന്നു. ഈ പ്രകാശം രക്ഷയുടെ പ്രകാശ

www.malankaralibrary.com





മാണ്. അത് സദ്വാർത്തയുടെയും സുവിശേഷത്തിന്റെയും പ്രകാശമാണ്. കുരിശും സഹനവും കൂടാതെ ഒരു ഉയിർപ്പില്ല. യേശുവിന്റെ സഹനത്തിൽ പങ്കാളികളാകുന്നവർക്കാണ് ഉത്ഥാനത്തിലും പങ്കുപറ്റുവാൻ സാധിക്കുക. 'ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികമാണ്. അവയുടെ ഫലമോ അനുപമമായ മഹത്വവും' (2 കോറിന്തോസ് 4. 17). 'ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും' (1 പത്രോസ് 4. 13).

സഹനത്തിന്റെ വഴിയിലൂടെ കടന്നു പോകുന്നവർക്ക് ഉയർത്തെഴുന്നേറ്റ യേശു നൽകുന്ന ഒരു സാന്ത്വനമാണ് ആ മുറിപ്പാടുകൾ. മനുഷ്യനോടുള്ള അനന്തമായ സ്നേഹത്താൽ പ്രേരിതനായി അവൻ തന്റെ ശരീരത്തിൽ ഏറ്റെടുത്ത യാതനകൾ നാം ഒരിക്കലും വിസ്മരിക്കരുത് എന്ന് അവൻ തീരുമാനിച്ചു. രക്ഷയുടെഅടയാളമായി ആ മുറിപ്പാടുകളെ അവൻ പകർത്തി. തന്നെ പിൻചെല്ലുന്ന ഓരോരുത്തരും തങ്ങളുടെ മുറിപ്പാടുകളിലൂടെ ദൈവ ശക്തിയെ വിളംബരം ചെയ്യണമെന്ന് അവിടുന്ന് നിശ്ചയിച്ചു. ശിഷ്യന്മാരുടെ ഭയം ദൂരീകരിക്കാനോ തന്റെ സ്വത്വം വെളിപ്പെടുത്താനോ മാത്രമല്ല അവൻ ഉദ്ദേശിച്ചത്. മറിച്ച് കുരിശിക്കപ്പെടുന്ന അനേകരോടുള്ള തന്റെ ഐക്യദാർഢ്യം യേശു പ്രഖ്യാപിക്കുന്നു. കുരിശിലെ മുറിവുകൾ ഒരു അവസാനവാക്കല്ലയെന്ന് ഉയർപ്പിക്കപ്പെട്ട ഒരുവൻ പ്രഖ്യാപിക്കുന്നു. ക്രൂശിക്കപ്പെടുന്ന യാഥാർത്ഥ്യങ്ങൾക്ക് മുകളിൽ നിലയുറപ്പിക്കുന്നത് ദൈവിക ശക്തിയാണ്.

**നിന്റെ സഹനങ്ങൾ തിരുമുറിവുകളാക്കുക**

സർവശക്തനും സ്നേഹം തന്നെയുമായ ദൈവം എന്തുകൊണ്ട് മനുഷ്യർക്ക് സഹനം അനുവദിക്കുന്നു. എത്ര ഭീകരമായ സഹനത്തിന്റെ ദൃശ്യങ്ങൾ ചുറ്റും പരിഭ്രമം വിതയ്ക്കുന്നുണ്ട്. നിഷ്കളങ്ക രക്തം ചിന്തപ്പെടുമ്പോൾ, പിഞ്ചു കുഞ്ഞുങ്ങൾ മരണവേദന അനുഭവിക്കുമ്പോൾ, അന്യായമായി മനുഷ്യർ പീഡിപ്പിക്കപ്പെടുമ്പോൾ-അങ്ങനെ നിരവധി സാഹചര്യങ്ങളിൽ ഈ ചോദ്യം ആവർത്തിക്കപ്പെടുന്നു. ദൈവം എന്തുകൊണ്ട് മൗനം ഭജിക്കുന്നു. അവിടുന്ന് പ്രതികാരത്തിന്റ ദൈവമോ? ഇത് ഒരുവന്റെ പൂർവ്വകാല പാപത്തിന്റയോ, പൂർവ്വികരുടെ പാപത്തിന്റയോ ബാക്കിപത്രമോ. ഈ ചോദ്യങ്ങൾ പലരെയും ദൈവത്തിന്റെ അസ്ഥിത്വം തന്നെ സംശയിക്കുന്ന തലം വരെ കൊണ്ടെത്തിക്കുന്നു.

നമ്മുടെ സഹനങ്ങളുടെയഥാർത്ഥ അർത്ഥം യേശു ക്രിസ്തുവിന്റെ തിരുമുറിവുകളിൽ മാത്രമേ നമുക്ക് കണ്ടെത്താൻ സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ സഹനത്തിലുള്ള പങ്കുചേരൽ ആണ് നമ്മുടെ സഹനങ്ങൾ. കുരിശിലൂടെ യേശു മനുഷ്യരക്ഷ മാത്രമല്ല സാധ്യമാക്കിയത് മനുഷ്യന്റെ സഹനത്തെ രക്ഷയുടെ വാതിലായി പ്രതിഷ്ഠിച്ചു. യേശുക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളിൽ ഒരുവൻ സഹനത്തിലൂടെ പങ്കുചേരുന്നു. 'അത് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോട് താദാമ്യപ്പെടുന്നതിനും വേണ്ടിയാണ്' (ഫിലിപ്പിയർ 3. 10). ഈ ലോകത്തിലെ സഹനങ്ങൾ വരാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ കേവലം ക്ഷണികമാണ്. 'ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്വവും' (2 കൊരിന്ത്യർ 4. 17). സഹനത്തിലൂടെ രക്ഷ സാധിച്ചുകൊണ്ട് മാനുഷിക സഹനത്തെ ക്രിസ്തു പവിത്രീകരിക്കുകയും രക്ഷാകരം ആക്കിത്തീർക്കുകയും ചെയ്തു. അങ്ങനെ ഓരോരുത്തരും സഹനത്തിലൂടെ ക്രിസ്തുവിന്റെ രക്ഷാകരസഹനത്തിൽ പങ്കുകാരാകുന്നു.

അനുദിന ജീവിതത്തിലെ സഹനങ്ങളുടെ പൊരുൾ തിരുമുറിവുകളുടെ ധ്യാനത്തിലൂടെ മാത്രമേ വെളിപ്പെടുകയുള്ളൂ എന്ന് ഫ്രാൻസിസ് മാർപാപ്പ നിരന്തരം പ്രബോധിപ്പിക്കുന്നു. 2017 മാർച്ച് 20 ന് നൽകിയ സുവിശേഷ പരിചിന്തനത്തിൽ പാപ്പാ ഇപ്രകാരം ക്ഷണിക്കുന്നു: 'തിരുമുറിവുകളിലേക്ക് നോക്കുക. അവന്റെ മുറിവുകളിൽ പ്രവേശിക്കുക. ആ മുറിവുകളാൽ നാം സൗഖ്യം ഉള്ളവരായിത്തീർന്നു. നീ രോഗിയോ നിരാശനോ തകർക്കപ്പെട്ടവനോ ആയാലും തിരുമുറിവുകൾ നിന്നെ സുഖപ്പെടുത്തും.

ഉയിർപ്പിന്റെ മഹത്വം തിരുമുറിവുകളുടെ രഹസ്യത്തിന്റെ പരിണിതഫലമാണ്'. വിശുദ്ധ ഫൗസ്റ്റീനയ്ക്ക് ലഭിച്ച ദർശനത്തിൽ ഈശോ ഇപ്രകാരം അരുളിചെയ്തു: 'സഹനങ്ങൾ ശക്തിക്ക് അതീതമായി തോന്നുമ്പോൾ എന്റെ തിരുമുറിവുകളെപ്പറ്റി ധ്യാനിക്കുക' (ഡയറി, 1184, 1512). വിശുദ്ധ ബർണാർഡ് പ്രാർത്ഥിക്കുന്നു:

'കരുണയും മധുരവും സൗമ്യതയും ഉള്ള കർത്താവേ, നിന്റെ സ്നേഹവും കരുതലും അനുകമ്പയും നിന്റെ തിരുമുറിവുകളെക്കാൾ കൂടുതൽ എവിടെയാണ്പ്രകാശമാനമായിട്ടുള്ളത്'.

കടുത്ത സഹനങ്ങളുടെ മധ്യേയും പ്രത്യാശയുടെയും സമാശ്വാസത്തിന്റെയും തുരുത്താണ് അവന്റെ തിരുമുറിവുകൾ. ആ മുറിവുകളിൽ നീ വിലയം പ്രാപിക്കുക. നിന്റെ മുറിവുകളെ തിരുമുറിവുകൾ ആയി പകർത്തുക. രക്ഷയുടെ തുറമുഖത്ത് അണയുവാൻ സ്വർഗ്ഗം നൽകിയ കവചമാണ് ജീവിതസഹനങ്ങൾ.

അത്യധികമായ സൗഖ്യം അവന്റെ മുറിവിനാലാണ് സ്ഥിരീകരിക്കപ്പെടുന്നത്. 'നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത് നാം പാപത്തിനു മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാലാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോസ് 2. 24).

www.malankaralibrary.com



സാർവത്രിക സഭയിലെ വേദപാരംഗതർ

# മഹാനായ വി. ബസേലിയോസ്





റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

**ആമുഖം**

സേസറിയായിലെ ബസേലിയോസ് എന്ന മഹാനായ വി. ബസേലിയോസ് ആദിമസഭയിലെ സത്യവിശ്വാസത്തിന്റെ കാവൽഗോപുരമായി നിലകൊണ്ട ദൈവശാസ്ത്രജ്ഞനാണ്. 'വലിയ ദൈവീകരഹസ്യങ്ങൾ വെളിപ്പെടുത്തിയവൻ' എന്ന അർത്ഥത്തിലുള്ള 'ഔറാനോഫാന്തോർ' എന്ന അഭിധാനവും അദ്ദേഹത്തിന്റെ പേരിനോടൊപ്പം ചേർക്കപ്പെട്ടിട്ടുണ്ട്. നിഖ്യാ വിശ്വാസപ്ര മാണത്തിന്റെ സംരക്ഷകനായ വി. അത്തനേഷ്യസിന്റെ കാൽപ്പാടുകൾ പിഞ്ചെന്നുകൊണ്ട് സത്യ വിശ്വാസ സംരക്ഷകനായി ബസേലിയോസ് പൗരസ്ത്യസഭയിൽ നിലകൊണ്ടു. ആര്യൻ പാഷണ്ഡതയെ അനുധാവനം ചെയ്ത ചക്രവർത്തിയുടെ ആജ്ഞയെപ്പോലും ഭയക്കാതെ ധീരതയോടെ അദ്ദേഹം സഭയെ നയിച്ചു. തന്റെ വിജ്ഞാനവും വിശുദ്ധിയും കൊണ്ട് പ്രതിബന്ധങ്ങളെ മറികടന്ന ബസേലിയോസിന് ചരിത്രം ചാർത്തിക്കൊടുത്ത അഭിധാനമാണ് 'മഹാൻ' എന്നത്. പൗരസ്ത്യസഭയിലെ സമൂഹ സന്യാസ ജീവിതസ്ഥാപകൻ എന്ന് ക്രിസ്തീയ ചരിത്രത്തിൽ അറിയപ്പെടുന്ന ബസേലിയോസ് എഴുതിയുണ്ടാക്കിയ നിയമങ്ങളിൽ നിന്നും (*Asketikon*) പ്രചോദനം ഉൾക്കൊണ്ടാണ് പല സന്യാസ സമൂഹങ്ങളും ഇന്നും നയിക്കപ്പെടുന്നത്. പാശ്ചാത്യ സഭയിൽ സന്യാസ സമൂഹനിയമങ്ങൾ രൂപപ്പെടുത്തിയ വി. ബെനഡിക്ട് തന്റെ പ്രചോദനമായി സ്വീകരിച്ചത് വി. ബസേലിയോസിനെയായിരുന്നു. പൗരസ്ത്യ ക്രിസ്തീയസഭയിലെ ഏറ്റം ശ്രേഷ്ഠനായിരിക്കുന്ന ബസേലിയോസിന്റെ മാതാപിതാക്കളും സഹോദരങ്ങളും മാത്രമല്ല സുഹൃത്തുക്കൾ പോലും വിശുദ്ധരാണ്. തന്റെ സഹോദരൻ നീസായിലെ ഗ്രിഗോറിയോസ്, ആത്മമിത്രം നസിയാൻസസിലെ ഗ്രിഗോറിയോസ് എന്നിവരോടൊത്ത് 'കപ്പദോസിയൻ പിതാക്കന്മാർ' എന്നറിയപ്പെടുന്ന ഇവരുടെ സംഭാവനകൾ പകരം വയ്ക്കാനാവാത്ത വിധം വിലയേറിയതാണ്. ആഗോള സഭയിലെ വേദപാരംഗതരുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഈ പൗരസ്ത്യ സഭാപണ്ഡിതനെ അടുത്തറിയുന്നത് നമ്മുടെ വിശ്വാസജീവിതത്തെയും കൂടുതൽ പ്രകാശമാനമാക്കും.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

ഇന്നത്തെ തുർക്കിയുടെ ഭാഗമായ പ്രാചീന കപ്പഡോഷ്യ പ്രദേശത്തെ ഒരു സമ്പന്ന ഗ്രീക്ക് കുടുംബത്തിൽ എ.ഡി. 330-ൽ ബസേലിയോസ് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ബസേലിയോസ് (Basil the Elder) എന്നും അമ്മയുടെ പേര് (സേസറിയായിലെ) എമ്മേലിയ എന്നും ആയിരുന്നു. ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു ജീവിച്ച ഇവർക്ക് മാക്സിനൂസ് ചക്രവർത്തിയുടെ (305-314) ഭരണ കാലയളവിൽ വിശ്വാസത്തിനു വേണ്ടി പീഡനം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പിതാവ് ബസേലിയോസ് നിയമവും പ്രഭാഷണകലയും പഠിപ്പിച്ചിരുന്ന അധ്യാപകൻ ആയിരുന്നു. അദ്ദേഹത്തിന് പൊന്തൂസ്, കപ്പഡോഷ്യ, അർമേനിയ എന്നിവിടങ്ങളിൽ വസ്തുവകകൾ ഉണ്ടായിരുന്നു. എമ്മേലിയായ്ക്കും ബസേലിയോസിനും പത്തു മക്കൾ ഉണ്ടായിരുന്നു. അതിൽ ആൺ മക്കളിൽ മൂന്നുപേർ - വി. ബസേലിയോസ്, വി. ഗ്രിഗറി, സെബാസ്തേയിലെ വി. പീറ്റർ - എന്നിവർ ബിഷപ്പുമാരായി

www.malankaralibrary.com



സഭയിൽ സേവനം അനുഷ്ഠിച്ചു. മൂത്തമകൾ വി. മക്രീനാ ഒരു മഠം സ്ഥാപിച്ച് സന്യാസജീവിതം നയിച്ചു (ബസേലിയോസിന്റെ വല്യമ്മയുടെ പേരും ഇതു തന്നെ ആയിരുന്നു; അവരും സഭയിലെ വിശുദ്ധയാണ്).

തന്റെ വല്യമ്മ വി. മക്രീനായുടെ സംരക്ഷണത്തിലാണ് ബസേലിയോസ് വളരുന്നത്. ഈ സ്വാധീനം പിന്നീട് സന്യാസവഴിയിലൂടെ സഞ്ചരിക്കുന്നതിന് ബസേലിയോസിന് പ്രേരകമാവുകയും ചെയ്തു. നാട്ടിലെ പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം ബസേലിയോസ് കോൺസ്റ്റാന്റിനോപ്പിളിൽ ഉപരിപഠനത്തിനായി പോകുന്നു. അതിനുശേഷം അഞ്ചു വർഷത്തോളം പുരാതന ലോകത്തിലെ വിജ്ഞാനത്തിന്റെ കേന്ദ്രമായിരുന്ന ഗ്രീസിലെ ആഥൻസിൽ ഉപരിവിദ്യാഭ്യാസം നേടി. ഇവിടെയെല്ലാം അദ്ദേഹത്തിന്റെ ആത്മസുഹൃത്തായിരുന്ന ഗ്രിഗറി നസ്യാൻസനും ഒപ്പമുണ്ടായിരുന്നു. ആഥൻസിൽ ബസേലിയോസിന്റെ സഹപാഠി ആയിരുന്ന വിദ്യാർത്ഥിയാണ് പിന്നീട് ചക്രവർത്തിയായിത്തീർന്ന ജൂലിയൻ. ഇന്ന് ചരിത്രത്തിൽ ഈ ചക്രവർത്തി അറിയപ്പെടുന്നത് 'മതത്യാഗിയായ ജൂലിയോസ്' എന്നാണ്. (എ.ഡി. 361-ൽ ക്രിസ്തുമത വിശ്വാസം ഉപേക്ഷിച്ച് പേഗൻ വിശ്വാസം സ്വീകരിച്ചതുകൊണ്ടാണ് അദ്ദേഹത്തിന് ഇങ്ങനെയൊരു പേരുണ്ടായത്). വി. ഗ്രിഗറി നസ്യാൻസൻ തന്റെ സഹപാഠി ബസേലിയോസിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്, അദ്ദേഹം പഠനം പൂർത്തിയാക്കിയപ്പോൾ ഒരു മനുഷ്യന് അറിയാൻ സാധിക്കുന്നതെല്ലാം പഠിച്ചിരുന്നു എന്നാണ്.

**തീർത്ഥാടനം, ദാനധർമ്മം, സന്യാസം**

ആഥൻസിലെ പഠനം വിജയകരമായി പൂർത്തിയാക്കിയ ബസേലിയോസ് സേസറിയായിൽ തിരികെയെത്തി നിയമവും പ്രഭാഷണകലയും പഠിപ്പിച്ചു. ഇക്കാലയളവിലാണ് അദ്ദേഹത്തിന്റെ ഇളയ സഹോദരൻ നൗക്രാത്തിയൂസും മൂത്ത സഹോദരിയും അകാലത്തിൽ മരണപ്പെടുന്നത്. ഇത് ബസേലിയോസിന് വലിയ ദുഃഖം സമ്മാനിച്ചെങ്കിലും തന്റെ ക്രിസ്തീയ വിശ്വാസവെളിച്ചത്തിൽ ഈ പ്രതിസന്ധിയെ അദ്ദേഹം തരണം ചെയ്തു.

ഉന്നതവിദ്യാഭ്യാസം നേടി ജീവിതവിജയങ്ങൾ കൈവരിക്കാൻ ഒരുങ്ങിപ്പുറപ്പെട്ട ബസേലിയോസിനു മുൻപിൽ പ്രത്യക്ഷപ്പെട്ട ചില മഹത്വ്യക്തികളുടെ സാക്ഷ്യജീവിതങ്ങൾ അദ്ദേഹത്തിന്റെ മുന്നോട്ടുള്ള പ്രയാണം ആത്മീയ ദിശയിലൂടെ ആയിരിക്കാൻ പ്രചോദിപ്പിച്ചു. അതിൽ പ്രധാനപ്പെട്ടത് സേസറിയായിലെ ബിഷപ്പായിരുന്ന ദിയായൂസ് പിതൃവാത്സല്യത്തോടെ ബസേലിയോസിനെ കൈകാര്യം ചെയ്തതാണ്. ഈ ബിഷപ്പ് തന്നെ ആയിരിക്കണം അദ്ദേഹത്തെ മാമ്മോദീസ മുക്കിയതും ദേവാലയത്തിലെ വായനക്കാരനായി നിയമിച്ചതും. സെബാസ്തയിൽ നിന്നുള്ള ബിഷപ്പ് എവുത്താത്തിയൂസിനെ ഇക്കാലയളവിൽ ബസേലിയോസ് കണ്ടുമുട്ടുന്നു. ബസേലിയോസും മക്രീനയും സന്യാസജീവിതത്തിലേക്ക് ആകൃഷ്ടരാകുന്നത് ഇദ്ദേഹത്തിന്റെ സ്വാധീനത്തിലാണ്. സന്യാസിയാകാൻ തീരുമാനമെടുത്ത ശേഷം അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "എന്റെ സമയം വ്യാമോഹങ്ങളിലും, എന്റെ യൗവ്വനകാലം വ്യർത്ഥമായ കാര്യങ്ങൾക്കായും, ദൈവതിരുമുമ്പിൽ അർത്ഥശൂന്യമായി കാണപ്പെടുന്ന ലോകവിജ്ഞാനത്തിന്റെ ഭക്തിയിലും ഞാൻ ദുർവ്യയം ചെയ്തു. പെട്ടെന്ന് ഞാൻ ഒരു ഗാഢനിദ്രയിൽ നിന്നും ഉണരുകയും സുവിശേഷസത്യത്തിന്റെ പരമമായ വെളിച്ചത്തിൽ ഈ ലോകവിജ്ഞാനത്തിന്റെ ശൂന്യത വിവേചിച്ചറിയുകയും ചെയ്തു."



സന്യാസജീവിതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനായി ബസേലിയോസ് ഈജിപ്ത്, പാലസ്തീന, സിറിയ, മെസപ്പൊട്ടേമിയ പ്രദേശങ്ങൾ സന്ദർശിച്ചു. ഇവിടെയൊക്കെ കണ്ട ക്രിസ്തീയ സന്യാസിമാരുടെ ലളിതജീവിതത്തിലും ഭക്തിയിലും അദ്ദേഹത്തിന് വലിയ മതിപ്പ് തോന്നി. ഇക്കാലത്ത്, നിശയിലെ കൂരിരുട്ടിൽ നിന്നും പ്രഭാതത്തിൽ പ്രസരിക്കുന്ന മനോഹര വെളിച്ചത്തിലേക്ക് ഉണരുന്നവനെപ്പോലെ, സുവിശേഷസത്യങ്ങൾ തനിക്കു മുമ്പിൽ അനാവരണം ചെയ്യപ്പെട്ടുവെന്ന് ബസേലിയോസ് എഴുതുന്നു: "ഞാൻ സുവിശേഷം വായിക്കുകയും അതിന്റെ പ്രചോദനത്താൽ പൂർണ്ണത പ്രാപിക്കാൻ എന്റെ സ്വത്തുക്കൾ പാവങ്ങൾക്ക് വിഭജിച്ചു നൽകുകയും ചെയ്തു. എന്റെ ജീവിതത്തെക്കുറിച്ചുള്ള ആകുലതകൾ ഉപേക്ഷിക്കുകയും ഈ ലോകത്തിലെ ഏതെങ്കിലും വസ്തുക്കളിലേക്ക് എന്റെ ആത്മാവ് ആകർഷിക്കപ്പെടാതിരിക്കാനും ഞാൻ ശ്രദ്ധിച്ചു."

www.malankaralibrary.com



വിശുദ്ധ നാട്ടിലേക്കുള്ള യാത്രയ്ക്കുശേഷമാണ് തന്റെ ദേശത്ത് തിരികയെത്തി ഐറിസ് നദിയുടെ സമീപത്തായി അന്നേസി എന്ന സ്ഥലത്ത് പരിത്യാഗത്തിന്റെയും ഏകാന്തത യുടെയും ഒരു ജീവിതം നയിക്കാൻ അദ്ദേഹം ഇറങ്ങിപ്പുറ പ്പെട്ടത്. തന്റെ സമ്പാദ്യമെല്ലാം മറ്റുള്ളർക്ക് നൽകി, രാത്രിയിൽ ചാക്കുടുത്തു, പകൽ ഒരു കുപ്പായം ധരിച്ചു, തറയിൽ കിടന്നു റങ്ങി, ലളിതമായ ഭക്ഷണം കഴിച്ചു, ജീവിതം തുടങ്ങി. ഈ ജീവിതം കണ്ടുകൊണ്ട് അനേകർ അദ്ദേഹത്തെ അനു കരി ക്കാൻ തയ്യാറായി. ഒരു സന്യാസിയായി, വിശുദ്ധജീവിതം നയിക്കുന്നവനായി മാറുന്നതിനായി ബസേലിയോസ് തന്നെ ത്തന്നെ ദൈവത്തിന് പൂർണ്ണമായും വിട്ടുകൊടുത്തു.

ഏകാന്ത സന്യാസത്തിലേക്കുള്ളതല്ല തന്റെ വിളി എന്ന് വളരെ വേഗം ബസേലിയോസ് തിരിച്ചറിയുന്നു. എ.ഡി. 358 ആകുമ്പോഴേക്കും തന്റെ സഹോദരൻ പീറ്റർ ഉൾപ്പെടെയുള്ള സമാനമനസ്ക്കരായ ശിഷ്യന്മാരുടെ ഒരു ഗണം അദ്ദേഹ ത്തിന്റെ കൂടെ ഉണ്ടായി. അമ്മ എമ്മേലിയയും സഹോദരി മക്രീനയും മറ്റനേകം സ്ത്രീകളും സന്യാസപാത തിരഞ്ഞെ ടുക്കുകയും ചെയ്തു. (ചില ചരിത്രഗ്രന്ഥങ്ങളിൽ മക്രീന ഒരു ആശ്രമം സ്ഥാപിച്ചു സമാനമനസ്കരായ സ്ത്രീകളുമായി സന്യാസജീവിതം തുടങ്ങിയിരുന്നു എന്നും രേഖപ്പെടുത്തി യിട്ടുണ്ട്).

**സന്യാസ നിയമരൂപീകരണം**

സന്യാസം സമൂഹമായി ജീവിക്കുന്നതിന് നിയതമായ നിയമങ്ങൾ അനിവാര്യമാണെന്ന തിരിച്ചറിവിൽ നിന്നാണ് ബസേലിയോസ് തന്റെ നിയമക്രോഡീകരണം ആരംഭിക്കു ന്നത്. പൗരസ്ത്യ സഭയിൽ പിന്നീട് വലിയ സ്വാധീനം ചെലുത്തിയ ഈ നിയമങ്ങൾ ആശ്രമജീവിതത്തിന്റെ ആരം ഭത്തിൽ തന്നെ ബസേലിയോസ് രൂപകൽപന ചെയ്തതാണ്. പൊന്തൂസിൽ ആയിരുന്ന സമയത്ത് ആശ്രമനിയമങ്ങൾ ചെറുതായി രൂപപ്പെടുത്തുകയും സേസറിയായിലെ വാസ കാലത്ത് അത് വിപുലപ്പെടുത്തുകയും ചെയ്തു. ബസേലി യോസ് കുട്ടികളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുന്ന തിന് പാഠശാലകൾ തുടങ്ങുകയും അവിടെ നിന്ന് സന്യാസ അഭിരുചിയുള്ളവരെ പിന്നീട് തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു.

എ.ഡി. 358 മുതൽ 364 വരെയുള്ള കാലയളവിൽ അദ്ദേഹം രൂപപ്പെടുത്തിയ ഈ നിയമങ്ങൾ 'ബസീലിയൻ നിയമങ്ങൾ' എന്ന പേരിലും അറിയപ്പെടുന്നു. തെബൈദിലെ വി. പക്കോമിയോ സിന്റെ ആശ്രമജീവിതവും ഈ നിയമങ്ങൾ രൂപപ്പെടുത്തുന്നതിൽ ബസേലിയോസിനെ സ്വാധീനിച്ചി ട്ടുണ്ട്. വളരെ ലളിതവും കർശനവുമായ നിയമങ്ങളനുസരിച്ച് ഒന്നിച്ചു ജീവിക്കുന്ന സന്യാസികളുടെ കൂട്ടായ്മ ആയിരുന്നു ഇത്. മരുഭൂമിയിലെ ഏകാന്തജീവിതം നയിച്ചിരുന്ന വി. അന്തോണിയോസിനെ പോലെയുള്ളവർ അനുഷ്ഠി ച്ചിരുന്ന കർശന താപസശൈലി അദ്ദേഹം ഒഴി വാക്കി. രണ്ടു ഭാഗങ്ങളായാണ് ഈ നിയമങ്ങൾ എഴുതിയിരിക്കുന്നത്. 'റെഗുള ഫൂസിയൂസ് ത്രക്താത്തേ'യിൽ അൻപത്തിയഞ്ചും 'റെഗുള ബ്രേവിയൂസ് ത്രക്താത്തേ'യിൽ മുന്നൂറ്റി പതിമൂന്നും നിയമങ്ങൾ കണ്ടെത്തുന്നു. ചോദ്യോത്തര രൂപത്തിൽ ക്രമീകരിച്ചിരിക്കുന്ന ഈ നിയമങ്ങൾ ഒരു സന്യാസിക്ക് ദൈവപ്രീതിയിൽ എങ്ങനെ ജീവിക്കാൻ സാധിക്കുമെന്നു പറയുന്നു. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്യതങ്ങൾ അനുഷ്ഠിച്ച്, ആരാധനക്രമമനുസരിച്ചുള്ള പ്രാർത്ഥ നയിൽ ജീവിച്ച്, ശാരീരിക-ബൗദ്ധിക ഉദ്യമത്തിൽ ഏർപ്പെടുന്നതിന്, ഈ നിയമങ്ങൾ സന്യാസിയെ സഹായി ക്കുന്നു.

**സഭാ കൗൺസിലുകൾ**

എ.ഡി. 359-ൽ റോമൻ ചക്രവർത്തി കോൺസ്റ്റാൻ സിയൂസ് കോൺസ്റ്റാന്റിനോപ്പിളിൽ വിളിച്ചു ചേർത്ത കൗൺസിലിൽ ബസേലിയോസ് സംബന്ധിച്ചു. ഈ സമയത്ത് അദ്ദേഹം വൈദികപട്ടം സ്വീകരിക്കാത്ത ഒരു സന്യാസി മാത്രമായിരുന്നു. സന്യാസത്തിൽ തന്റെ വഴികാട്ടിയായ സെബാസ്തേയിലെ എവുസ്താത്തിയൂസിനെ അനുകൂലിക്കുന്ന നിലപാട് ഈ കൗൺസിലിൽ ബസേലി യോസ് സ്വീകരിച്ചു. ഇത് ആര്യനിസത്തെ എതിർക്കുന്ന



www.malankaralibrary.com





തായിരുന്നുവെങ്കിലും പൂർണ്ണമായും നിഖ്യാ സുന്നഹദോസിന്റെ തീരുമാനത്തിന് അനുകൂലവുമായിരുന്നില്ല. ബസേലിയോസ് വിശദമായ പഠനത്തിനുശേഷം നിഖ്യാ വിശ്വാസ പ്രമാണത്തിന്റ വലിയ വക്താവായി മാറുകയും എവുസ്താത്തിയൂസിന്റെ ചില നിലപാടുകളോട് വിയോജിക്കുകയും ചെയ്തു.

സഭയിലെ രണ്ടാം എക്കുമെനിക്കൽ സുന്നഹദോസായ ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസ് എ.ഡി. 381-ലാണ് സമ്മേളിക്കുന്നത്. റോമൻ ചക്രവർത്തിയായ തിയഡോഷ്യസ് വിളിച്ചുകൂട്ടിയ ഈ സമ്മേളനത്തിന് അന്ത്യോഖ്യൻ പാത്രിയർക്കീസ് മെലേത്തിയൂസും അദ്ദേഹത്തിന്റെ മരണശേഷം കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് നിസ്സായിലെ ഗ്രിഗറിയും, പിന്നീട് നെക്ത്താറിയൂസും ആദ്ധ്യക്ഷം വഹിച്ച ഒരു സഭാകൗൺസിലായിരുന്നു ഇത്. ബസേലിയോസ് അന്തരിച്ചതിന് രണ്ടു വർഷങ്ങൾക്കു ശേഷമാണ് കൂടുന്നതെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് വലിയ പ്രാമുഖ്യം ലഭിച്ച ഒരു എക്കുമെനിക്കൽ സുന്നഹദോസ് കൂടിയായിരുന്നു ഇത്.

### സേസറിയായിലെ ബിഷപ്പ്

എ.ഡി. 362-ൽ അന്ത്യോഖ്യയിലെ ബിഷപ്പായിരുന്ന മെലെത്തിയൂസ് ബസേലിയോസിനെ ഒരു ശെമ്മാശ്ശനായി അഭിഷേകം ചെയ്തു. മൂന്നു വർഷങ്ങൾക്കു ശേഷം ബിഷപ്പ് എവുസേബിയസ് അദ്ദേഹത്തെ സേസറിയായിലേക്ക് വിളിച്ചുവരുത്തുകയും വൈദിനായി അഭിഷേചിക്കുകയും ചെയ്തു. പൗരസ്ത്യസഭയിൽ പലേടത്തും ഇക്കാലയളവിൽ ശക്തി പ്രാപിച്ചുകൊണ്ടിരുന്ന ആര്യൻ പാഷണ്ഡതയെ പ്രതിരോധിക്കുന്നതിന് ബസേലിയോസ് മുന്നിട്ടിറങ്ങി. സഭയിൽ പാഷണ്ഡികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് തന്റെ സുഹൃത്തായ ഗ്രിഗറി നസ്യാൻസനേയും ഒപ്പം കൂട്ടി. ഇവർ ഒരുമിച്ചു ആര്യൻ ദൈവശാസ്ത്രജ്ഞന്മാരുമായി സംവാദത്തിന് മുതിരുകയും എല്ലായിടത്തും അവരെ പരാജയപ്പെടുത്തുകയും ചെയ്തു. പൂർണ്ണമായും സന്യാസ ജീവിതത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ ആഗ്രഹിച്ച ഈ പുണ്യപിതാക്കൾക്ക് അങ്ങനെ സാഹചര്യത്തിന്റെ സമ്മർദ്ദം കാരണം സഭയുടെ അനുദിന ഭരണകാര്യങ്ങളിൽ കൂടുതൽ ഇടപെടേണ്ടി വന്നു.

അധികം താമസിയാതെ ബസേലിയോസ് സേസറിയ നഗരത്തിന്റെയും ഭരണച്ചുമതല ഏറ്റെടുത്തു. എ.ഡി. 370-ൽ സേസറിയായിലെ ബിഷപ്പ് മരിക്കുമ്പോൾ ബസേലിയോസിനെ അടുത്ത ബിഷപ്പായി തിരഞ്ഞെടുക്കുകയും അദ്ദേഹം 370 ജൂൺ 14-ന് അഭിഷിക്തനാവുകയും ചെയ്തു. അഞ്ച് സാമന്ത രൂപതകളാണ് സേസറിയായുടെ കീഴിൽ അക്കാലത്ത് ഉണ്ടായിരുന്നത്. അദ്ദേഹത്തെ പല കാരണങ്ങളാൽ എതിർത്തിരുന്ന കുറേപ്പേർ ഉണ്ടായിരുന്നുവെങ്കിലും ബസേലിയോസിന്റെ കഴിവും സാമർത്ഥ്യവും വിശുദ്ധിയും ഇവരുടെ ഉദ്യമങ്ങളെ പരാജയപ്പെടുത്തി.

ആര്യനിസത്തെ നേരിടുക എന്നത് അദ്ദേഹത്തിന്റെ മെത്രാൻ ജീവിതത്തിലെ വലിയ വെല്ലുവിളി ആയിരുന്നു. യേശുക്രിസ്തു ദൈവപിതാവിന് സമനല്ല എന്ന വാദഗതിക്ക് ഒരുപാട് അനുയായികളുണ്ടായി. ഇത് സഭയുടെ ഐക്യത്തിന് വലിയ വെല്ലുവിളി ഉയർത്തി. പാശ്ചാത്യസഭയുമായി ബന്ധം സ്ഥാപിക്കുകയും പിന്നീട് അത്തനാസിയൂസിന്റെ സഹായം തേടുകയും ചെയ്തു. ഡമാസൂസ് മാർപാപ്പയുമായി കത്തിടപാടുകൾ നടത്തി അദ്ദേഹത്തിന്റെ സഹായവും തേടി.

www.malankaralibrary.com



**പാവങ്ങളുടെ പക്ഷം ചേർന്നവൻ**

തന്റെ നഗരത്തിലെ കള്ളന്മാരെയും വേശ്യകളെയും നന്മയുടെ പാതയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ബസേലിയോസ് ആരംഭിച്ചു. തന്റെ വൈദികരോട് സമ്പത്തിന്റെ ആകർഷണത്തിൽപെടുകയോ, തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുകയോ, ജോലി ചെയ്യാതെ വെറുതെ നടക്കുകയോ ചെയ്യരുത്, എന്ന് ഉപദേശിച്ചുകൊണ്ട് നിരവധി ലേഖനങ്ങൾ അദ്ദേഹം എഴുതി. ബിഷപ്പ് തന്നെ വ്യക്തിപരമായി വൈദികാർത്ഥികളെ കാണുകയും യോഗ്യരായവർ മാത്രമേ വൈദികവൃത്തിയിലേക്ക് വരുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പരാജയപ്പെടുന്ന പൊതുസേവകരെ വിമർശിക്കുന്നതിൽ അദ്ദേഹം യാതൊരു മടിയും കാണിച്ചില്ല. സെസാറിയ നഗരത്തിന് പുറത്ത് 'ബസീലിയ' എന്ന പേരിൽ ഒരു വലിയ ജനസേവനകേന്ദ്രം പണിതുയർത്തുകയും പാവങ്ങളെയും, അനാഥരെയും അവിടെ സംരക്ഷിക്കുകയും ചെയ്തു. അതു കൂടാതെ രോഗികളെ ശുശ്രൂഷിക്കുന്ന പ്രത്യേക ഭവനങ്ങളും ആശുപത്രിയും പണിയുകയും അതിന്റെ മേൽനോട്ടം നേരിട്ട് നിർവ്വഹിക്കുകയും ചെയ്തു. ഗ്രിഗറി നസ്യാൻസൻ 'ലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്ന്' എന്നാണ് 'ബസീലിയ' സംവിധാനത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

വളരെ തിരക്കുള്ള ജോലികളിൽ മുഴുകുമ്പോഴും തന്റെ മതാചാരനിഷ്ഠയിൽ യാതൊരു വിട്ടുവീഴ്ചയും അദ്ദേഹം വരുത്തിയില്ല. കർക്കശ്യത്തോടെ പെരുമാറുമ്പോഴും തന്റെ പ്രതിയോഗികളിലുള്ള നന്മകൾ അംഗീകരിക്കാനും അദ്ദേഹം തയ്യാറായിരുന്നു. സത്യം ബലികഴിക്കാതെ ചില സമയങ്ങളിലൊക്കെ സഭയിൽ സമാധാനം പുലരുന്നതിനായി അദ്ദേഹം വലിയ വിട്ടുവീഴ്ചകൾ ചെയ്തിരുന്നു.

**മൊഡെസ്തൂസിന്റെ ഭീഷണികൾ**

ആര്യൻ അനുഭാവി ആയിരുന്ന വാലെൻസ് ചക്രവർത്തി തന്റെ പ്രീഫെക്റ്റ് ആയിരുന്ന മോഡസ്തൂസിനെ ബസേലിയോസിനെ അനുനയിപ്പിക്കുന്നതിനായി അദ്ദേഹത്തിന്റെ അടുത്തേക്ക് അയച്ചു. മൊഡെസ്തൂസിനോട് വളരെ സൗമ്യതയോടെ പെരുമാറിയ ബസേലിയോസ് അദ്ദേഹത്തിന്റെ കൂടെ വന്ന ആര്യൻ പക്ഷപാതികളായ ബിഷപ്പുമാരോട് സംസാരിക്കാൻ വിസമ്മതിച്ചു. പകരം ദേവാലയത്തിലേക്ക് അവരെ ആനയിച്ചു പ്രാർത്ഥിക്കുകയും ആര്യൻ പാഷണ്ഡതക്കെതിരെ അവരോട് സംസാരിക്കുകയും ചെയ്തു. ഇതിൽ പ്രകോപിതരായി മൊഡെസ്തൂസിനെ അനുധാവനം ചെയ്തവർ ചക്രവർത്തിയെ ധിക്കരിച്ച ബസേലിയോസിനെ ശിക്ഷിക്കണമെന്നു വാദിച്ചു. മൊഡെസ്തൂസ് പ്രീഫെക്റ്റ് ആണെങ്കിലും ദൈവസൃഷ്ടി മാത്രമാണെന്നും തന്റെ ഏതൊരു വിശ്വാസിയെയും പോലെയേ അദ്ദേഹത്തെയും കാണാൻ കഴിയൂ എന്നും ബസേലിയോസ് നിലപാടെടുത്തു. ഇതിൽ പ്രകോപിതനായി മൊഡെസ്തൂസ് തന്റെ ഇരിപ്പിടത്തിൽ നിന്നും ചാടിയെഴുന്നേറ്റ് ബസേലിയോസ് തന്റെ അധികാരത്തെ ഭയക്കുന്നില്ലേ എന്ന് ആരാഞ്ഞു. തനിക്ക് സ്വത്തുക്കൾ പിടിച്ചെടുക്കാനും, നാടുകടത്താനും, കൊല്ലാനും അധികാരമുണ്ട് എന്ന് അദ്ദേഹം ആക്രോശിച്ചപ്പോൾ ബസേലിയോസ് ഇപ്രകാരം പ്രത്യുത്തരിച്ചു: "ഇപ്പറഞ്ഞ വാക്കുകൾ എന്നിൽ യാതൊരു ഭയവും ജനിപ്പിക്കാൻ പര്യാപ്തമല്ലാത്തതിനാൽ താങ്കൾ മറ്റെന്തെങ്കിലും ഭീഷണികൾ ഉപയോഗിക്കുക. കുറേ പുസ്തകങ്ങളും ഉടുത്തിരിക്കുന്ന വസ്ത്രവും മാത്രം നഷ്ടപ്പെടാനുള്ള എനിക്ക് സ്വത്തുക്കൾ കണ്ടുകെട്ടുന്നത് ഒരു നഷ്ടമല്ല. നാടുകടത്തുന്നതിനെക്കുറിച്ചു ഞാൻ ഭയക്കുന്നില്ല, കാരണം ഏതെങ്കിലും ഒരു സ്ഥലത്തോട് എനിക്ക് പ്രത്യേക താൽപര്യങ്ങളില്ല. എല്ലായിടവും ദൈവത്തിന്റെ വാസസ്ഥലമായതുകൊണ്ടു ഞാൻ പോകുന്ന ഇടങ്ങൾ എല്ലാം തന്നെ എന്റെ ഭവനമാണ്. ഈ ലോകത്തിൽ താൽകാലിക വാസത്തിന് വന്ന ഒരു തീർത്ഥാടകൻ മാത്രമാണ് ഞാൻ. ആദ്യപ്രഹരത്തിൽ തന്നെ തകർന്നുപോകുന്ന എന്റെ ബലഹീനമായ ഈ ശരീരത്തെ പീഡകർക്ക് അധികനേരം ഒന്നും ചെയ്യാൻ സാധിക്കില്ല. എന്നെ ഒരു പ്രാവശ്യം പ്രഹരിക്കുക, മരണം നേട്ടമായി ഞാൻ ഏറ്റെടുക്കും. ആർക്കു വേണ്ടി ഞാൻ ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നുവോ അവന്റെ സന്നിധിയിലേക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിന് അപ്പോൾ എനിക്ക് സാധിക്കും. ഈ ലോകത്തിൽ ജീവിക്കുന്നതിനേക്കാൾ ദൈവസന്നിധിയിലേക്ക് യാത്രയാകുന്നതിനായി അനേക നാളായി ഞാൻ ഒരുങ്ങുന്നവനാണ്."

ഈ വാക്കുകൾ കേട്ട് കൂടുതൽ പ്രകോപിതനായി തന്നോട് ആരും ഇതുവരെ ഈ രീതിയിൽ സംസാരിച്ചിട്ടില്ല എന്ന് മൊഡെസ്തൂസ് പ്രത്യുത്തരിച്ചു. അതിന് മറുപടിയായി ശാന്തനായി ബസേലിയോസ് ഇപ്രകാരം പ്രതിവചിച്ചു: "ഒരുപക്ഷേ, മൊഡെസ്തൂസ് ഒരു ബിഷപ്പിനോട് ഇതുവരെ സംസാരിച്ചിട്ടുണ്ടാവില്ല."

**ചക്രവർത്തിയുടെ സന്ദർശനം**

മൊഡെസ്തൂസ്, ചക്രവർത്തിയുടെ അരികിലെത്തി ഇപ്രകാരം പറഞ്ഞു: "നമ്മൾ സഭയുടെ ഈ ബിഷപ്പിനാൽ അപമാനിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം നമ്മുടെ ഭീഷണികൾക്കും ഉപരിയാണ്. തന്റെ തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുന്നവനാണ്. യാതൊരു തരത്തിലുള്ള പ്രലോഭനത്തിനും വശംവദനാകാത്തവനാണ്. നമ്മൾ ചില അനുചിതമായ മാർഗ്ഗങ്ങൾ അനുവർത്തിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ ബലപ്രയോഗത്തിലൂടെ മാത്രമേ അദ്ദേഹത്തെ കീഴ്പ്പെടുത്താൻ സാധിക്കുകയുള്ളൂ." ഇത് കേട്ടപ്പോൾ ബസേലിയോസിനെ എങ്ങനെയെങ്കിലും വരുതിയിലാക്കുക എന്ന ലക്ഷ്യത്തോടെ ചക്രവർത്തി രണ്ടു പ്രതിനിധികളെ അയക്കുന്നു. ഒന്നാമത്തെ ആൾ അദ്ദേഹത്തെ പ്രശംസിക്കുകയും അതുവഴി ബസേലിയോസിന്റെ പ്രീതി സമ്പാദിച്ച് മനസ് മാറ്റുന്നതിന് ശ്രമിക്കണം. ഈ പരിശ്രമം പരാജയത്തിൽ കലാശിക്കുന്ന പക്ഷം രണ്ടാമത്തെ ആൾ വാളു കൊണ്ട് അദ്ദേഹത്തെ കീഴ്പ്പെടുത്താൻ ശ്രമിക്കണം. എന്നാൽ ബസേലിയോസിന്റെ അരികിലെത്തിയ ഇവർ രണ്ടു പേരും അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന് മുൻപിൽ പരാജയപ്പെട്ടു തിരികെ പോകേണ്ടിവന്നു.

അവസാനം ചക്രവർത്തി തന്നെ കപ്പഡോസിയയിലെ സേസറിയായിൽ നേരിട്ട് ചെല്ലുന്നതിന് തീരുമാനിച്ചു. എ.ഡി. 372-ൽ എപ്പിഫനി തിരുനാൾ ദിനത്തിൽ വാലെൻസ്

www.malankaralibrary.com



ചക്രവർത്തി പരിവാരസമേതം ബസേലിയോസിനെ കാണാനെത്തി. ബസേലിയോസ് ദേവാലയത്തിൽ ആരാധന നടത്തുന്ന സമയത്ത് ചക്രവർത്തി എത്തുന്നത് നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിച്ചു. ആരാധനയിൽ ലയിച്ചിരിക്കുന്ന ബിഷപ്പും വൈദികരും വിശ്വാസികളും ചക്രവർത്തിയെയും കൂടെയുള്ളവരെയും ശ്രദ്ധിച്ചില്ല. ബിഷപ്പ് ഭക്തിയോടും സമചിത്തതയോടും അൾത്താരയിൽ നിന്നുകൊണ്ട് ആരാധനക്ക് നേതൃത്വം നൽകി. ദേവാലയത്തിൽ ബിഷപ്പിന്റെ നേതൃത്വത്തിൽ പുരോഹിതരും ദൈവജനവും ഒന്നിച്ച് ദൈവത്തെ ആരാധിക്കുന്നത് ചക്രവർത്തിക്ക് മനോഹരമായ ഒരു അനുഭവം സമ്മാനിച്ചു. ആരാധന കഴിഞ്ഞ് ബസേലിയോസ് ചക്രവർത്തിയെ ബഹുമാനത്തോടെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സമ്മാനങ്ങൾ വാങ്ങുകയും ചെയ്തു. എന്നാൽ വിശ്വാസകാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറായില്ല. ബസേലിയോസിന്റെ ഭക്തിയിലും കാരുണ്യപ്രവർത്തനങ്ങളിലും മതിപ്പ് തോന്നിയ ചക്രവർത്തി അദ്ദേഹത്തിനു വസ്തുവകകളും മറ്റ് ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്തിട്ടാണ് അവിടെ നിന്നും തിരികെ പോയത്.

പിന്നീട് ആര്യനിസത്തിന്റെ വക്താക്കളുടെ സ്വാധീനത്തിൽപെട്ട് വാലൻസ് ചക്രവർത്തി ബസേലിയോസിനെ നാടുകടത്താൻ ആലോചിക്കുന്നു. ഈ ഉത്തരവ് നടപ്പാക്കാൻ ഒരുമ്പെടുന്ന സമയത്താണ് അദ്ദേഹത്തിന്റെ ആറുവയസുള്ള മകൻ, ഗലാത്തസ് രോഗബാധിതനാകുന്നത്. ചക്രവർത്തി ബസേലിയോസിനെ വിളിച്ചുവരുത്തി അവനുവേണ്ടി പ്രാർത്ഥിപ്പിക്കുകയും അങ്ങനെ മകൻ സുഖം പ്രാപിക്കുകയും ചെയ്തു. എന്നാൽ തന്റെ മകനെ സത്യവിശ്വാസത്തിൽ മാമ്മോദീസാ മുക്കാം എന്ന വാഗ്ദാനം മറന്ന് ആര്യൻ വിശ്വാസത്തിൽ മാമ്മോദീസ നൽകി. അധികം കഴിയുന്നതിനു മുൻപ് കുട്ടി മരിക്കുന്നു. ചക്രവർത്തി വീണ്ടും ബസേലിയോസിനെ നാടുകടത്താനായി ഉത്തരവ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഒപ്പിടുന്നതിനായി പേന കയ്യിൽ എടുത്തപ്പോൾ അത് താഴെ വീണ് മൂന്നായി ഒടിഞ്ഞു എന്ന ഒരു കഥയും ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ട്.

**ബിഷപ്പുമാർക്കൊരു മാതൃക**

വി. അത്തനേഷ്യസിനു ശേഷം പൗരസ്ത്യ റോമൻ സാമ്രാജ്യത്തിൽ ആര്യൻ പാഷണ്ഡതകൾക്കെതിരെ വിശ്രമമില്ലാതെ പോരാടിയ സത്യവിശ്വാസത്തിന്റെ മുന്നണിപ്പോരാളിയായ ബസേലിയോസ്. എല്ലാ നന്മകളുടെയും സംഗ്രഹമായിരുന്നു. ഒരു പണ്ഡിതനായ ദൈവശാസ്ത്രജ്ഞൻ, സംഘാടകൻ, ഇരുത്തം വന്ന പ്രസംഗകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം അദ്ദേഹം വിളങ്ങി. വ്യക്തിജീവിതത്തിൽ സന്യാസചൈതന്യം നിലനിർത്തുകയും പാവങ്ങളോടുള്ള സ്നേഹത്തിൽ തനിക്കുള്ളതെല്ലാം അവർക്ക് നൽകുകയും ചെയ്തു. സമ്പന്നരോട് അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു: "നമ്മുടെ അത്യാവശ്യ ജീവിതത്തിന് വേണ്ടതെല്ലാം കഴിഞ്ഞുള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ ഒരുമ്പെടുമ്പോൾ നമ്മുടെ ഇടയിൽ പാവപ്പെട്ടവനോ, പണക്കാരനോ എന്ന വ്യത്യാസമില്ലാതാകും." എല്ലാത്തിലും ഉപരിയായി വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതമായിരുന്നു അദ്ദേഹത്തിന്റെ പ്രബോധങ്ങളെല്ലാം തന്നെ. എന്നിരുന്നാലും സഭാപിതാക്കന്മാരിൽ ആദ്യമായി പുറജാതികളുടെ ഇതിഹാസകൃതികൾ പഠിക്കണമെന്ന് നിർദ്ദേശിച്ച അദ്ദേഹത്തിന്റെ തുറവി കാലത്തിന് അതീതവുമായിരുന്നു.

വലിയ പ്രതിസന്ധികളെ സഭയ്ക്കകത്തും പുറത്തും നേരിട്ടപ്പോഴും ഭക്തജീവിത പ്രോത്സാഹനവും ആരാധനക്രമ നവീകരണവും സഭയിൽ അച്ചടക്കം നടപ്പാക്കുന്നതിനുള്ള പരിശ്രമങ്ങളും തന്റെ അജപാലനശുശ്രൂഷയിൽ വരുന്ന വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളുടെ നടത്തിപ്പും ബസേലിയോസ് അതീവശ്രദ്ധയോടെ മുന്നോട്ട് കൊണ്ടുപോയി. കേവലം ഒൻപതു വർഷം മാത്രമാണ് അദ്ദേഹം മേൽപ്പട്ടസ്ഥാനം അലങ്കരിച്ചത്. എന്നിരുന്നാലും കത്തോലിക്കാ വിശ്വാസത്തിന്റെ മാതൃകയാക്കി തന്റെ രൂപതയെ അദ്ദേഹം പരിവർത്തനപ്പെടുത്തി. എക്കാലത്തെയും മെത്രാന്മാരുടെ ഒരു മാതൃകയായിട്ടാണ് വി. ബസേലിയോസിനെ സഭ അവതരിപ്പിക്കുന്നത്.

**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

കഠിനാദ്ധ്വാനിയായിരുന്ന ബസേലിയോസിന്റെ ജീവിതത്തിൽ ധാരാളം സഹനങ്ങളും കൂടെപ്പിറപ്പായി ഉണ്ടായിരുന്നു. ആര്യനിസത്തെ പരാജയപ്പെടുന്നതിന് നേതൃത്വം നൽകിയ വി. അത്തനേഷ്യസ് 373-ലും, നീസായിലെ ഗ്രിഗറി (Gregory of Nazianzus the Elder) 374-ലും ഈ ലോകത്തിൽ നിന്നും യാത്രയായത് ബസേലിയോസിനെ വല്ലാതെ ഉലച്ചു. അന്ത്യോഖ്യൻ സഭയിലെ വിശ്വാസ സംബന്ധ പ്രശ്നങ്ങളും ഗോത്തിക്ക് വംശജർ റോമൻ സാമ്രാജ്യത്തെ അക്രമിച്ചതും, തന്റെ ആവശ്യങ്ങളോടുള്ള റോമൻസഭയുടെ തണുത്ത പ്രതികരണങ്ങളും, അദ്ദേഹത്തിന് ദുഃഖം സമ്മാനിച്ചിട്ടുണ്ട്. തന്റെ സഭയ്ക്കു വേണ്ടിയുള്ള നീണ്ട അദ്ധ്വാനങ്ങൾ വൃഥാവിലായോ എന്ന ചിന്ത അവസാനകാലങ്ങളിൽ അദ്ദേഹത്തെ അലട്ടിയിരുന്നു.

എ.ഡി. 379 ജനുവരി ഒന്നിന് സഭയുടെ എക്കാലത്തെയും ജ്വലിക്കുന്ന താരങ്ങളിലൊരാളായ മഹാനായ വി. ബസേലിയോസ് തന്റെ നാൽപത്തൊമ്പതാം വയസിൽ നിത്യസമ്മാനത്തിനായി ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. അദ്ദേത്തിന്റെ ഭൗതീകശരീരം ദർശിക്കുന്നതിനായി സഭാ വിശ്വാസികൾ കൂടാതെ യഹൂദന്മാരും പുറജാതികളും വിദേശികളും ഉൾപ്പെടുന്ന അനേകം ജനങ്ങൾ വന്നു എന്ന് ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പൗരസ്ത്യസഭകളിൽ ജനുവരി ഒന്നിനും പാശ്ചാത്യസഭയിൽ ജനുവരി രണ്ടിനുമാണ് അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നത്. ഇതു കൂടാതെ പൗരസ്ത്യസഭകളിൽ വി. ബസേലിയോസ്, വി. ഗ്രിഗോറിയോസ്, വി. ജോൺ ക്രിസോസ്റ്റം എന്നിവരുടെ തിരുനാൾ ജനുവരി മുപ്പതിന് സംയുക്തമായി ആഘോഷിക്കപ്പെടുന്നു. ബസീലിയൻസ്, ഗ്രിഗോറിയൻസ്, ഇവാനിയൻസ് എന്നീ മൂന്ന് വിഭാഗങ്ങൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായി എ.ഡി. 1081-ൽ ജോൺ മവ്റോപൂസ് (പിന്നീട് ബിഷപ്പ്) എന്ന വിശുദ്ധനായ സന്യാസി തനിക്ക് ഇവർ മൂന്നു പേരും പ്രത്യക്ഷപ്പെട്ടു സ്വർഗ്ഗത്തിൽ തുല്യസ്ഥാനീയരാണെന്ന് വെളിപ്പെടുത്തി എന്ന് അവകാശപ്പെടുകയും അങ്ങനെ മൂന്ന് പേരുടെയും തിരുനാൾ ഒരുമിച്ച് ആഘോഷി

www.malankaralibrary.com



ക്കാൻ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് ജോൺ മുകൈയ്യെടുക്കുകയും ചെയ്തു. എ.ഡി. 1568-ൽ പിയൂസ് അഞ്ചാമൻ മാർപാപ്പ ജോൺ ക്രിസോസ്റ്റം, നിസ്സായിലെ ഗ്രിഗറി, അലക്സാൻഡ്രിയായിലെ അത്തനേഷ്യസ് എന്നിവരോടൊപ്പം മഹാനായ വി. ബസേലിയോസിനെയും സഭയിലെ വേദപാരംഗതരുടെ ഗണത്തിലേക്ക് ഉയർത്തി.

**ദൈവശാസ്ത്ര സംഭാവനകൾ**

വി. ബസേലിയോസിന്റെ രചനകളെ പഠനസൗകര്യ ത്തിനായി താഴെ പറയുന്ന രീതിയിൽ വിഭജി ച്ചിരിക്കുന്നു.

1. പ്രാമാണിക പഠനങ്ങൾ
2. വ്യാഖ്യാന കൃതികൾ
3. താപസജീവിതം
4. പ്രസംഗങ്ങൾ
5. ലേഖനങ്ങൾ
6. ആരാധനക്രമ രചനകൾ

വി. ബസേലിയോസിന്റെ കൃതികൾ അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ ക്രിസ്തീയ വിശ്വാസികളെ കൂടാതെ പുറജാതികളും ധാരാളമായി വായിച്ചിരുന്നു. ആശയസ മ്പുഷ്ടവും രചനാശൈലിയിലും ഉന്നത നിലവാരം പുലർത്തിയ ഈ കൃതികൾ തന്റെ സഭ നേരിട്ടിരുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങളാ യിരുന്നു. ഇതിൽ ഏറ്റം പ്രധാനമായത് ആര്യൻ പാഷ ണ്ഡതയെ പ്രതിരോധിക്കുന്ന പുസ്തകങ്ങൾ, ലേഖനങ്ങൾ, പ്രസംഗങ്ങൾ തുടങ്ങിയവ ആയിരുന്നു. കൂടാതെ, സാധാരണ ക്രിസ്തീയവിശ്വാസികളുടെ ധാർമ്മികനിലവാരം ഉയർത്തുന്ന തരത്തിലുള്ള നിയമങ്ങൾ രൂപപ്പെടുത്തുന്ന കൃതികളും അദ്ദേഹം രചിച്ചു. ഒറിജിന്റെ കൃതികളെ ബസേലിയോസ് വളരെയധികം ആദരിച്ചിരുന്നു. അതിന്റെ വെളിച്ചത്തിലാണ് വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്ധ്യാത്മികമാനം വെളിവാക്കുന്ന ഭാഷ്യങ്ങൾ തയ്യാറാക്കിയത്.

പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള കൃതികളാണ് വി. ബസേലിയോസിന്റെ ഏറ്റവും പ്രധാന ഗ്രന്ഥങ്ങൾ. ആര്യനിസത്തിന്റെയും അതിന് ശേഷവും ഉടലെടുത്ത ദൈവശാസ്ത്ര പ്രശ്നങ്ങൾക്കുള്ള ഉത്തരമായി പരിശുദ്ധാ ത്മാവിന്റെ ദൈവത്വം വെളിവാക്കുക എന്ന ലക്ഷ്യത്തോടെ എഴുതപ്പെട്ടവയാണ് ഇവ. ആര്യനിസത്തിന്റെ കടുത്ത വക്താ വായിരുന്ന സിസിക്കൂസിലെ എവ്ണോ മിയൂസിനെതിരെ എഴുതിയ മൂന്ന് ഗ്രന്ഥങ്ങളാണ് ഇവയിൽ പ്രധാനപ്പെട്ടത്. ഈ പുസ്തകം എഴു തിയത് മാസിഡോണിയൻ ദൈവശാ സ്ത്രജ്ഞർ പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുന്ന പ്രബോധനങ്ങൾ നടത്തിയപ്പോഴാണ്. 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയായിരിക്കട്ടെ' എന്ന പ്രാർത്ഥന അദ്ദേഹം മിക്കപ്പോഴും ഉപയോഗിക്കുകയും ചെയ്തിരുന്നു. ഈ കൃതിയിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വം അദ്ദേഹം അടിവരയിട്ടു സമർത്ഥിക്കുന്നു.

ബസേലിയോസ് ഒരു പേരുകേട്ട പ്രസംഗകൻ കൂടി ആയിരുന്നു. 'ആറു ദിനങ്ങളിലെ സൃഷ്ടി' (*Hexaëmeron*) എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന നോമ്പുകാല പ്രസംഗങ്ങൾ, സങ്കീർത്ത നങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തി യിരിക്കുന്ന വിചിന്തനങ്ങൾ... തുടങ്ങിയവ വളരെ പ്രധാന പ്പെട്ടതാണ്. ഇവയിൽ ബസേലിയോസിന്റേതായ ഇരുപത്തി നാല് പ്രസംഗങ്ങൾ പിൽക്കാല തലമുറയ്ക്ക് ലഭ്യമാണ്. ഇത് ക്രിസ്തീയ പ്രസംഗരിൽ ഒരു പ്രമുഖസ്ഥാനം അദ്ദേഹ ത്തിന് നേടിക്കൊടുത്തു. ധനത്തെക്കുറിച്ചും, പുറജാതിസാഹി ത്യത്തെക്കുറിച്ചും അദ്ദേഹം തന്റെ ജനത്തെ ബോധവത് ക്കരിച്ചിട്ടുണ്ട്. വി. ജോൺ ക്രിസോസ്റ്റത്തെപ്പോലെ പാവ ങ്ങൾക്കു വേണ്ടി എപ്പോഴും വാദിച്ചിരുന്ന ബിഷപ്പായിരുന്നു വി. ബസേലിയോസും. ഒരിക്കൽ അദ്ദേഹം ഇങ്ങനെ



www.malankaralibrary.com






പ്രസംഗിച്ചു: "നിങ്ങൾ കരുതിക്കൂട്ടി വച്ചിരിക്കുന്ന ഉപയോഗിക്കാത്ത അപ്പം പാവങ്ങളുടേതാണ്; നിങ്ങളുടെ പെട്ടിയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന വസ്ത്രം നഗ്നരുടേതാണ്; നിങ്ങളുടെ സ്വകാര്യമുറിയിൽ പൊടി പിടിച്ചിരിക്കുന്ന പാദരക്ഷകൾ ചെരുപ്പില്ലാതെ നടക്കുന്ന വരുടേതാണ്; ഭൂമിയിൽ നിങ്ങൾ കുഴിച്ചിട്ടിരിക്കുന്ന സ്വർണ്ണം പാവങ്ങൾക്ക് അവകാശപ്പെട്ടതാണ്."

എ.ഡി. 368-ലെ ക്ഷാമകാലത്ത് എഴുതപ്പെട്ട കൊള്ള പലിശയ്ക്കെതിരെയുള്ള ലേഖനം ധാർമ്മിക വിഷയങ്ങളെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട ഒരു പ്രബോധനമാണ്. അദ്ദേഹം രക്തസാക്ഷികളെക്കുറിച്ചും തിരുശേഷിപ്പുകളെ ക്കുറിച്ചും ആധികാരികമായി എഴുതിയിട്ടുണ്ട്. ചെറുപ്പക്കാ രോട് സാഹിത്യകൃതികൾ വായിക്കണമെന്നു പറഞ്ഞ് എഴുതിയിരിക്കുന്നത് തന്റെ തന്നെ അനുഭവത്തിന്റെ വെളി ച്ചത്തിലാണ്.

'മഹാനായ വി. ബസേലിയോസിന്റെ ആരാധനക്രമം' പൗരസ്ത്യ കത്തോലിക്കാ, ഓർത്തഡോക്സ് സഭകളിൽ ഇന്നും ഉപയോഗത്തിലിരിക്കുന്നതാണ്. ബസേലിയോസിന്റെ പേരിലുള്ള പല അനാഫൊറകളും ഉണ്ട്. ബൈസന്റീൻ, കോപ്റ്റിക്ക് സഭകളിലാണ് ഇവ ഏറ്റം കൂടുതൽ ഉപയോ ഗിക്കുന്നത്. ജോൺ ക്രിസോസ്റ്റത്തിന്റെ ആരാധനക്രമം കൂടുതലായി ഉപയോഗിക്കുന്ന ബൈസന്റീൻ സഭകളിലും ആരാധനക്രമ വർഷത്തിൽ പത്തു പ്രാവശ്യമെങ്കിലും ബസേലിയോസിന്റെ ആരാധനക്രമം ഉപയോഗിക്കുന്നു. ബസേലിയോസിന്റെ തിരുനാൾ ദിനമായ ജനുവരി ഒന്ന്, വലിയ നോമ്പിലെ ഞായറാഴ്ചകൾ, പെസഹാവ്യാഴം, ദുഃഖശനി, ക്രിസ്തുമസ് രാവ്, എപ്പിഫനി എന്നീ ദിനങ്ങളാണ് ഇത് ഉപയോഗിക്കുന്നത്. അനുതാപപരമായ പ്രാർത്ഥനകൾ അദ്ദേഹത്തിന്റെ രചനയിൽ കൂടുതലായി കാണുന്നതു കൊണ്ടാണ് നോമ്പുകാലത്ത് അത് ഉപയോഗിക്കുന്നത്.

ബസേലിയോസിന്റെ രചനകൾ നമ്മോട് പറയുന്നത് ഒരു നല്ല ക്രിസ്തീയ ബിഷപ്പിന്റെ ജീവിത കഥയാണ്. ദൈവീക കർമ്മങ്ങൾക്ക് അനുയോജ്യരല്ലാത്തവരെ പൗരോഹിത്യ ത്തിലേക്ക് അദ്ദേഹം പ്രോത്സാഹിപ്പിച്ചില്ല. ഒരു പുരോഹിതൻ എങ്ങനെ ആയിരിക്കണമെന്ന് പരിശീലനകാലത്തു തന്നെ രൂപപ്പെടുത്തിയെടുക്കുന്ന പദ്ധതികൾ അദ്ദേഹം ആവിഷ്ക്ക രിച്ചു. തന്റെ സാമന്ത രൂപതകളിലെ ബിഷപ്പുമാർ കൈക്കൂലി യുടെ പ്രലോഭങ്ങളിൽ വീഴാതിരിക്കാൻ അവരെ താക്കീത് ചെയ്തിരുന്നു. തെറ്റുകാരെ ശാസിക്കുകയും, വീഴുന്നവരെ പിടി ച്ചെഴുന്നേൽപിക്കുകയും, പശ്ചാത്തപിക്കുന്നവരോട് കരുണ കാട്ടുകയും ചെയ്തിരുന്ന അസാധാരണ ദൈവീക വ്യക്തി ത്വമായിരുന്നു ബസേലിയോസിന്റേത്.

**ഉപസംഹാരം**

വിജയകരമായി ബസേലിയോസിനെ എതിർക്കുന്നതിന് ആർക്കും സാധിക്കുമായിരുന്നില്ല. അതിന്റെ കാരണം അദ്ദേഹം ശാന്തനും നിഷ്ഠയോടെ ജീവിക്കുന്നവനും ഭയമില്ലാത്തവനും പ്രമാണങ്ങളിൽ വിട്ടുവീഴ്ച ഇല്ലാത്തവനും ആയിരുന്നു എന്ന താണ്. ചക്രവർത്തിയുടെ മുൻപിൽ വിശ്വാസകാര്യങ്ങളിൽ തല കുനിക്കാൻ തയ്യാറല്ലാതിരുന്ന ബസേലിയോസിന്റെ മുൻപിൽ മറ്റുള്ളവർക്ക് പിടിച്ചു നിൽക്കാൻ സാധിക്കുമായി രുന്നില്ല. അന്നുവരെ നിലവിലിരുന്നതിൽ നിന്നും വ്യത്യ സ്തമായ ഒരു ജീവിതശൈലിയിലൂടെ ക്രിസ്തീയജീവിത ത്തിന്റെ അന്തഃസത്ത ലോകത്തിനു കാട്ടിക്കൊടുത്ത വിശു ദ്ധനാണ് ബസേലിയോസ്. പ്രാർത്ഥനയിൽ വിശുദ്ധജീവിതം നയിച്ച സന്യാസികൾ ബസേലിയോസിന്റെ നേതൃത്വത്തിൽ അജപാലനദൗത്യവും ഏറ്റെടുത്തു. ആശുപത്രി നടത്തിപ്പും, രോഗീസന്ദർശനവും, വിദ്യാഭ്യാസ പ്രവർത്തനങ്ങളും സന്യാസ ദൈവവിളിയുടെ ഭാഗമായി മാറി. സത്യവിശ്വാസ സംരക്ഷണത്തിന്റെ മുന്നണിപ്പോരാളി ആയിരുന്നപ്പോഴും അദ്ദേഹം എഴുതി: "ക്രിസ്തുവിനെ സേവിക്കുന്നവരുടെ ഏറ്റവും വലിയ ലക്ഷ്യങ്ങളിലൊന്ന് വിഭജിതസഭകൾ തമ്മി ലുള്ള ഐക്യത്തിനായി പരിശ്രമിക്കുക എന്നതാണെന്നാണ് എന്റെ ചിന്ത." വി. ബസേലിയോസ് നിരന്തരം ചൊല്ലിയിരുന്ന ഈ പ്രാർത്ഥന നമ്മെയും ബലപ്പെടുത്തും:

*ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. കാറ്റിൽ ഇളകിയാടുന്ന ഞങ്ങളുടെ ആത്മാക്കളുടെ ജീവിതവഞ്ചി ശാന്തതയുടെ തുറമുഖമായ അങ്ങിലേക്ക് ആനയിക്കുക. മുമ്പോട്ടുള്ള യാത്രയിൽ ഞങ്ങൾ തിരഞ്ഞെടുക്കേണ്ടുന്ന വഴി അവിടുന്ന് കാണിക്കുക. അങ്ങ യുടെ ആത്മാവിന്റെ വശ്യതയിൽ ഞങ്ങളെ നവീകരിച്ചു ഞങ്ങളുടെ ആത്മാവിന്റെ ചാഞ്ചല്യത്തെ നിയന്ത്രിക്കുക. നന്മയായതു ചെയ്യാൻ ഞങ്ങളെ ബലപ്പെടുത്തുക. അങ്ങനെ അങ്ങയുടെ കൽപനകൾ പാലിച്ച് അവിടുത്തെ മഹത്വ പൂർണ്ണവും സജീവവുമായ സാന്നിധ്യത്തിൽ ഞങ്ങൾ നിരന്തരം ആനന്ദിക്കട്ടെ. സ്തുതിയും സ്തോത്രവും എന്നേക്കും അങ്ങേക്കുള്ളതാകുന്നു. ആമ്മേൻ.*

www.malankaralibrary.com



ആനുകാലികം

# ചില ചോദ്യങ്ങൾ അലയടിക്കും രാജ്യമെമ്പാടും



ബോബി ഏബ്രഹാം

ഒരു കാര്യം ചോദിക്കട്ടെ. ഈ മോഷ്ടാക്കളുടെയെല്ലാം പേരുകളിൽ എന്തുകൊണ്ടാണ് മോദിയുള്ളത്? നീരവ് മോദി, ലളിത് മോദി, നരേന്ദ്ര മോദി.. കുറച്ചുകൂടി തിരഞ്ഞാൽ ഇനിയും കിട്ടും.

(2019 ഏപ്രിൽ 13ന് കർണാടകയിലെ കോലാറിൽ രാഹുൽ ഗാന്ധി പറഞ്ഞത്)

രാഹുൽ ഗാന്ധി എന്ന രാഷ്ട്രീയ നേതാവിന് രണ്ടുവർഷത്തെ തടവുശിക്ഷ വിധിക്കാൻ ആധാരമായ പരാമർശമാണിത്. ഗുജറാത്തിലെ സൂറത്ത് ചീഫ് മജിസ്ട്രേട്ട് കോടതി ശിക്ഷവിധിച്ചതിനു തൊട്ടുപിന്നാലെ രാഹുൽ ഗാന്ധിയെ എംപി സ്ഥാനത്തുനിന്ന് അയോഗ്യനാക്കി ലോക്സഭാ സെക്രട്ടേറിയറ്റ് തങ്ങളുടെ കടമയും പൂർത്തിയാക്കി. തിരഞ്ഞെടുപ്പ് പ്രചാരണത്തിലായാലും അല്ലാതുള്ള രാഷ്ട്രീയ വിശദീകരണ യോഗങ്ങളിലായാലും ഇതിലും കടുത്ത പ്രയോഗങ്ങളാണ് ഇന്ത്യൻ രാഷ്ട്രീയത്തിലരങ്ങേറിയിട്ടുള്ളത്. അതിന്റെ പേരിൽ ഇന്നുവരെ ആർക്കും രണ്ടുവർഷത്തെ പരമാവധി ശിക്ഷ വിധിച്ചതായി അറിവില്ല. ശിക്ഷാവിധിക്കു പിന്നാലെ കോൺഗ്രസ് വക്താവ് മനു അഭിഷേക് സിംഗ്വി ഇങ്ങനെ പറഞ്ഞു. "രാഹുലിനെതിരെ മജിസ്ട്രേട്ട് കോടതിയെ സമീപിച്ച ബിജെപി എംപി പൂർണേഷ് മോദി വിചാരണ നിർത്തിവയ്ക്കണമെന്നഭ്യർഥിച്ച് ഏതാനും നാൾ മുൻപ് ഗുജറാത്ത് ഹൈക്കോടതിയിലെത്തിയതിൽ അസ്വാഭാവികതയുണ്ട്. മജിസ്ട്രേട്ട് കോടതിയിൽ പുതിയ ജഡ്ജി വന്നതിനു പിന്നാലെ ഹൈക്കോടതിയിലെ അപേക്ഷ പിൻവലിച്ചു." തീർത്തും നിഷ്കളങ്കമായിരുന്നില്ല വിധി വന്ന വഴി എന്നു പറയാതെ പറയുകയായിരുന്നു അദ്ദേഹം.



www.malankaralibrary.com





ഇന്ത്യൻ ജനാധിപത്യവും ജുഡീഷ്യറിയും ഇന്ന് എത്തി നിൽക്കുന്ന അവസ്ഥയാണിത്. ഇന്ത്യ കണ്ടുകൊണ്ടിരുന്ന, കണ്ടുകൊണ്ടിരിക്കുന്ന രാഷ്ട്രീയക്കാരിൽ നിന്നു വ്യത്യസ്ത നാണ് രാഹുൽ ഗാന്ധി. പതിവു വഴികളിൽനിന്നു വിട്ടാ യിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരം.സ്വയം വലിയ വനായി പ്രതിഷ്ഠിക്കുന്ന ശൈലി അദ്ദേഹത്തിനില്ല. വർഗീയത പറഞ്ഞ് ഇന്ത്യയെ വിഭജിക്കുന്ന സമീപനവും അദ്ദേഹത്തിനില്ല. എല്ലാവരെയും ഒന്നായിക്കണ്ടുകൊണ്ട് മുന്നോട്ടുപോകാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. എല്ലാ ജനാധിപത്യരീതികളെയും അട്ടിമറിച്ചുകൊണ്ട്, എംഎൽഎ മാരെ വിലയ്ക്കെടുത്ത് സംസ്ഥാന ഭരണകൂടങ്ങളെ അട്ടിമറിക്കുന്ന ശ്രമം ഇന്ത്യ ഭരിക്കുന്ന രാഷ്ട്രീയ കക്ഷി സ്വീകരിക്കുമ്പോഴും അചഞ്ചലനായിരുന്നു അദ്ദേഹം. വിട്ടുപോകുന്നവരെ പിടിച്ചുനിർത്താൻ മാത്രമുള്ള വാഗ്ദാന ങ്ങളൊന്നും നൽകാനില്ലെന്നും ഭയമില്ലാതെ ഉത്തമ ബോധ്യ ത്തോടെ കൂടെ നിൽക്കുന്നവർ നിന്നാൽ മതിയെന്നു മായിരുന്നു രാഹുലിന്റെ നിലപാട്. പപ്പു എന്നു വിളിച്ച് പരിഹസിക്കുമ്പോഴും തിരിച്ചൊന്നും പറയാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഏറ്റവും അവസാനം വെറുപ്പിന്റെ അങ്ങാടിയിൽ ഞാൻ സ്നേഹത്തിന്റെ കട തുറക്കുന്നു എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം കന്യാകുമാരി മുതൽ കശ്മീർ വരെ 4000 കിലോമീറ്ററിലേറെ 150 ദിവസം കാൽനട യാത്ര ചെയ്തത് തീർത്തും വ്യത്യസ്തമായ ഒരു രാഷ്ട്രീയ പ്രവർത്തനമായിരുന്നു. ഭാരത് ജോഡോ (ഇന്ത്യയെ ഒന്നിപ്പിക്കൽ) എന്നായിരുന്നു അദ്ദേഹത്തിന്റെ യാത്രയുടെ പേര്. ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന്, സമൂഹത്തിന്റെ വിവിധ ശ്രേണികളിലുള്ളവരെ ചേർത്തുപിടിച്ച്, അവരെ കേട്ട് അദ്ദേഹം നടത്തിയ യാത്രയെ ആദ്യഘട്ടത്തിൽ അവഗണി ക്കാൻ ശ്രമിച്ചവരും പിന്നീട് പരിഹാസവുമായി രംഗത്തെ ത്തിയത് യാത്രയുടെ സ്വീകാര്യത വ്യക്തമാക്കുന്ന തായിരുന്നു. വെറുപ്പിന്റെ രാഷ്ട്രീയമല്ല, സ്നേഹത്തിന്റെ രാഷ്ട്രീയമാണ് ഉയർത്തിപ്പിടിക്കുന്നതെന്ന സന്ദേശം പലരെയും വിറളിപിടിപ്പിക്കുക സ്വാഭാവികം.

രാഹുലിനെ ഏതുവിധേനയും തളയ്ക്കുക എന്ന ലക്ഷ്യ ത്തിലൂന്നി ലണ്ടൻ പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തെ ക്കൊണ്ടു മാപ്പു പറയിക്കാനുള്ള ശ്രമം പാർലമെന്റിൽ നടന്നു. പക്ഷേ, പ്രതിപക്ഷം വഴങ്ങിയില്ല. ലണ്ടൻ പ്രസംഗത്തിൽ രാജ്യവിരുദ്ധമായതൊന്നും ഉണ്ടായിരുന്നില്ല. അതിനു മുമ്പ് അദാനി– മോദി ബന്ധത്തെക്കുറിച്ച് ലോക്സഭയിൽ അദ്ദേഹം നടത്തിയ പരാമർശങ്ങളും നീക്കം ചെയ്തു. ഈ പ്രശ് നത്തെച്ചൊല്ലി പാർലമെന്റ് സ്തംഭിക്കുകയാണ്. ലണ്ടൻ പ്രസംഗത്തെപ്പറ്റി വിശദീകരണം നൽകാനുള്ള അവസരം പോലും നിഷേധിക്കപ്പെട്ടു. ഇനി അതിന് അവസരം നൽകാനിട കൊടുക്കാതെ തിരക്കിട്ട് അദ്ദേഹത്തെ അയോഗ്യനാക്കുകയും ചെയ്തിരിക്കുന്നു.

ഇന്ത്യൻ ജനാധിപത്യത്തിന്റെയും നിയമവ്യവസ്ഥ യുടെയും ഏറ്റവും മോശമായ മുഖമാണിത് എന്നു പറയാതെ തരമില്ല. മജിസ്ട്രേട്ട് കോടതിയിലെ ഒരു ജഡ്ജിയുടെ തീരുമാനത്തിനു വിടേണ്ടതാണോ ജനങ്ങൾ നടത്തിയ തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പിൽ എന്തെങ്കിലും ക്രമക്കേട് നടത്തിയതിനല്ല ഈ അയോഗ്യത. നിയമവ്യവസ്ഥയിലെ ഏറ്റവും താഴത്തെ ഘടകമാണ് മജിസ്ട്രേട്ട് കോടതി. തുടർന്ന് സെഷൻസ്, ഹൈക്കോടതി, സുപ്രീംകോടതി വരെ കേസിനു പോകാൻ അവസരമുണ്ടായിരിക്കെയാണ് മജിസ്ട്രേട്ട്

www.malankaralibrary.com



കോടതിയുടെ വിധിപ്രകാരം ഒരാളെ അയോഗ്യനാക്കുന്നത്. നിയമവ്യവസ്ഥയിൽ ഇത്തരം നീതിനിഷേധം ഉണ്ടെങ്കിൽ അതും പൊളിച്ചെഴുതേണ്ടതുണ്ട്.

അതിനുമപ്പുറം ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥ ഇന്നെത്തിനിൽക്കുന്ന പരിതാപകരമായ അവസ്ഥയെക്കുറിച്ച് ഏറെ ചിന്തിക്കേണ്ട സമയവുമാണിത്. എന്തൊക്കെ കുഴപ്പമുണ്ടെങ്കിലും ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥ എതിരാളികളെ അടിച്ചമർത്തുന്നതല്ല. ഇടക്കാലത്തുണ്ടായ അടിയന്തരാവസ്ഥയിൽ പോലും പ്രതിപക്ഷത്തെ ഇങ്ങനെ ഹീനമായി അടിച്ചമർത്തിയിട്ടുമില്ല. എന്നാൽ ഇപ്പോൾ രാജ്യമെമ്പാടും എതിരാളികളെ അടിച്ചമർത്തുകയും അവരുടെ ജനാധിപത്യാവകാശങ്ങൾ ലംഘിക്കുകയും ചെയ്യുന്ന സമീപനം വർധിക്കുന്നുവെന്നു പറയാതെ വയ്യ. കേരളത്തിൽ പോലും അതാണ് അവസ്ഥ. ഇത്തരം കാര്യങ്ങൾ പറയുമ്പോൾ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോടൊപ്പം ചേരുന്നുവെന്ന് അർഥമില്ല. മറിച്ച് അർഥവത്തായ ജനാധിപത്യവും സംവാദങ്ങളും ഇന്ത്യ എന്ന ജനാധിപത്യ രാജ്യത്ത് വേണമെന്ന് ആഗ്രഹിക്കുക മാത്രമാണ് ചെയ്യുന്നത്.

വിഭജന കാലത്താണ് ഇന്ത്യയിൽ ഏറ്റവും വലിയ വർഗീയ വിഭജനം ഉണ്ടായത്. മതാടിസ്ഥാനത്തിൽ പുതിയൊരു രാജ്യം രൂപീകരിക്കപ്പെടുകയും ഇരു സമുദായങ്ങളിൽ നിന്ന് വൻതോതിൽ ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. ജനിച്ചുവളർന്ന നാടും വീടും സ്വത്തും ഉപേക്ഷിച്ചു പലായനം ചെയ്യേണ്ടിവന്നവർ ഏറെയാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ ജനാധിപത്യപാതയിൽ സഞ്ചരിക്കുകയും ലോകത്ത് ആദരിക്കപ്പെടുന്ന ശക്തികളിലൊന്നായി മാറുകയും ചെയ്തു. പക്ഷേ ഏതുനിമിഷവും കത്തിക്കാൻ പറ്റുന്ന കനലുകൾ അവശേഷിക്കുന്നുണ്ടായിരുന്നു. ആ കനലുകൾ ഇടയ്ക്കിടെ ആളുന്നുണ്ടെങ്കിലും കത്തുന്നുണ്ടായിരുന്നില്ല. പക്ഷേ അത് ആളിക്കത്തിക്കുകയും അതിന്റ മറവിൽ അധികാരം പിടിക്കുകയും ചെയ്തവർ പിന്നീട് ഇന്ത്യയിലെ ജനാധിപത്യത്തിന്റെ തന്നെ കടയ്ക്കൽ കത്തിവയ്ക്കുകയാണ് ചെയ്തതെന്നു പറയുന്നത് ഒട്ടും അതിശയോക്തിയല്ല. പക്ഷേ, ബിജെപി എന്ന രാഷ്ട്രീയ കക്ഷിയെയും അതിന്റെ പിൻബലത്തെയും വിലയിരുത്തുന്നതിൽ ഇന്ത്യയിലെ രാഷ്ട്രീയ കക്ഷികൾക്ക് അബദ്ധം പറ്റി എന്നു പറയാതെ വയ്യ. എ ടീമിനെയും ബി ടീമിനെയും ഇറക്കി ഭരണം പിടിക്കുന്നതിൽ സജീവ പങ്കാളിത്തം വഹിച്ചത് ആർഎസ്എസ് തന്നെയായിരുന്നു. ഹെഡ്ഗേവാറും ഗോൾവാൾക്കറും നേതൃത്വം നൽകിയ ആർഎസ്എസ് എക്കാലത്തും സ്വപ്നം കണ്ടത് ഹിന്ദുമേധാവിത്വമുള്ള ഇന്ത്യയാണ്. ആ ഇന്ത്യയിൽ ഇന്നത്തെ ഇന്ത്യ മാത്രമല്ല ഉള്ളതും. മതേതര രാഷ്ട്രം എന്ന സങ്കൽപം സംഘപരിവാറിന് ഒരിക്കലും ഉണ്ടായിരുന്നില്ല. പക്ഷേ സ്വാതന്ത്ര്യാനന്തര ഭാരതം ചലിച്ചത് മതേതര, ജനാധിപത്യ വഴിയിലൂടെയായിരുന്നു. 2014ൽ അധികാരം പിടിച്ച ബിജെപിയും സംഘപരിവാറും ചലിക്കുന്നത് പുതിയ പാതയിലാണ്. അടുത്ത 50 വർഷം ഇന്ത്യ ഭരിക്കുകയെന്നതു തന്നെയാണ് ലക്ഷ്യം. ആ വഴിയിൽ ജനാധിപത്യത്തിനു വലിയ സ്ഥാനമൊന്നുമില്ല. ഏതുവിധേ



നയും അധികാരം പിടിക്കുക എന്നതുതന്നെയായിരുന്നു ലക്ഷ്യം. അതിനായി നേരത്തേതന്നെ രഥയാത്രയിലൂടെയും മറ്റും കളമൊരുക്കിയിരുന്നു. പിന്നീട് ജനാധിപത്യ ധ്വംസനം. ഗോവയിലും മേഘാലയിലും തിരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയായ കോൺഗ്രസിന് പക്ഷേ അധികാരം മാത്രം കിട്ടിയില്ല. രണ്ട് സീറ്റുണ്ടെങ്കിലും അധികാരം പിടിക്കാമെന്ന് ബിജെപി എന്ന രാഷ്ട്രീയ കക്ഷി കാണിച്ചുതന്നു. ജനപ്രതിനിധികളെ വിലയ്ക്കുവാങ്ങുകയെന്നത് വലിയ സംഭവമൊന്നുമല്ലാതെയായി. അരുണാചലിൽ കോൺഗ്രസ് എംഎൽഎ മാരെ അപ്പാടെ മറുകണ്ടം ചാടിച്ചു. പണത്തിന്റെയും അധികാരത്തിന്റെയും പളപളപ്പിൽ വീഴാത്തവർ വളരെ കുറവെന്ന് ജനാധിപത്യ ഇന്ത്യ കാണിച്ചുതന്നു.

തിരഞ്ഞെടുപ്പ് കമ്മിഷനിൽ പോലും നിയമനം സുതാര്യമല്ലെന്ന് ആരോപണം ഉയർന്നു. ഏറ്റവും ഒടുവിൽ ഇക്കാര്യത്തിൽ കോടതിതന്നെ സംശയം ഉന്നയിച്ചു. ജഡ്ജിമാർക്കു പോലും കാലാവധി കഴിഞ്ഞ് എംപിസ്ഥാനം ഉൾപ്പെടെ നൽകുമ്പോൾ ഭരണഘടനാ സ്ഥാപനങ്ങളുടെ കരുത്തിനെപ്പറ്റി ജനം സംശയാലുക്കളാകുന്നത് സ്വാഭാവികം. എല്ലായിടത്തും സ്വന്തക്കാരെ നിയമിച്ച ശേഷം എതിരാളികളെ ഉന്നമിട്ട് കേന്ദ്ര ഏജൻസികളെ നിയോഗിക്കാനും തുടങ്ങി. ബിജെപിയിൽ ചേരുകയാണെങ്കിൽ എല്ലാ കേസും പരണത്തുവയ്ക്കും. ഇല്ലെങ്കിൽ കേസിനു പുറത്ത് കേസുമായി വരിഞ്ഞുമുറുക്കും. പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് ചർച്ചയില്ലാതെ ബില്ലുകൾ പാസാക്കും. നിലവിൽ ഇഡി, ആദായ നികുതി അന്വേഷണം നേരിടാത്ത പ്രതിപക്ഷ നേതാക്കളാരുമില്ല. ഒന്നുകിൽ വിരട്ടി, അല്ലെങ്കിൽ കൂടെനിർത്തി. രണ്ടായാലും പ്രതിപക്ഷത്തെ ഛിന്നഭിന്നമാക്കുകയാണ് ലക്ഷ്യം. തിരഞ്ഞെടുപ്പിൽ ജയിക്കാനുള്ള അടിസ്ഥാന വോട്ട് നിലനിർത്താനായി വേണ്ട വിഷയങ്ങൾ ഇടയ്ക്കിടെ ജ്വലിപ്പിക്കും. അഭിപ്രായ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധിയെപ്പറ്റി എത്രയോ വലിയ വിമർശനം ഉന്നയിച്ചവർ ഇന്ന് വിമർശകരുടെ വായടപ്പിക്കാൻ നിയമം ചുട്ടെടുക്കുന്നു. പറഞ്ഞാൽ ഏറെയുണ്ട്. ഇതാണ് രാജ്യത്തെ അവസ്ഥ.

'ജനാധിപത്യം ഔന്നത്യമുള്ള സ്ഥാപനമാണ്. അതുകൊണ്ടുതന്നെ അവഹേളിക്കപ്പെടാനുള്ള സാധ്യതയം ഏറെയാണ്' എന്നു പറഞ്ഞത് മഹാത്മാ ഗാന്ധിയാണ്. ഗാന്ധിജി

www.malankaralibrary.com



യുടെ വാക്കുകൾ സത്യമാവുകയാണ്. ജനാധിപത്യത്തിന്റെ അവഹേളനം തുടങ്ങിയിട്ടേ ഉള്ളൂ. അത് പതുക്കപ്പതുക്കെ എല്ലായിടത്തേക്കും പടരുകയാണ്. കേന്ദ്രത്തിൽ ബിജെപി ചെയ്യുന്നതു തന്നെ സംസ്ഥാനങ്ങളിലും നടക്കുന്നു. എതിരാളികളെ ദയയില്ലാതെ അടിച്ചമർത്തുന്നു. കേരളത്തിൽ നമ്മൾ അതു കണ്ടു. നിയമസഭയിൽ പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും ചവിട്ടിമെതിക്കപ്പെട്ടു. എംഎൽഎ മാരെപ്പോലും മർദിച്ചൊതുക്കി. ചുരക്കത്തിൽ അധികാരം എല്ലാവരെയും അഹങ്കാരികളാക്കുന്നു. ഒരിക്കൽ കിട്ടിയ അധികാരം കൈവിട്ടുപോകാതിരിക്കാനുള്ള കളികളാണ് എല്ലായിടത്തും അരങ്ങേറുന്നത്.

ഇതിൽ പക്ഷേ വ്യത്യാസമുള്ളത് ബിജെപിയുടേത് വളരെ വലിയ പദ്ധതിയാണെന്നതും അത് രാജ്യത്തെ സംവിധാനങ്ങളെ തന്നെ മാറ്റിമറിക്കാൻ കഴിവുള്ളതാണെന്നതുമാണ്. ദുർബലമായ പ്രതിപക്ഷത്തെ കാണിച്ച് ഇവിടെ ജനാധിപത്യമുണ്ടെന്ന് ലോകത്തെ ബോധ്യപ്പെടുത്തുകയും അതേസമയം ജനാധിപത്യത്തെ കൂട്ടിലടയ്ക്കുകയുമാണ് ലക്ഷ്യം. റഷ്യയിൽ പുട്ടിൻ ചെയ്തുകൊണ്ടിരിക്കുന്നതിന്റെ മറ്റൊരു രൂപം. റഷ്യയിൽ പ്രതിപക്ഷ പ്രവർത്തനം നാമമാത്രമാണ്. ഇസ്രയേലിൽ ബന്യാമിൻ നെതന്യാഹു ചെയ്യുന്നതും അതുതന്നെയാണ്. അവിടെ വലിയ പ്രക്ഷോഭം നടക്കുന്നു. പക്ഷേ അതിനിടയിലും പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് നെതന്യാഹുവിനെ കോടതിക്കുപോലും പുറത്താക്കാൻ കഴിയാത്തവണ്ണം നിയമം നിർമിച്ചുകഴിഞ്ഞു. ഏതാണ്ട് ഇതേ അവസ്ഥയിലേക്ക് ഭാരതവും പോകുന്നുവോ എന്ന് സംശയിക്കണം.

ഇന്ത്യൻ പ്രധാനമന്ത്രിക്കൊപ്പം അദാനിയുടെ യാത്രകൾ ചൂണ്ടിക്കാണിച്ച രാഹുലിന്റെ പ്രസംഗത്തെച്ചൊല്ലി വലിയ കോലാഹലമാണ് പാർലമെന്റിൽ ഭരണപക്ഷം ഉണ്ടാക്കിയത്. ആ പരാമർശങ്ങൾ രേഖകളിൽ നിന്നുതന്നെ നീക്കംചെയ്യുകയും ചെയ്തു. ജനങ്ങളുടെ സ്വത്തായിരുന്ന സ്ഥാപനങ്ങളെല്ലാം ഇന്ന് കോർപറേറ്റുകളുടെ കൈയിലായിക്കഴിഞ്ഞിരിക്കുന്നു. വിമാനത്താവളങ്ങൾ, തുറമുഖങ്ങളെല്ലാം കഴിഞ്ഞ എട്ടുവർഷത്തിനുള്ളിൽ അദാനി ഉൾപ്പെടെയുള്ള കോർപറേററുകളുടെ കൈയിലായി. ഇതൊക്കെ ജനത്തിന്റെ നന്മയ്ക്കാണെന്നു പറഞ്ഞുകൊണ്ടാണ് ചെയ്യുന്നത്. ക്രൂഡിന്റെ വില കുറഞ്ഞിരിക്കുമ്പോഴും വില ഉയർത്തിവച്ച് ജനങ്ങളെ കൊള്ളയടിക്കാൻ കമ്പനികൾക്ക് അവസരമൊരുക്കുന്നു. റോഡുകൾ മുഴുവൻ സ്വകാര്യവൽക്കരിച്ച് റോഡ് മുതലാളിമാരെ ഏൽപിക്കുന്നു. എന്നിട്ട് ഒരിക്കലും തീരാത്ത ചുങ്കം പിരിവും. ശതകോടീശ്വരന്മാർ അതിവേഗം സഹസ്രകോടീശ്വരന്മാരും ബഹുസഹസ്ര കോടീശ്വരന്മാരും ആകുന്നു. എല്ലാ നിയമങ്ങളും മുതലാളിമാർക്കനുകൂലമായി മാത്രം മാറ്റിയെഴുതുന്നു. ബാങ്കുകളിൽ നിന്ന് സഹസ്രകോടികൾ കൈവശമാക്കിയവർ സുഖമായി വിദേശത്തു കഴിയുന്നു. അതിലൊരാളാണ് നീരവ് മോദി. ആ നീരവ് മോദിയെ ബന്ധിപ്പിച്ചു പറഞ്ഞ പരാമർശത്തിന്റെ പേരിൽ ഒരു എംപിക്ക് തടവുശിക്ഷ വിധിച്ച് അയോഗ്യനാക്കുന്നു. എന്നിട്ടും ജനം വിശ്വസിക്കണം ഇന്ത്യ ജനാധിപത്യ



പാതയിലാണെന്ന്. ഇന്ത്യയിൽ ജനാധിപത്യം അപകടത്തിലാണെന്ന് രാഹുൽ വിദേശത്ത് പറഞ്ഞത് രാജ്യത്തെ അപമാനിക്കലാവുകയും ഇന്ത്യയിൽ ജനിച്ചതിന് ലജ്ജ തോന്നുന്നു എന്നു പറയുന്നത് അഭിമാനമായി കൊണ്ടാടുകയും ചെയ്യുന്ന കാലം. എന്നിട്ടും നമ്മൾ വിശ്വസിക്കണം ഇന്ത്യ ജനാധിപത്യ പാതയിലാണെന്ന്.

പ്രതീക്ഷയുടെ കിരണംപോലും നഷ്ടപ്പെടുമ്പോൾ പൊരുതിനിൽക്കുന്നത് അപൂർവം പേർ മാത്രമാണ്. അടിയന്തരാവസ്ഥക്കാലത്തേതുപോലെ ജനാധിപത്യപുനഃസ്ഥാപനത്തിനായി ഒറ്റക്കെട്ടായി ഇറങ്ങാൻ പ്രതിപക്ഷത്തിന് ഇറങ്ങാൻ കഴിയാതെ പോകുന്നു. അന്ന് നേതാക്കൾക്ക് നഷ്ടപ്പെടാൻ ഏറെയൊന്നുമുണ്ടായിരുന്നില്ല. മറിച്ച് കിട്ടാനായി മഹത്തായ ജനാധിപത്യ പുനഃസ്ഥാപനം എന്ന സ്വപ്നമുണ്ടായിരുന്നു. പക്ഷേ ഇന്ന് ജനാധിപത്യ പുനഃസ്ഥാപനത്തേക്കാൾ നേതാക്കൾക്ക് പ്രധാനം സ്വന്തം അധികാരവും സമ്പാദ്യവും കുടുംബാംഗങ്ങളുടെ സമ്പാദ്യവും സംരക്ഷിക്കലാണ്. ഫൈവ് സ്റ്റാർ ലൈഫ് സ്റ്റൈൽ പിന്തുടരുന്ന നേതാക്കൾക്ക് അതുകൊണ്ടുതന്നെ ജയിലിൽ പോകാനും താൽപര്യമില്ല. അതുകൊണ്ടാണ് രാജ്യം ഭരിക്കുന്ന രാഷ്ട്രീയ കക്ഷിക്ക് ഏതു തലത്തിലേക്കും പോകാൻ സാധിക്കുന്നത്. പക്ഷേ അതു മനസ്സിലായില്ലെന്നു നടിച്ച് ഒട്ടകപ്പക്ഷിനയം സ്വീകരിക്കുകയാണ് മിക്കവരും. അതിനുമപ്പുറം പ്രധാനമന്ത്രിയാകാൻ ആഗ്രഹമില്ലാത്ത പ്രാദേശിക നേതാക്കൾ പോലും ഇല്ലെന്നത് മറ്റൊരു ദൗർബല്യം.

ഈ ദൗർബല്യങ്ങളെയൊക്കെ മറികടന്ന് രാജ്യം മുഴുവൻ കാൽനടയായി ഒരു രാഷ്ട്രീയ നേതാവ് ജനങ്ങളെ ഇളക്കിമറിക്കുന്നുണ്ടെങ്കിൽ അത് ഭരണക്കാർക്ക് ഭീഷണി തന്നെയാണ്. ആ ഭീഷണി നുള്ളിക്കളയേണ്ടത് ആവശ്യമാണ്. ഭരണാധികാരികളുടെ മനസ്സറിഞ്ഞു പ്രവർത്തിക്കാൻ സംവിധാനം തയാറായിരിക്കുന്ന നാട്ടിൽ ഇനി കൂടുതൽ ഭയപ്പെടേണ്ടിയിരിക്കുന്നു. ഇതൊന്നും നമ്മളെ ബാധിക്കുന്നില്ലല്ലോ എന്നു പറഞ്ഞ് മൗനം പാലിച്ചിരിക്കുന്നവരേറെയാണ്. ഈ ഭീഷണിയൊന്നും കാണാതെ ക്ഷണികമായ താൽപര്യങ്ങൾക്കായി ഭരണക്കാർക്ക് പിന്തുണ

www.malankaralibrary.com





പ്രഖ്യാപിക്കുന്നവരുമുണ്ട്. പക്ഷേ അവരെല്ലാം ആ പഴയ കവിത ഓർത്തിരിക്കണം.

ആദ്യം അവർ കമ്യൂണിസ്റ്റുകളെ തേടിവന്നു
പക്ഷേ ഞാൻ മിണ്ടിയില്ല, ഞാൻ കമ്യൂണിസ്റ്റ് അല്ലല്ലോ
പിന്നെ അവർ സോഷ്യലിസ്റ്റുകളെ തേടിവന്നു
പക്ഷേ ഞാൻ മിണ്ടിയില്ല, ഞാൻ സോഷ്യലിസ്റ്റ് അല്ലല്ലോ
പിന്നെ അവർ ട്രേഡ് യൂണിയനിസ്റ്റുകളെ തേടിവന്നു
ഞാൻ മിണ്ടിയില്ല, ഞാൻ ട്രേഡ് യൂണിയനിസ്റ്റല്ലല്ലോ
പിന്നെ അവർ ജൂതനെ തേടിവന്നു,
ഞാൻ മിണ്ടിയില്ല, ഞാൻ ജൂതനല്ലല്ലോ
പിന്നെ അവർ കത്തോലിക്കരെ തേടിവന്നു
ഞാൻ മിണ്ടിയില്ല, ഞാൻ കത്തോലിക്കനല്ലല്ലോ
പിന്നെ അവർ എന്നെത്തേടി വന്നു,
എന്നാൽ എനിക്കായി സംസാരിക്കാൻ
ആരും അവശേഷിച്ചിരുന്നില്ല

ജർമാൻകാരനായ മാർട്ടിൻ നുമുള്ളർ നാസി ഭീകരതയുടെ കാലത്തെഴുതിയതാണിത്.

എല്ലാകാലത്തും പ്രസക്തമാണിത്. കാലത്തിന്റെ ചുവരെഴുത്ത് വായിച്ചതുകൊണ്ടാവും അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ പ്രതിപക്ഷം ഒറ്റക്കെട്ടായി സുപ്രീം കോടതിയിലേക്കു നീങ്ങിയിട്ടുണ്ട്. രാഹുലിന്റെ കാര്യത്തിലും ഒന്നിച്ചുനിന്നു പ്രക്ഷോഭം നടത്താൻ അവർ തയാറായിരിക്കുന്നു. പക്ഷേ, ഇത് നീണ്ടുനിൽക്കുമോ എന്നു പറയാറായിട്ടില്ല. മറുവശം എല്ലാ തരത്തിലും സർവശക്തരാണ്. പക്ഷേ, തീരുമാനിക്കേണ്ടത് ജനമാണ്. ഏതു രാഷ്ട്രീയ കക്ഷി രാജ്യം ഭരിച്ചാലം കുഴപ്പമില്ല. എന്നാൽ അത് സ്വാതന്ത്ര്യാനന്തരം ഇന്ത്യ മുന്നോട്ടു നീങ്ങിയ ജനാധിപത്യ പാതയിലൂടെയും പരസ്പര ബഹുമാനത്തിലൂടെയും മതനിരപേക്ഷതിയിലൂടെയും ആവണം എന്ന് ശഠിക്കുക തന്നെ വേണം. അതിനു കഴിഞ്ഞാൽ മാത്രമേ ഇന്ത്യ ജനാധിപത്യരാഷ്ട്രമായി ഭാവിയിലും നിലനിൽക്കൂ.

എം.എൻ. വിജയൻ ഒരിക്കൽ പറഞ്ഞു. 'ക്ലാസിൽ ചോദ്യം ചോദിക്കുന്ന കുട്ടിയെ നിങ്ങൾക്ക് വേണമെങ്കിൽ പുറത്താക്കാം. പക്ഷേ ആ ചോദ്യം അവശേഷിക്കും.'

രാഹുലിനെ പരിഹസിക്കാം, ലോക്സഭയിൽ നിന്നു പുറത്താക്കാം. പക്ഷേ, അദ്ദേഹം ചോദിച്ച ചോദ്യങ്ങൾ രാജ്യമെമ്പാടും അലയടിക്കുകതന്നെ ചെയ്യും. എല്ലാ യുദ്ധങ്ങളും ജയിച്ചെന്നുവരില്ല. പക്ഷേ, ചില യുദ്ധങ്ങൾ ചെയ്യാതിരിക്കാനാവില്ല. പറഞ്ഞുകൊണ്ടേയിരിക്കുക എന്ന യുദ്ധതന്ത്രമാണ് രാഹുൽ സ്വീകരിക്കുന്നത്. വീണ്ടും ഗാന്ധിജിയുടെ വാക്കുകൾ കടമെടുക്കട്ടെ. 'ആദ്യം അവർ നിങ്ങളെ അവഗണിക്കും. പിന്നെ നിങ്ങളെ പരിഹസിക്കും. അതുകഴിഞ്ഞാൽ അവർ നിങ്ങൾക്കെതിരായി തിരിയും. അപ്പോൾ നിങ്ങൾ വിജയിക്കും.'

ഇപ്പോൾ ബിജെപിയുടെ കുന്തമുന രാഹുൽ എന്ന വ്യക്തിയിലേക്ക് തിരിക്കുകയാണ്. രാഹുൽ വിജയിച്ചാലും ഇല്ലെങ്കിലും ജനാധിപത്യം നിലനിൽക്കുകതന്നെ ചെയ്യും എന്ന പ്രതീക്ഷ പകരാൻ ആ മനുഷ്യനു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തോടൊപ്പം നടക്കാനും സംവദിക്കാനും ഇറങ്ങിയ ജനത ചൂണ്ടിക്കാണിക്കുന്നതും അതാണ്. നേതാവ് ഇടംതേടേണ്ടത് ജനഹൃദയങ്ങളിലാണ്. അധികാരം പിന്നെ മാത്രം. പക്ഷേ, ആ സത്യം കോൺഗ്രസ് പ്രവർത്തകർ പോലും തിരിച്ചറിയുന്നില്ല എന്നത് മറ്റൊരു സത്യം.

പ്ലേറ്റോയുടെ വാക്കുകൾ കടമെടുത്ത് ഈ ലേഖനം അവസാനിപ്പിക്കാം. 'നിങ്ങൾ സജീവമായി രാഷ്ട്രീയത്തിൽ ഇടപെടുന്നില്ലെങ്കിൽ അതിന്റെ പരിണിത ഫലം നിങ്ങളേക്കാൾ മോശക്കാർ നിങ്ങളെ ഭരിക്കുമെന്നതാണ്.'



www.malankaralibrary.com



സാമൂഹികം

# കക്കുകളി നിരോധിക്കണോ?



**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**

സമൂഹത്തിൽ അന്തസ്സായി ജീവിക്കുന്നതിനും ഇഷ്ടമുള്ള ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിനും ഇഷ്ടമുള്ള ജോലിയിൽ ഏർപ്പെടുന്നതിനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനും, സ്വന്തം വിശ്വാസം ജീവിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും ഒക്കെ ഓരോ പൗരനും അവകാശമുള്ള ഒരു നാട്ടിൽ, ഒരു കന്യാസ്ത്രീയായി ജീവിക്കാനുള്ള ഒരു സ്ത്രീയുടെ അവകാശം ഒരു കക്കുകളിയിലൂടെ ചോദ്യം ചെയ്യാനാവുമോ? കക്കുകളിച്ചു കന്യാസ്ത്രീകളെ തോൽപ്പിക്കാനും ക്രിസ്ത്യാനികളെ അധിക്ഷേപിക്കാനും സമൂഹത്തോട് ജാഗ്രതപാലിക്കാനും ഒക്കെ ആവശ്യപ്പെടത്തക്കവിധം, എന്തു തീവ്രവാദമോ ഭീകര പ്രവർത്തനമോ ആണ് കേരളത്തിൽ കന്യാസ്ത്രീകൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് ആർക്കെങ്കിലും മനസ്സിലായിട്ടുണ്ടോ? അരിയും മലരും കുന്തിരിക്കവും വീട്ടിൽ കാത്തു വച്ചോളൂ എന്ന് ഏതെങ്കിലും കന്യാസ്ത്രീ കേരളത്തിൽ ആരെയെങ്കിലും ഭീഷണിപ്പെടുത്തിയതായി ആരെങ്കിലും കേട്ടിട്ടുണ്ടോ? പിന്നെ എന്താണ് കേരളത്തിൽ ചില സാംസ്കാരിക പ്രവർത്തകരെ കക്കുകളിക്കാരാക്കിയത്? കേരളത്തിൽ ഇത് ആദ്യ സംഭവമല്ല, ഇടയ്ക്കിടെ ഇങ്ങനെ ചിലത് അവർത്തിച്ചുകൊണ്ടിരിക്കും!

1986 ൽ 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്നൊരു നാടകം കേരളത്തിലുണ്ടാക്കിയ പുകിലുകൾ ചില്ലറയല്ല. 'ആവിഷ്കാര സ്വാതന്ത്ര്യം' എന്ന വാക്ക് മലയാളി ഒരുപക്ഷെ ആദ്യമായി കേട്ടത് അക്കാലത്തായിരിക്കും. ക്രിസ്തുവിന് ഒരു അധിക മുറിവ് സമ്മാനിച്ചുകൊണ്ടായിരുന്നു മലയാളികൾ തങ്ങൾക്ക് അങ്ങിനെ ഒരു സ്വാതന്ത്ര്യംകൂടിയുണ്ടെന്നു തിരിച്ചറിഞ്ഞത്! അന്നും കേരളത്തിലെ തീവ്ര ഇടതുപക്ഷം നാടകകൃത്തായ പി. എം. ആന്റണിക്കും നാടകം രംഗത്തവതരിപ്പിച്ച നാടകസംഘത്തിനും പിന്നിൽ ഉറച്ചുനിന്നു. സഭ പ്രതിക്ഷേധമുയർത്തിയപ്പോൾ, തൃശൂർ തേക്കിൻകാട് മൈതാനിയിൽ വിഖ്യാതനായ തോപ്പിൽ ഭാസി, നാടക സംഘത്തെയും അതിന്റെ ഇടതുപക്ഷ അനുഭാ

www.malankaralibrary.com



വികളെയും അഭിസംബോധന ചെയ്തു, പിന്തുണ പ്രഖ്യാപിച്ചു. ആവർത്തിച്ചുള്ള പ്രതിക്ഷേധത്തിനും നിയമനടപടികൾക്കും ഒടുവിൽ, 1987 ൽ 'ആറാം തിരുമുറിവ്' നിരോധിക്കപ്പെട്ടു. നാടകകൃത്ത്, ആലപ്പുഴയിൽ ഒരു 'വർഗ്ഗശത്രുവിനെ' 'ഉന്മൂലനം'ചെയ്തതിന്റെപേരിൽ ശിക്ഷിക്കപ്പെട്ടു, ദീർഘകാലം ജയിലിലുമായി!

**വിവാദങ്ങളും വിമർശനങ്ങളും ഏകപക്ഷീയമാകുമ്പോൾ**

തുടർന്നു നടന്ന ചില സംഗതികൾക്കൂടി ഓർമ്മിച്ചെടുക്കുന്നതു രസകരമാണ്! 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന നാടകത്തിലൂടെ കേരളത്തിൽ കമ്യൂണിസ്റ്റു പ്രസ്ഥാനമുണ്ടാക്കിയ സാമൂഹ്യ മാറ്റങ്ങളെ അടയാളപ്പെടുത്തിയ തോപ്പിൽ ഭാസിക്ക്, മാറിയകാലത്തെ കമ്യൂണിസ്റ്റുകാരുടെ പ്രതിനിധിയായ സിവിക് ചന്ദ്രൻ നൽകിയ മറുപടിനാടകമായിരുന്നു 1995 ജനുവരിയിൽ ഇന്ത്യടുഡേയുടെ സാഹിത്യ വാർഷികപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'നിങ്ങളാരേ കമ്യൂണിസ്റ്റാക്കി' എന്ന നാടകം! ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ വക്താക്കളായി, കത്തോലിക്കാസഭക്കും ക്രൈസ്തവ വിശ്വാസങ്ങൾക്കുമെതിരേ അണിനിരന്ന കമ്യൂണിസ്റ്റുകളുടെ തനിനിറം, അപ്പോൾ പ്രകടമായി! തൃശൂർ 'രംഗഭാഷ'യാണ് നാടകം അരങ്ങിൽ എത്തിച്ചത്. ഔദ്യോഗിക കമ്യൂണിസ്റ്റുകളെയും അവരുടെ സാംസ്കാരിക പ്രസ്ഥാനങ്ങളെയും കലിപിടിപ്പിച്ച നാടകവും തുടർന്നുണ്ടായ കലാപസമാനമായ അന്തരീക്ഷവും ഒരു മാസത്തിലധികം കേരളത്തിന്റെ സാംസ്കാരിക അന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കി! എന്നിട്ടും, കമ്യൂണിസ്റ്റുകളുടെ കലി അടങ്ങിയില്ല. അവർ പാർട്ടി പ്രവർത്തകനും സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയനുമായ കണിയാപുരം രാമചന്ദ്രനെക്കൊണ്ട് 'കമ്യൂണിസ്റ്റാക്കിയത് നിന്റെ തന്തയെ' എന്ന ഒരു വിപ്ലവ നാടകം എഴുതിക്കുകകൂടി ചെയ്തു! ഇടതുപക്ഷചിന്തകനും നാടകകൃത്തുമായ സിവിക് ചന്ദ്രൻ ഇന്നും തന്റെ നാടകമുണ്ടാക്കിയ ദുരിതങ്ങളിൽനിന്നും കരകയറിയിട്ടില്ല!

**വീണ്ടും വിമർശനശരങ്ങൾ സഭക്കുനേരേ**

1993 ൽ ശിക്ഷകഴിഞ്ഞിറങ്ങിയ പി. എം. ആന്റണി 1994ൽ അടുത്ത വിവാദത്തിനു തിരികൊളുത്തി: 'പൗരോഹിത്യ തിന്മകളെ'വിഷയമാക്കിക്കൊണ്ടു 'വിശുദ്ധ പാപങ്ങൾ' എന്ന നാടകം എഴുതി, സംവിധാനം ചെയ്തു! സഭയിലും സമൂഹത്തിലും ഏറെ കോളിളക്കം സൃഷ്ടിച്ച നാടകം തിരുവനന്തപുരം സെനറ്റ് ഹാളിൽ അവതരിപ്പിക്കാനിരിക്കെ, നായനാർ സർക്കാർ നിരോധിച്ചു. അന്നു ഞാൻ തിരുവല്ല സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടറും തിരുവല്ല 'ധമനി'യുടെ ചുമതലക്കാരനുമാണ്. ഞാൻ ശ്രീ ആന്റണിയോട് ചോദിച്ചു, തിരുവല്ലയിൽ നാടകം കളിയ്ക്കാൻ പറ്റുമോ എന്ന്. ആന്റണിയും സംഘവും വരാമെന്നു സമ്മതിച്ചു. ആരവങ്ങളില്ലാതെ, ക്ഷണിക്കപ്പെട്ട സദസ്സിനുമുൻപിൽ, കത്തീഡ്രൽ ഹോളിൽ നാടകം നടന്നു! തുടർന്നു നടന്ന സംവാദം നാടകത്തെപോലെതന്നെ ഗംഭീരമായി. അതിശക്തമായ വിമർശനം! അതി ഗംഭീരമായ ആസ്വാദനം! വൈകാരികമായ ന്യായവാദങ്ങൾ! ഓരോ ചോദ്യത്തിനും ആന്റണി മറുപടി പറഞ്ഞു. സംഗതി കൈവിട്ടുപോകാതിരിക്കാൻ ഞാൻതന്നെ മോഡറേറ്റ് ചെയ്തു! സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽനിന്നായി നൂറിലധികംപേർ നാടകം കണ്ടു, വിലയിരുത്തി. മാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെടാതെ നടത്തിയ നാടകവും സംവാദവും പക്ഷെ, പിറ്റേന്ന് മാതൃഭൂമിയുടെ ഒന്നാം പേജിൽ വാർത്തയായി! ഞാനാകെ ഒന്നു പരിഭ്രമിച്ചു! ഏതായാലും അതോടെ വിവാദം അവസാനിച്ചു!

**ആന്റണി നൽകുന്ന പാഠം**

പിന്നീട്, വിവാദങ്ങളൊന്നും കൂടാതെതന്നെ ആന്റണി പല നല്ല നാടകങ്ങളും എഴുതി. പല അവാർഡുകളും കരസ്ഥമാക്കി. ഒടുവിൽ, നാടകത്തെ ജനങ്ങളിലേക്ക് നേരിട്ടെത്തിക്കുന്ന 'അരങ്ങിൽനിന്നും അടുക്കളയിലേക്ക്' എന്ന പ്രസ്ഥാനവുമായി നാടുചുറ്റി. 2011 ൽ ആന്റണി വിടവാങ്ങി. സാഹിത്യ കൃതികളുടെ വിമർശനംകൊണ്ടു സഭ തളർന്നുപോകുമായിരുന്നു എങ്കിൽ, ദസ്തയേവ്സ്കിയുടെ കരമസോവ് സഹോദരന്മാരിലെ ദി ഗ്രാൻഡ് ഇൻക്വിസിറ്ററിനു മുൻപിൽ അതു സംഭവിക്കണമായിരുന്നു! ദസ്തയേവ്സ്കി സഭയെയാണോ റാഷണലിസത്തെയാണോ വിമർശിച്ചത് എന്നത് നിൽക്കട്ടെ, ഇൻക്വിസിറ്ററും ഇൻക്വിസിഷനുമൊക്കെ കേരളത്തിലെ സഭാ വിമർശനങ്ങളിൽ ആവർത്തിച്ചുവരുന്ന രൂപകങ്ങളാണ്. കരമസോവ് ബ്രദേഴ്സ് ഇംഗ്ലീഷിൽ വായിച്ചിട്ടു മതിവരാഞ്ഞു മലയാളം പരിഭാഷകൂടി വാങ്ങി വായിക്കുകയും ഇടയ്ക്കിടെ വായിക്കാനായി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട് ഞാൻ. കസാന്റ്സാക്കീസിന്റെ 'ക്രിസ്തുവിന്റെ അന്ത്യ പ്രലോഭനം' മാത്രമല്ല, കിട്ടാവുന്ന എല്ലാ പുസ്തകങ്ങളും, അദ്ദേഹത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഒട്ടുവളരെ പുസ്തകങ്ങളും വായിച്ചു നോക്കിയിട്ടുണ്ട്. എന്റെ വിശ്വാസമോ



www.malankaralibrary.com



ബോധ്യങ്ങളോ നഷ്ടപ്പെട്ടതായോ മാഞ്ഞുപോയതായോ എനിക്ക് അനുഭവമില്ല.

**എന്തിനാണ് കക്കുകളി?**

കേരളത്തിൽ ഇതിന്റെയൊക്കെ ലക്ഷ്യം ഒന്നു മാത്രമാണ്: പ്രകോപനമുണ്ടാക്കുക! അപകടരഹിതമായി അതു നടത്താവുന്നത് ആരോടാണെന്നുനോക്കി അവരെ നിരന്തരം പ്രകോപിപ്പിക്കുക. ചിലർക്ക് അതൊരുതരം രസമാണ്. പലപ്പോഴും, ഉയർന്നു വരുന്ന വിമർശനത്തിന് എന്തു മൂല്യമുണ്ട് എന്നു പരിശോധിച്ചാൽ, കാറ്റുപോയ ബലൂൺ പോലെ തീരുന്നതാണ് മിക്ക വിമർശനങ്ങളും, അഥവാ വിമർശനങ്ങൾ എന്നപേരിൽ പടച്ചുണ്ടാക്കുന്ന അധിക്ഷേപ ഹാസ്യ രൂപകങ്ങൾ! ഇന്നത്തെ ഇടതുപക്ഷത്തിന് (അങ്ങനെയൊന്നുണ്ടെങ്കിൽ), അല്ലെങ്കിൽ കമ്യൂണിസ്റ്റു പാർട്ടികൾക്ക് സത്യസന്ധമായി ഒരു സ്വയം വിമർശനം നടത്താൻ കഴിയുമോ? തങ്ങൾക്ക് അതിനുള്ള തന്റേടമുണ്ടോ എന്ന് അവർ സ്വയം പരിശോധിക്കുന്നത് നല്ലതാണ്. അതിനുപകരം, ദിവസവും എന്റെ പിഴ എന്റെ പിഴ എന്നു ദൈവമുൻപാകെ നിന്ന് ആത്മവിമർശനം നടത്തുന്നവരെ കക്കുകളിച്ചു തോൽപിക്കാൻ ശ്രമിക്കുന്നതിൽ എന്തു യുക്തിയാണുള്ളത്?

ഒരു കാര്യം, പകൽപോലെ വ്യക്തമാണ്: ഇത്തരം വിമർശനങ്ങളുമായി ക്രൈസ്തവ സമൂഹത്തെ മര്യാദ പഠിപ്പിക്കാൻ ഇറങ്ങിത്തിരിച്ചിട്ടുള്ളവരാണ് തങ്ങൾക്കുനേരെ ഉയരുന്ന ചെറു വിമർശനങ്ങൾപോലും ഉൾകൊള്ളാൻ കഴിവില്ലാത്തവരായി കേരളത്തിന്റെ മണ്ണിൽ രാഷ്ട്രീയ കൊലപാതകങ്ങൾക്കും സാമുദായിക കലാപങ്ങൾക്കും ചൂട്ടുപിടിച്ചിട്ടുള്ളത്! നാടകമല്ല ജീവിതം. തങ്ങൾ വിശ്വസിക്കുന്നു എന്നു സമൂഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്ന മൂല്യങ്ങൾ നാടകത്തിൽ മാത്രം പോരാ, ജീവിതത്തിൽകൂടി ലേശം ഉണ്ടാകണം. അതിനാൽ, കക്കുകളി നിരോധിക്കണമോ വേണ്ടയോ എന്നത് നിയമപരമായ ഒരു ചോദ്യമല്ല. അതു സാംസ്കാരികമായി സ്വീകരിക്കേണ്ട ഒരു നിലപാടാണ്. നിങ്ങൾ വിളിച്ചുപറയാൻ ശ്രമിക്കുന്ന കാര്യങ്ങൾ നിങ്ങളെനോക്കി സമൂഹത്തോട് പറയുന്നതെന്താണ്?

## വാർത്തകൾ




മലങ്കര കത്തോലിക്കാ സഭയുടെ യുക്കറിസ്റ്റിക് മിനിസ്റ്റേഴ്സിനായുള്ള മൂന്നാം ബാച്ചിന്റെ പരിശീലനം 2023 മാർച്ച് 14 –ന് സഭയുടെ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. വിവിധ കോൺഗ്രിഗേഷനുകളിൽ നിന്നുള്ള 134 സിസ്റ്റേഴ്സ് സംബന്ധിച്ച പരിശീലന പരിപാടിയിൽ പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്ത ആമുഖപ്രഭാഷണം നടത്തി. തുടർന്ന് നടന്ന ക്ലാസ്സുകൾക്ക് ആരാധനക്രമ കമ്മീഷൻ സിനഡൽ സെക്രട്ടറി ഫാ. ഡോ. ഐസക്ക് പറപ്പള്ളിൽ നേതൃത്വം വഹിച്ചു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവ അനുഗ്രഹ പ്രഭാഷണം നടത്തുകയും, ഈ ശുശ്രൂഷക്കായി നിയുക്തരായ സിസ്റ്റേഴ്സിന് സർട്ടിഫിക്കറ്റും അംശവസ്ത്രവും പ്രാർത്ഥന കാർഡും നൽകുകയും ചെയ്തു. കാതോലിക്ക ബാവ ഓരോരുത്തരെയും വ്യക്തിപരമായി അനുഗ്രഹിച്ച് ഈ ശുശ്രൂഷയിലേക്ക് നിയോഗിക്കുകയും ചെയ്തു.

www.malankaralibrary.com



സാമൂഹികം

# കക്കുകളികളും സന്യാസജീവിതവും



റവ. ഡോ. നോബിൾ തെരേസ് ഡി. എം

ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളത്തിൽ സന്യസ്തരെയും സന്യാസ ജീവിതാന്തസിനെയും കടന്നാക്രമിക്കുന്ന പ്രവണതകൾ വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിൽ ജീവിക്കുന്നു എന്ന കാരണത്താൽത്തന്നെ ഞാനെന്ന സന്യാസിക്ക് ഇതെല്ലാം കണ്ടും കേട്ടും നിർവ്വികാരയായിരിക്കുവാൻ കഴിയുന്നില്ല. ഇക്കാര്യങ്ങളോട് പ്രതികരിക്കണം എന്നതിനെക്കാൾ ഞാൻ ജീവിക്കുന്ന സന്യാസത്തിന്റെ സത്യമെന്ത്? സന്യാസത്തിന്റെ അകത്തളങ്ങളിൽ യഥാർത്ഥത്തിൽ എന്താണു സംഭവിക്കുന്നത് എന്ന യാഥാർത്ഥ്യം ലോകത്തോട് വിളിച്ചു പറയണം എന്നതാണ് എന്നെ ഈ തൂലിക കൈയിലെടുക്കുവാൻ പ്രചോദിപ്പിച്ചത്.

ലോകം കുരിശിൽ തറച്ചുകൊന്ന ക്രിസ്തുവിനോടുള്ള അഗാധമായ പ്രണയം അസ്ഥിക്കു പിടിച്ച് സ്വതന്ത്രമനസ്സോടെ ലോകസുഖങ്ങൾ വേണ്ട എന്നു വച്ച് ദൈവരാജ്യത്തിനുവേണ്ടി അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ ബോധപൂർവ്വം സ്വീകരിച്ച് ദൈവത്തിനും സഹോദരങ്ങൾക്കുംവേണ്ടി ജീവിതം ഉഴിഞ്ഞു വച്ചവരാണ് ഞങ്ങൾ സന്യാസിനികൾ. ഇന്നു പല ആവിഷ്ക്കാരകർത്താക്കളും പടച്ചുവിടുന്നതുപോലെ ആർക്കോവേണ്ടി പണിയെടുക്കുന്നവരും ആർക്കും വേണ്ടാത്തതുകൊണ്ട് ഈ ജീവിതം പുൽകിയവരും എന്തിൽനിന്നൊക്കെയോ രക്ഷപ്പെടാൻവേണ്ടി വന്നവരും ആരുടെയൊക്കെയോ നിർബന്ധത്താൽ നേർച്ചക്കോഴികളായവരും ഒന്നുമല്ല സന്യസ്തർ. പണവും പത്രാസും എന്നതിനെക്കാളുപരി, അന്തസ്സും ആഭിജാത്യവും ദൈവഭയവുമുള്ള കുടുംബത്തിൽ ജനിച്ചു വളർന്ന് ദൈവത്തിനുവേണ്ടി opt ചെയ്ത് ജീവിതം സമർപ്പിച്ചവരാണ് ഈ ഞങ്ങൾ. ഇതിൽ ഞങ്ങൾ ഭഗ്നാശരല്ല, കൃതാർത്ഥരാണ്.

ഒരു പെൺകുട്ടി അവളുടെ ബാല്യ കൗമാരങ്ങൾ പിന്നിട്ട് യുവത്വത്തിലേക്ക് കാലെടുത്തു വയ്ക്കുമ്പോൾ കൈക്കൊള്ളുന്ന ഈ തീരുമാനം തെറ്റിപ്പോയി എന്ന് അവൾക്ക് തോന്നുന്ന ഏതു നിമിഷവും തിരിച്ചു പോകുന്നതിനുള്ള സ്വാതന്ത്ര്യം അവൾക്കുണ്ട് എന്നിരിക്കിലും ഇന്നും അനേകായിരം പെൺകുട്ടികൾ അവരുടെ മരണംവരെ സന്യാസജീവിതാന്തസ്സിൽ വിശ്വസ്തരായി ജീവിക്കുന്നു എന്നത് കാണാതെ പോകാൻമാത്രം വിഡ്ഢികളാണോ നമ്മുടെ കൊച്ചു കേരളത്തിലുള്ള ആവിഷ്ക്കാരസ്വാതന്ത്ര്യ വക്താക്കൾ? സത്യങ്ങൾ വളച്ചൊടിച്ച് തെറ്റായി ചിത്രീകരിച്ച് ജനശ്രദ്ധ ആകർഷിക്കുന്നതിലൂടെ ലഭിക്കുന്ന ഗൂഢമായ സന്തോഷവും ചില തൽപരകക്ഷികളുടെ സ്വാർത്ഥതാൽപര്യങ്ങളും സത്യത്തെ സത്യമല്ലാതാക്കുന്നില്ല എന്നതിന്റെ പ്രത്യക്ഷമായ തെളിവുകളാണ് ഇന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലായി ഉയർന്നു കേൾക്കുന്ന സന്യാസിനികളുടെ പ്രതിഷേധ ശബ്ദങ്ങൾ. ഓരോ കേരളീയ പൗരനും അത് മന്ത്രിയായാലും, എം. എൽ. എ ആയാലും, സമൂഹത്തിന്റെ മുൻനിരയിൽ നിൽക്കുന്നവരായാലും, സാധാരണക്കാരനായാലും ഈ സന്യാസിനികളുടെ ശബ്ദങ്ങൾ ശ്രദ്ധിച്ചു കേട്ടു മനസ്സിലാക്കണം.

www.malankaralibrary.com






കാരണം, നാടക കർത്താക്കൾ അവരുടെ ഭാവനയിൽ വിരിഞ്ഞത് അവതരിപ്പിച്ച് കൈയടി നേടുന്നതുപോലെയല്ല സന്യസ്ത്യർ തങ്ങൾ ജീവിക്കുന്നതാണ് ലോകത്തോട് ഉറക്കെ പറയുന്നത്. ഞങ്ങൾ ഇത്ര മനോഹരമായി ജീവിക്കുന്ന ജീവിതാന്തസ്സിനെ അവഹേളനപരമായി ചിത്രീകരിക്കുന്ന കലാകാരന്മാരും നാടകകൃത്തുക്കളും പുരോഗമനവാദികളും അതു കണ്ടു കൈയ്യടിക്കുന്ന ജനപ്രതിനിധികളും അംഗീകാരപത്രം നല്കി ആദരിക്കുന്ന ഗവൺമെന്റും സത്യമെന്തെന്ന് മനസ്സിലാക്കണം.

ഇന്നത്തെ സാംസ്ക്കാരിക കേരളത്തിന്റെ പിന്നാമ്പുറ ചരിത്രങ്ങളിൽ തുടങ്ങി ഇന്നും ഈ ജനസമൂഹത്തെ എല്ലാ മേഖലകളിലും - പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത്, ആതുരശുശ്രൂഷാ രംഗത്ത്, സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ ഒക്കെ മികവുറ്റവരാക്കി തീർക്കുന്നതിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്നവർ കത്തോലിക്ക പുരോഹിതരും സന്യാസ്തരുമല്ലാതെ മറ്റാരാണ്? കത്തോലിക്കാ സന്യാസിസന്യാസിനികളും ക്രിസ്ത്യൻ മിഷനറിമാരും ഇല്ലായിരുന്നെങ്കിൽ ഇന്ന് കേരളത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? സമ്പത്തിലും സംസ്ക്കാരത്തിലും കേരളം വളർന്നപ്പോൾ വീടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്നവരും തെരുവുകളിൽ വലിച്ചെറിയപ്പെടുന്നവരും ഉപേക്ഷിക്കപ്പെടുന്നവരും സമൂഹം മാറ്റി നിർത്തുന്നവരും പാർശ്വവത്ക്കരിക്കപ്പെടുന്നവരും അവഗണിക്കപ്പെടുന്നവരും നിരവധിയാണെങ്കിലും അവരെയും നെഞ്ചോടു ചേർത്ത് സ്നേഹം കൊടുത്ത് ശുശ്രൂഷിക്കുന്നവരാണ് ഞങ്ങൾ സന്യാസിനികൾ. ക്രിസ്തുവിനുവേണ്ടി പൂർണ്ണമനസ്സോടെ ഞങ്ങൾ ചെയ്യുന്ന ശുശ്രൂഷകൾ ഏറ്റു വാങ്ങുന്നവരിൽ ഏതെങ്കിലും വിധത്തിൽ പങ്കുപറ്റുന്നവർ തന്നെയാണ് ഞങ്ങളെ അവഹേളിക്കാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്നവർ എന്നതും ഞങ്ങൾക്ക് നന്നായി അറിയാം.

പിന്നെ എന്തിനാണ് ഇക്കൂട്ടർ കത്തോലിക്ക സന്യസ്തരെ കരിവാരിത്തേയ്ക്കുന്നത്? സന്യാസത്തിൽ വീർപ്പുമുട്ടി കഴിയുന്ന ഞങ്ങളെ രക്ഷിക്കുകയാണ് ഇവരുടെ ലക്ഷ്യമെന്നും സന്യാസത്തിന്റെ അകത്തളങ്ങളിലെ യഥാർത്ഥ കാഴ്ചകൾ പുറത്തുകൊണ്ടുവരിക എന്ന മഹാ ദൗത്യമാണ് ഇവർ നിർവ്വഹിക്കുന്നതെന്നും എവിടെയോ ഇക്കൂട്ടർ സമർത്ഥിച്ചത് ഓർക്കുന്നു. കാലിടറി പോയവരെയും വഴിതെറ്റി പോയവരെയും എല്ലാ മേഖലകളിലും കാണാം. സന്യാസത്തിൽ വർഷങ്ങളോളം ജീവിച്ചിട്ട് കാലിടറി വഴിതെറ്റി സഞ്ചരിക്കുന്ന ഒന്നോ രണ്ടോ വ്യക്തികളുടെ വാക്കുകളെപ്രതി സന്യസ്തലോകം മുഴുവൻ അപ്രകാരമാണെന്ന് വിധിയെഴുതുന്നവർ ഓർക്കണം - നിങ്ങളുടെ കുടുംബത്തിലെ ഒരാൾ വഴിതെറ്റി പോയെന്നും പറഞ്ഞ് കുടുംബം മുഴുവൻ അങ്ങനെയാണെന്ന് ചിത്രീകരിച്ച് പൊതുജനമധ്യത്തിൽ പരസ്യമായി നിങ്ങൾ അവഹേളിക്കപ്പെട്ടാൽ നിങ്ങൾ വെറുതെ ഇരിക്കുമോ? നിങ്ങളുടെ അഭിമാനം വ്രണപ്പെടുകയില്ലേ? ഞങ്ങൾ സന്യസ്ത്യരും ആത്മാഭിമാനത്തോടെ, ചങ്കൂറ്റത്തോടെ ജനത്തിന് നന്മ ചെയ്ത്, ആഗ്രഹിക്കുന്നില്ലെങ്കിലും, പൊതുജനത്തിൽ നിന്ന് അർഹമായ ആദരവും ബഹുമാനവും ഏറ്റുവാങ്ങിത്തന്നെ ജീവിക്കുന്നവരാണ്. ഇനി അതല്ല, ഞങ്ങൾ ചെയ്യുന്ന നന്മയിൽ അസൂയപ്പെട്ട് സന്യാസത്തെ തകർക്കുകയാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ അവിടെയും നിങ്ങൾക്ക് തെറ്റുപറ്റി. കാരണം, ഇന്നലത്തെ മഴയിൽ കുരുത്തതല്ല ഈ കേരളക്കരയിൽ സന്യസ്തർ. നൂറ്റാണ്ടുകളുടെ പഴക്കവും തഴക്കവും ഉണ്ട് ഈ സന്യസ്ത ജീവിതങ്ങൾക്ക് ഇവിടെ. മാത്രമല്ല, ഇത് ദൈവത്തിന്റെ പ്രവൃത്തി ആയതുകൊണ്ട് നിസ്സാരനായ മനുഷ്യന് ഇതിനെ തകർക്കാനാവില്ല എന്ന സത്യം അംഗീകരിച്ചേ മതിയാവൂ. ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ.

സന്യസ്തരുടെ അകത്തളങ്ങളിൽ എന്താണ് നടക്കുന്നത്?

www.malankaralibrary.com



പീഡനവും സ്വാതന്ത്ര്യമില്ലായ്മയും അടിച്ചമർത്തലുമൊക്കെയാണെന്ന് വാദിക്കുന്ന പുരോഗമനവാദികൾ പറയാൻ മറന്നുപോയ, അല്ലെങ്കിൽ അവർ അറിയാൻ കൂട്ടാക്കാത്ത മനുഷ്യപ്പറ്റിന്റെ കുറെ മണിക്കൂറുകളാണ് യഥാർത്ഥത്തിൽ ഓരോ സന്യാസിയുടെയും ഒരു ദിവസത്തെ ജീവിതം. തങ്ങളുടെ ഭ്രാന്തമായ ചിന്തകൾ പങ്കുവയ്ക്കുന്നതിനു പകരം യഥാർത്ഥ സ്ഥിതി അറിയാൻ ശ്രമിച്ചാൽ ആരുടെയും കണ്ണിൽനിന്നും നന്ദിയുടെ ഒരിറ്റു കണ്ണീർ വീഴും. ലോകം ഉണരുന്നതിനുമുമ്പേ ഉണർന്ന് പ്രാർത്ഥനയിൽ നിന്നും ശക്തി സ്വീകരിച്ച് കർമ്മമണ്ഡലങ്ങളിലേക്ക് ഇറങ്ങുന്ന സന്യസ്തർ ദൈവവിചാരത്തിനും മനുഷ്യസേവനത്തിനുമായിട്ടാണ് തങ്ങളുടെ ജീവിതം ഉഴിഞ്ഞു വച്ചിരിക്കുന്നത്. കാരുണ്യത്തിന്റെ വറ്റാത്ത ഉറവകളായി ഓരോ സന്യാസിനിയും തങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നവരെ കരുണയോടെ ശുശ്രൂഷിക്കുമ്പോൾ വൈകല്യമുള്ള കുഞ്ഞുങ്ങൾക്ക്, വൃദ്ധരായ മാതാപിതാക്കൾക്ക്, മാനസിക വെല്ലുവിളി നേരിടുന്ന മക്കൾക്ക്, കിടപ്പുരോഗികൾക്ക്, മരണാസന്നരായവർക്ക് എന്നുവേണ്ട എല്ലാ കൂട്ടർക്കും ഞങ്ങൾ ആത്മീയ അമ്മമാരാണ്. എന്തു കുറവുള്ളവരെയും ഞങ്ങൾ – അമ്മമാർ – നേഞ്ചോടു ചേർത്തു പിടിക്കും. ഈ ശുശ്രൂഷകളൊന്നും ചെയ്യാൻ പറ്റാത്ത ഞങ്ങളുടെ പ്രായമുള്ള അമ്മമാർ ദൈവസന്നിധിയിൽ ഇരുന്ന് നിരന്തരം ഞങ്ങൾക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും ഈ മക്കൾക്കു വേണ്ടിയും മാദ്ധ്യസ്ഥം പ്രാർത്ഥിച്ചുകൊണ്ടിരിക്കും. ഇതിൽ കൂടുതൽ ഒരു കാഴ്ച ഒരു സന്യാസ ഭവനങ്ങളുടെ അകത്തളങ്ങളിലും ആർക്കും ദർശിക്കുവാൻ സാധിക്കുകയില്ല. ഇതൊന്നും പുറംലോകം അറിയാൻ വേണ്ടിയോ ലോകത്തിന്റെ അംഗീകാരവും കൈയ്യടിയും നേടാൻ വേണ്ടിയോ അല്ല, മറിച്ച് ഞങ്ങൾ പിൻചെല്ലുന്ന ക്രിസ്തുവിന്റെ – "എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" എന്ന ആഹ്വാനത്തെപ്രതി, അവനോടുള്ള ഗാഢമായ സ്നേഹത്തെപ്രതി, അവനെത്തന്നെയാണ് ഞങ്ങൾ ശുശ്രൂഷിക്കുന്നത് എന്ന തിരിച്ചറിവോടെയാണ് ചെയ്യുന്നത്. ക്രിസ്തു നന്മ ചെയ്ത് കടന്നുപോയി. അവൻ ഇന്നും ഞങ്ങൾക്ക് മാതൃകയും പ്രചോദനവും പ്രേരക ശക്തിയുമാണ്.

ഏതു മതവിശ്വാസത്തിനും സ്വാതന്ത്ര്യം കല്പിച്ചു തന്നിരിക്കുന്ന, ഏത് ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിനും സ്വാതന്ത്ര്യം നല്കുന്ന നിയമസംഹിതയുള്ള ഭാരതത്തിൽ ഒരു പ്രത്യേക മതവിശ്വാസത്തെയും ജീവിതാന്തസിനെയും ഇകഴ്ത്തിക്കാണിക്കുന്ന പ്രകടനങ്ങളും ചാനൽ ചർച്ചകളും തീർത്തും അപലപനീയമാണ്. ഞങ്ങൾ ജീവിക്കുന്ന സന്യാസത്തെക്കുറിച്ച് ഞങ്ങൾക്ക് അഭിമാനമുണ്ട്. ക്രിസ്തുവിനെ പ്രതി അനുസരണവും ബ്രഹ്മചര്യവും ദാരിദ്ര്യവും ജീവിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. അവനെ ഞങ്ങൾ പ്രണയിക്കുന്നു. അവനെപ്രതി എല്ലാവരെയും ഞങ്ങൾ സ്നേഹിക്കുന്നു. ആരെല്ലാം എതിർത്താലും ഈ ജീവിതത്തിന്റെ വില കുറയില്ല. സന്യാസത്തിന്റെ പ്രതിഛായയ്ക്ക് മങ്ങലേല്ക്കുകയില്ല. കക്കുകളിക്കാരെ, നിങ്ങൾക്ക് തെറ്റുപറ്റി! സന്യാസ ജീവിതസാക്ഷ്യം നിങ്ങളുടെ കളിയെക്കാൾ നൂറു മടങ്ങ് വെളിച്ചം വീശുന്ന ഈ നാട്ടിൽ നിങ്ങളുടെ വിലകുറഞ്ഞ ഉദ്യമങ്ങൾ ഉപേക്ഷിച്ചിട്ട് കൂടുതൽ ശ്രേഷ്ഠമായതിനെ തെരഞ്ഞെടുക്കുന്നതിനുള്ള ധൈര്യം നിങ്ങൾക്കുണ്ടാവട്ടെ!

## പുതിയ സാരഥികൾ





തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മലങ്കര കാത്തലിക് അസോസിയേഷന്റെ (MCA) 2023-24 ഭരണ സമിതിയിൽ കൊട്ടാരക്കര വൈദിക ജില്ലയിലെ കിഴക്കേത്തെരുവ് ഇടവകാംഗമായ റെജിമോൻ വർഗ്ഗീസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. മരുളി ദാസ് കീഴതിൽ (ജനറൽ സെക്രട്ടറി), ജോൺ അരശുംമൂട് (ട്രഷറർ), അനി വെള്ളൂർക്കോണം (വൈസ് പ്രസിഡന്റ്), മിനി സജു (വൈസ് പ്രസിഡന്റ്), ബാബു ചെറുശ്ശേരിൽ (സെക്രട്ടറി), പോൾ രാജ് പൂയപ്പള്ളി (സെക്രട്ടറി), പങ്കജം (ജോയിന്റ് സെക്രട്ടറി), അഡ്വ. ബിനോ ജോർജ്ജ് മണ്ണിക്കരോട്ട്, ഡോ. കെ. വി. തോമസുകുട്ടി, നിഷാ അച്ചൻകുഞ്ഞ് (സഭാതല സമിതിയംഗങ്ങൾ) എന്നിവരാണ് മറ്റ് അംഗങ്ങൾ. ഭരണസമിതിക്ക് ഭാവുകങ്ങൾ!

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ MCA യുടെ സഭാതല സമിതയിൽ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡോ. കെ. വി. തോമസ്കുട്ടി. തിരുവനന്തപുരം മേജർ അതിരൂപതയിലെ അഞ്ചൽ ഇടവകാംഗവും അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ മുൻ പ്രിൻസിപ്പലുമാണ് അദ്ദേഹം.

KCYM സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഷാരോൺ കെ. റെജി. തിരുവനന്തപുരം മേജർ അതിരൂപതിയിലെ പിരപ്പൻകോട് ഇടവകാംഗമാണ്.

www.malankaralibrary.com



നിരീക്ഷണം

# മെത്രാനച്ചന്റെ ജനപക്ഷ രാഷ്ട്രീയം





റവ. ഫാ. ജോഷി മയ്യാറ്റിൽ

പുറപ്പാടിന്റെ പ്രാധാന്യം ക്രൈസ്തവരെക്കാൾ കൂടുതലായി അറിയാവുന്ന ആരുംതന്നെ ലോകത്ത് ഉണ്ടാകും എന്നു തോന്നുന്നില്ല. മാറ്റം നല്ലതിനാണെന്ന് ജനത്തിനു ബോധ്യപ്പെടുന്ന ചില നിമിഷങ്ങളുണ്ട്. ഗതികേടിന്റെ പടുകുഴിയിൽ വച്ചാണ് അത്തരം ബോധ്യങ്ങളും നിലപാടുകളും കൈക്കൊള്ളാൻ അവർ നിർബന്ധിതരാകുന്നത്. ഈജിപ്തിലെ ഫറവോയുടെ ക്രൂരത ഏറിയതിന്റെ അനന്തരഫലമായിരുന്നല്ലോ കാനാനിലേക്കുള്ള ഇസ്രായേലിന്റെ പുറപ്പാട് അഥവാ കടന്നുപോകൽ അഥവാ പെസഹാ! ഫറവോമാരെ തഴയുന്നവർക്കാണ് തേനും പാലും ഒഴുകുന്ന നാട് സ്വന്തമാകുന്നത് എന്നാണ് ഞങ്ങളുടെ തിരുവെഴുത്തിലുള്ളത്...സ്വന്തം വോട്ടുബാങ്കായ കൊച്ചി നിയോജക മണ്ഡലത്തെ നിസ്സാരമായി കരുതി മേഞ്ഞുകൊണ്ടിരുന്ന ഒരു പാർട്ടിയെ ഒരിക്കൽ അവിടത്തെ ജനം പൂർണമായും തഴഞ്ഞു. അതിനു പിന്നിൽ ഒരു മെത്രാനച്ചന്റെ ഉറച്ച നിലപാട് ഉണ്ടായിരുന്നു എന്നത് പരസ്യമായ ഒരു രഹസ്യമാണ്. ആ ജനത്തിനാണ് അസാധ്യം എന്നു പലരും കരുതിയിരുന്ന, അതിസുന്ദരമായ ഒരു കടൽഭിത്തിയുടെ സംരക്ഷണം ഇപ്പോൾ ഉറപ്പായിട്ടുള്ളത്. ജനത്തിന്റെ വിഷയങ്ങൾക്ക് പുല്ലുവില നല്കുന്ന രാഷ്ട്രീയക്കാർക്കെതിരേ നിലപാടുകളെടുക്കാൻ 'മോശ'മാർ മുന്നോട്ടുവരുക സ്വാഭാവികമാണ്. ജനത്തെ സ്നേഹിക്കുന്ന ആധുനിക മോശമാരും അത്തരം നിലപാടുകളെടുത്തേ മതിയാകൂ. നല്ലിടയന്റെ ലക്ഷണമാണ് അവയെല്ലാം. തലശ്ശേരിയിൽ സംഭവിച്ചതും മറ്റൊന്നല്ല.

**കർഷക ഗർജനം**

കത്തോലിക്കാ കോൺഗ്രസ്സ് കഴിഞ്ഞ ദിവസം സംഘടിപ്പിച്ച കർഷക പ്രതിഷേധജ്വാലയിൽ തലശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംബ്ലാനി അതിശക്തമായ വാക്കുകളിൽ, റബർ കർഷകർ അനുഭവിക്കുന്ന ദയനീയാവസ്ഥ കേരളത്തിന്റെ മുഖ്യ ചർച്ചാവിഷയമാക്കിത്തീർത്തു. നിലവിലുള്ള ഇടത്തു-വലത്തു കക്ഷികൾ പൂർണമായും തഴഞ്ഞ ഒരു ജനതതിയുടെ സങ്കടവും ക്ഷോഭവും വികാരവിസ്ഫോടനവുമാണ്  ഉടനൊന്നും അലയൊലിയൊഴിയാ വിധത്തിൽ ആ സംഗമവേദിയിൽ മുഴങ്ങിക്കേട്ടത്. അത് കേരളത്തിലെ പ്രമുഖ രാഷ്ട്രീയ കക്ഷികൾക്ക് അതിശക്തമായ ഒരു താക്കീതുമായിത്തീർന്നു. നാടിന്റെ പൊതുനന്മയ്ക്കുവേണ്ടി മാത്രം അധ്വാനിക്കുന്ന ഒരു ജനവിഭാഗത്തെ കാട്ടാനയ്ക്കും പുലിക്കും കാട്ടുപന്നിക്കും അദാനിക്കും മുന്നിലേക്കു വലിച്ചെറിഞ്ഞിട്ടു കൊടുക്കുന്ന നെറികെട്ട രാഷ്ട്രീയത്തിനെതിരേയുള്ള വിപ്ലവവുമാണത്.


www.malankaralibrary.com



"കുറുക്കന് ഒരിക്കലും കോഴിയെ സംരക്ഷിച്ച ചരിത്രമില്ല" എന്നൊക്കെയുള്ള ചപ്പടാച്ചി ഡയലോഗുകളുമായി ഇറങ്ങുകയല്ല, കുടിയേറ്റ കർഷകർ കടന്നുപോകുന്ന അതിദാരുണമായ അവസ്ഥകൾ തിരിച്ചറിഞ്ഞ് ഇരുമുന്നണികളും ഉത്തരവാദിത്വപൂർണമായ നിലപാടുകളുമായി മുന്നോട്ടുവരുകയാണ് ഇപ്പോൾ വേണ്ടത്. 2021-ലെ പ്രകടനപത്രികയിൽ റബറിന് 250 രൂപ തറവിലയാക്കുമെന്ന മോഹനവാഗ്ദാനം നല്കിയ കുറുക്കന്മാരുടെ ഡയലോഗുകൾക്ക് തീരെ പഞ്ചു പോരാ എന്നെങ്കിലും ഇപ്പോൾ അവർ തിരിച്ചറിയണം. ക്രൈസ്തവർ കേരളത്തിൽ നേരിടുന്ന രാഷ്ട്രീയാവഗണന പട്ടാപ്പകൽ പോലെ പ്രകടമായിരിക്കേ, അത് പലവിധത്തിൽ ക്രൈസ്തവസമുദായം സംശയലേശമന്യേ വ്യക്തമാക്കിയിരിക്കേ, ഇനിയും തങ്ങളുടെ കുറുക്കതന്ത്രം ഫലിക്കുകയില്ല എന്ന് തിരിച്ചറിയാനുള്ള വിവേകമെങ്കിലും ഇരുമുന്നണികൾക്കും ഉണ്ടാകും എന്നു വിശ്വസിക്കാനാണ് ഞങ്ങൾക്കിഷ്ടം.

**ഈ ബിജെപിയെ നമ്പാൻ ഞങ്ങൾക്ക് ആഗ്രഹമില്ല**

ഇവിടെ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും നീതിന്യായവ്യവസ്ഥിതിക്കും മതേതരത്വത്തിനും അപായ സൈറൺ മുഴങ്ങുന്നത് ഞങ്ങൾ കേൾക്കുന്നുണ്ട്. ഫാസിസ്റ്റു ശൈലിയുടെ ബുൾഡോസറുകൾ തലങ്ങും വിലങ്ങും ചീറിപ്പായുന്നത് ഞങ്ങൾ കാണുന്നുണ്ട്. ഹിന്ദുത്വശക്തികളുടെ ന്യൂനപക്ഷവിരുദ്ധതയെപ്പറ്റി മറ്റാരെയുംകാൾ ബോധ്യമുള്ളവരാണ് ഞങ്ങൾ. നിർബന്ധിത മതപരിവർത്തനം എന്ന വ്യാജലേബലിൽ ക്രൈസ്തവരെ ഭീഷണിപ്പെടുത്തുകയും ദ്രോഹിക്കുകയും വധിക്കുകയും ഞങ്ങളുടെ പ്രാർത്ഥനാലയങ്ങൾ തകർക്കുകയും ചെയ്യുന്ന ഒരു പ്രത്യയശാസ്ത്രത്തോട് ചേർന്നുനില്ക്കാൻ ക്രൈസ്തവരായ ഞങ്ങൾക്ക് എങ്ങനെ സാധിക്കും? കണ്ഡമാലും ജഗദൽപൂരും ഞങ്ങൾക്ക് എങ്ങനെ മറക്കാനാകും? തിരുവസ്ത്രം ധരിച്ചിരുന്നു എന്ന ഒറ്റക്കാരണത്താൽ, ട്രെയിനിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ഞങ്ങളുടെ ബഹുമാന്യരായ സന്യാസിനികളെ ബന്ദികളാക്കിയ ജനക്കൂട്ടത്തെയും മണിക്കൂറുകളോളം അവരെ ട്രെയിനിൽ നിന്നിറക്കി പോലീസുസ്റ്റേഷനിൽ തടഞ്ഞുവച്ച പോലീസിനെയും ആ ഹീനകൃത്യത്തിന് പശ്ചാത്തലമൊരുക്കിയ ഹിന്ദുത്വശക്തികളെയും ഞങ്ങൾക്ക് അത്രയെളുപ്പത്തിൽ മറക്കാനാകുമോ? ആദിവാസികളുടെ ഭൂമി സംരക്ഷിക്കാൻ അവരോടൊപ്പം ഉരുക്കുപോലെ ഉറച്ചുനിന്ന നീതിമാനായ സ്റ്റാൻ സാമിയച്ചനെ അറസ്റ്റുചെയ്ത് കൊലയ്ക്കു കൊടുത്ത ഒരു സർക്കാരിനോട് അനുഭാവം കാട്ടാൻ ഞങ്ങൾക്ക് എങ്ങനെ കഴിയും? ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളെ ന്യായാധിപന്മാരാ



www.malankaralibrary.com





ക്കുന്നതിലും അനഭിമതരായ ന്യായാധിപന്മാരെ ഏതുവിധേനയും ഒതുക്കുന്നതിലും രാഷ്ട്രീയ എതിരാളികളെയും സാംസ്കാരിക എതിരാളികളെയും നിശ്ശബ്ദരാക്കുന്നതിലും മാധ്യമങ്ങളെ വരുതിയിലാക്കുന്നതിലും ജാഗ്രത പുലർത്തുന്ന ഒരു സർക്കാരിൽ നിന്ന് ന്യായമായ എന്താണ് ആർക്കാണ് പ്രതീക്ഷിക്കാനുള്ളത്? സമ്മിശ്ര സമ്പദ് വ്യവസ്ഥ പാടേ ഉപേക്ഷിച്ച് കാപ്പിറ്റലിസ്റ്റ് വ്യവസ്ഥിതിയുടെ കോർപ്പറേറ്റ് ശൈലിയിൽ അഭിരമിച്ച് കുത്തക മുതലാളിമാർക്ക് ചൂട്ടുപിടിച്ചു കൊടുത്ത് ദരിദ്രലക്ഷങ്ങളെ ഇല്ലായ്മയുടെ ഇരുട്ടിലാഴ്ത്തുന്ന ഒരു ഭരണചക്രത്തോട് ദരിദ്രരുടെ സഭയ്ക്ക് എങ്ങനെ സമരസപ്പെടാനാകും?

**നിങ്ങൾ ഇത്രയ്ക്ക് അന്ധരോ?**

ഇടത്തു-വലത്തു മുന്നണികളേ, കഴിഞ്ഞ ഏതാനും വർഷങ്ങളായി കത്തോലിക്കാ മതനേതൃത്വത്തിലുള്ള ചിലരും ക്രൈസ്തവനാമം പേറുന്ന ചില സംഘടനകളും ബിജെപിയോട് അനുഭാവം കാണിക്കുന്നതായി നിങ്ങൾ കാണുന്നില്ലേ? ന്യൂനപക്ഷ മോർച്ചയുടെ സാന്നിധ്യത്തിൽ കത്തോലിക്കാ കേന്ദ്രങ്ങളിൽ ചില യോഗങ്ങൾ നടന്നതും വിവിധ ക്രൈസ്തവ സഭകളുടെ പ്രതിനിധീസംഗമം പലയിടത്തും നടന്നതും നിങ്ങൾ കണ്ടില്ലേ? ആവശ്യമുള്ളവ നേടിയെടുക്കാനായി അധികാരമുള്ളവനോട് ചേർന്നു നില്ക്കുക എന്ന പ്രായോഗിക നിലപാടിലേക്കാണ് ഞങ്ങളിൽ ചിലർ എത്തിനില്ക്കുന്നത്. ജനാധിപത്യപരമായ ബാലറ്റിലൂടെ കേന്ദ്രഭരണത്തിലേറിയ ഒരു പാർട്ടിയോട് അകലം പാലിക്കേണ്ട ആവശ്യമെന്ത് എന്ന, തികച്ചും ന്യായമെന്നു തോന്നാവുന്ന, ചോദ്യമാണ് മറ്റു ചിലർ ഉന്നയിക്കുന്നത്. അടവുനയം എന്ന രീതിയിൽ ബിജെപിയുമായി ചങ്ങാത്തമാകാം എന്നാണ് വേറെ ചിലർ കരുതുന്നത്.

**നിങ്ങളാണ് കാരണക്കാർ!**

ഇടത്തു-വലത്തു മുന്നണികളേ, ഈ അവസ്ഥയ്ക്ക് നിങ്ങളാണ്, നിങ്ങൾ മാത്രമാണ്, കാരണക്കാർ. മലയോര മേഖലയോടും തീരദേശത്തോടും നിങ്ങൾ കാണിക്കുന്ന ചിറ്റമ്മനയം പട്ടാപ്പകൽപോലെ നാടിനും നാട്ടാർക്കും മനസ്സിലാകുന്നില്ലെന്നാണോ നിങ്ങളുടെ വിചാരം? ഞങ്ങൾ നിങ്ങളുടെ വർഗീയപ്രീണനം കണ്ടു മടുത്തു. ഞങ്ങളുടെ വിദ്യാഭ്യാസ-ആരോഗ്യ ശുശ്രൂഷകളെ തരംതാഴ്ത്താനും അവഹേളിക്കാനും നിങ്ങൾക്കുള്ള ഉത്സാഹം ഞങ്ങളെ ക്ഷുഭിതരാക്കിക്കഴിഞ്ഞു. പാഠപുസ്തകങ്ങളിൽ വരെ ക്രൈസ്തവവിരുദ്ധത തിരുകിക്കയറ്റുന്ന നിങ്ങളുടെ വ്യാജ അക്കാദമികതയോട് ഞങ്ങൾക്കു പുച്ഛമാണ്. സർക്കാർ സംവിധാനങ്ങളുപയോഗിച്ച് ക്രൈസ്തവരുടെ നെഞ്ചത്ത് കളം വരയ്ക്കുകയും ഞങ്ങളുടെ ആദരണീയരും സാത്വിനികളുമായ സന്യാസിനികളെ അവഹേളിക്കാൻ വേണ്ടി അവിടെ കക്കു കളിക്കുകയും ചെയ്യുന്ന നിങ്ങളോട് ഞങ്ങൾക്ക് അവജ്ഞയാണ്.

നൂറ്റാണ്ടുകൾക്കു മുമ്പേ ഞങ്ങളുടെ മിഷനറിമാർ വിദ്യാവെളിച്ചത്തിലൂടെയും ആരോഗ്യപ്രഭയിലൂടെയും തെളിച്ചുതന്ന നാടിന്റെ വികസന-നവോത്ഥാന സാധ്യതകൾ ചുരുങ്ങിയ കാലംകൊണ്ട് തകർത്തു തരിപ്പണമാക്കിയില്ലേ നിങ്ങൾ? നിങ്ങളുടെ വോട്ടു ബാങ്കുകളായി നിലകൊണ്ടും നിങ്ങളാൽ വഞ്ചിതരായും അധഃപതനത്തിന്റെ പാതയിലായില്ലേ, ഞങ്ങൾ? കേരളത്തെ വർഗീയവാദികളുടെയും തീവ്രവാദികളുടെയും പറുദീസയാക്കി മാറ്റിയത് നിങ്ങളല്ലാതെ ആരാണ്? വ്യവസായത്തെ തളർത്തി, വ്യാപാരത്തെ പ്രോത്സാഹിപ്പിച്ച്, വെറും ഉപഭോക്തൃസമൂഹമായും മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ലോട്ടറിയുടെയും വിളയാട്ടകേന്ദ്രമായും കേരളത്തെ മാറ്റിയത് നിങ്ങളല്ലാതെ മറ്റാരാണ്? കനത്ത ലോണെടുത്ത്, നല്ല വിദ്യാഭ്യാസവും ജീവിതസാഹചര്യങ്ങളും തേടി, നാടുവിടാൻ തക്കവിധം ഞങ്ങളുടെ യുവതയെ ഗതികേടിലേക്കു തള്ളിവിട്ടത് നിങ്ങളല്ലേ?


ഇപ്പോഴുള്ള അവസ്ഥ ഇനിയും തുടരുകയാണെങ്കിൽ, ഏറെ താമസിയാതെ ഇവിടെ ക്രൈസ്തവരുടെ പിന്തുണയോടെ പ്രബലപ്പെടാൻ പോകുന്നത്, നിലവിലുള്ള അവഗണനകളിൽ മനം നോവുന്ന ക്രൈസ്തവരെ, തങ്ങൾ നിരാലംബരുടെ ശരണമാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ബിജെപി ആയിരിക്കും; സംശയം വേണ്ടാ!

www.malankaralibrary.com



വിശേഷം

# റവ. ഡോ. ജേക്കബ് തെക്കേപറമ്പിൽ വത്തിക്കാൻ ആരാധനാക്രമ കമ്മീഷൻ കൺസൾട്ടന്റ്



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കോട്ടയത്തുള്ള സെന്റ് എഫ്രേം എക്യൂമെനിക്കൽ റിസർച്ച് ഇൻസ്റ്റിട്യൂട്ടിന്റെ (SEERI) ഡയറക്ടറായ ഫാദർ ഡോ. ജേക്കബ് തെക്കേപറമ്പിലിനെ വത്തിക്കാനിലുള്ള പൗരസ്ത്യ തിരുസംഘത്തിന്റെ ഭാഗമായ ആരാധനാക്രമത്തിനുവേണ്ടിയുള്ള പ്രത്യേക കമ്മീഷന്റെ കൺസൾട്ടന്റായി ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ചു. കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലുള്ള ഇരുപത്തിമൂന്ന് പൗരസ്ത്യ സഭകളുടെ ആരാധനക്രമ സംബന്ധമായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് പൗരസ്ത്യ തിരുസംഘം ഉപദേശം തേടുന്നത് ഈ കമ്മീഷനോടാണ്.

1942-ൽ ജനിച്ച ഫാദർ ജേക്കബ് തെക്കേപറമ്പിൽ, കോട്ടയത്തിനടുത്തുള്ള പരിയാരത്തും പുതുപ്പള്ളിയിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവല്ല അതിഭദ്രാസനത്തിന്റെ മൈനർ സെമിനാരിയിലും പൂനയിലുള്ള പൊന്തിഫിക്കൽ അത്തനേയത്തിലുമായി സെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കി 15-10-1968-ൽ വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് പാരിസിലുള്ള കാത്തലിക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് പാശ്ചാത്യ സുറിയാനി ആരാധനാക്രമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. പോസ്റ്റ് ഡോക്ടറൽ പഠനങ്ങളുടെ ഭാഗമായി യൂറോപ്പിലെ ബെർലിൻ, ലണ്ടൻ, ഓക്സ്ഫോർഡ്, ട്യൂബിംഗൻ, ഗോട്ടിംഗൻ തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹം സുറിയാനി കൈയെഴുത്തു പ്രതികളെപ്പറ്റി പ്രത്യേക ഗവേഷണം നടത്തിയിട്ടുണ്ട്. സുറിയാനി ഭാഷ, സഭൈക്യ ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ഉന്നത പഠനങ്ങൾക്കായി 1985-ൽ കോട്ടയത്ത് സ്ഥാപിതമായ സീരിയുടെ സ്ഥാപക ഡയറക്ടറായ അദ്ദേഹം, സുറിയാനി ഭാഷ, ആരാധനാക്രമം, സഭൈക്യ ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങളെപ്പറ്റി നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.


മധ്യപൂർവ്വേഷ്യയിലുള്ള സുറിയാനി കത്തോലിക്കാ സഭയുടെ അംഗീകാരമായി പാത്രിയർക്കീസ് ഇഗ്നേഷ്യസ് യൂസഫ് യൂനാൻ മൂന്നാമൻ സമ്മാനിച്ച 'മൽപ്പോനോ റാബോ ഈഥോതോ സുറിയോയോത്തോ' (സുറിയാനിസഭകളുടെ വലിയ ഗുരു), മലങ്കര മൽപ്പാൻ കുര്യൻ കണിയാമ്പറമ്പിൽ കോറെപ്പിസ്ക്കോപ്പാ സെന്റിനറി അവാർഡ്, ഫ്രഞ്ച് ഗവമെന്റിന്റെ ഷെവലിയർ പദവി, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അംഗീകാരമായി കർദിനാൾ മാർ ബസേലിയോസ് ക്ളീമിസ് കാതോലിക്കാബാവാ സമ്മാനിച്ച മൽപ്പാൻ പദവി, സ്വീഡനിലെ ആരാം കമ്മറ്റി സമ്മാനിച്ച ആരാം പ്രൈസ്, കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ മാധ്യമ കമ്മീഷൻ സമ്മാനിച്ച ഗുരുപൂജാ പുരസ്കാരം തുടങ്ങിയ നിരവധി ദേശീയ, അന്തർദേശീയ അംഗീകാരങ്ങൾ ഫാദർ ജേക്കബിന് ലഭിച്ചിട്ടുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവല്ല അതിഭദ്രാസനത്തിലെ വൈദീകനായ ഫാദർ ജേക്കബ് കോട്ടയത്തിനടുത്തുള്ള പുതുപ്പള്ളി പരിയാരം അഞ്ചേരി തെക്കേപറമ്പിൽ കുടുംബത്തിലെ പരേതരരായ അബ്രാഹം ഏലിയാമ്മ ദമ്പതികളുടെ ഏഴു മക്കളിൽ രണ്ടാമനാണ്. അദ്ദേഹം ഡയറക്ടറായ സീരി (SEERI) സുറിയാനി ഭാഷാ പഠനത്തിൽ ലണ്ടനിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയൊടൊപ്പം തന്നെ പ്രസിദ്ധമായതും ഡിപ്ലോമ, ബിരുദാനന്തര ബിരുദം, ഡോക്ററേറ്റ് എന്നിവ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലൂടെ നൽകുന്ന സ്ഥാപനവുമാണ്.

www.malankaralibrary.com



ഗ്രന്ഥനിരൂപണം




# ദൈവത്തിന്റെ കുഞ്ഞാട്: ബലിയും ജീവനും

**റവ. ഡോ. ജോൺസൺ കാക്കനാട്ട്**

**റവ. ഫാ. ജോൺസൺ പുതുവേലിൽ**

സാർവ്വത്രികമായ പ്രതിഭാസമാണ് ബലി. ബലിയും അനുഷ്ഠാനങ്ങളുമില്ലാത്ത മതങ്ങൾലോകചരിത്രത്തിൽ ഉണ്ടായിട്ടി ല്ലെന്നുതന്നെ പറയാം. ബലിയുടെ അടിസ്ഥാനം ദൈവത്തിലുള്ള വിശ്വാസവും ആ ദൈവത്തെ ആരാധിക്കാനുള്ള ആഗ്രഹവുമാണ്. ബലി അതിന്റെ നിയതമായഅർത്ഥത്തിൽ ദൈവത്തിനുള്ള പദാർത്ഥാത്മകമായ സമർപ്പണവും അതുവഴി വിശുദ്ധീകരണവുമാണ്. ബൈബിളിൽ പ്രതിപാദിക്കുന്ന ഹാബേലിന്റെ ബലി ലഭിക്കുന്ന മുതൽ യേശുക്രിസ്തുവിന്റെ ബലിവരെയുള്ള പാനപ്പെട്ട ബലികൾ വിശകലനം ചെയ്യുന്ന പുസ്തകമാണ് ദൈവത്തിന്റെ കുഞ്ഞാട്: ബലിയും ജീവനും. റവ. ഡോ. ജോൺസൺ കാക്കനാട്ടിന്റെ പുതിയ പുസ്തകമാണിത്.

ബലിയർപ്പിക്കുന്ന ആൾ ദൈവവുമായി ബന്ധപ്പെട്ട് തന്റെ ജീവിതത്തിൽ ഉണ്ടായ ഏതെങ്കിലും മഹത്കാര്യങ്ങൾ അനുസ്മരിക്കുന്നതിനുവേണ്ടി ബലിപീഠം പണിത് ബലി അർപ്പിക്കുകയായിരുന്നു പതിവ്. ഈശ്വരൻ വസിക്കാൻ മനുഷ്യൻ നിർമ്മിച്ച ഭവനത്തിൽ ഈശ്വരനെ പ്രീണിപ്പിക്കാൻ വേണ്ടി സുഗന്ധവും ഭോജനവും ഒരുക്കുന്നതായിരുന്നു പുറജാതികളുടെ ബലിസങ്കല്പമെങ്കിൽ, തങ്ങളെ സന്ദർശിച്ച യഹോവയുടെ സ്മരണയും ആ സാന്നിധ്യത്തിലേക്ക് ഉയരുവാനുള്ള വിശുദ്ധിക്കായുള്ള പരിശ്രമവുമായിരുന്നു ഇസ്രായേലിന്റെ ബലിസങ്കല്പം. പ്രസാദബലികൾ, കാഴ്ചയർപ്പണബലികൾ, നേർച്ചബലികൾ, കൃതജ്ഞതാപ്രകാശനബലികൾ, സ്വാഭീഷ്ടകാഴ്ചകൾ, പാപപരിഹാരബലികൾ തുടങ്ങി പല തരത്തിലും വിധത്തിലുമുള്ള ബലികൾ പഴയനിയമകാലത്ത് ഉണ്ടായിരുന്നു.

വേദപുസ്തകത്തിലെ വിവിധങ്ങളായ ബലികളെക്കുറിച്ചുള്ള ക്രമീകൃതമായ പാഠങ്ങൾ നൽകുന്ന കൃതിയാണിത്. ഹാബേൽ, നോഹ, അബ്രഹാം, സാവൂൾ, ദാവീദ്, ഏലിയ, ജോബ്, തുടങ്ങിയ വരുടെ ബലിയർപ്പണം ഓരോ അദ്ധ്യായങ്ങളിലായി വിവരിക്കുന്നു. യേശുക്രിസ്തുവിന്റെ ബലിയുടെ ദൈവശാസ്ത്രപരമായ വ്യാഖ്യാനം ഈ കൃതിയെ കൂടുതൽ ഈടുറ്റതാക്കുന്നു. ക്രിസ്തുവിനെ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായും ബലിയർപ്പകനും ബലിവസ്തുവുമായും രണ്ട് അദ്ധ്യായങ്ങളിൽ ദീർഘമായി അവതരിപ്പിക്കുന്നു. പുരോഹിതൻ ദൈവത്തിന്റെ കുഞ്ഞാട് എന്നതാണ് അവസാന അദ്ധ്യായം.


ജോൺസൺ അച്ചന്റെ വ്യക്തിപരമായ പ്രാർത്ഥനയുടെയും വിചിന്തനത്തിന്റെയും ധൈഷണികാന്വേഷണത്തിന്റെയും ഫലമാണ് ഈ പുസ്തകം. ബൈബിൾ വിജ്ഞാനീയത്തിന്റെ അടിത്തറയിലാണ് തന്റെ ആശയങ്ങൾ ജോൺസൺ അച്ചൻ ഉറപ്പിച്ചിരിക്കുന്നത്. ഈ ഗ്രന്ഥരചനയ്ക്കു പിന്നിൽ ത്യാഗനിർഭരമായ ഗവേഷണവും പഠനവും അച്ചൻ നടത്തിയിട്ടുണ്ട്.

ബലിയർപ്പകനും ബലിവസ്തുവുമായി യേശുവിനെ മനസ്സിലാക്കുവാനും അതുവഴി യേശുവുമായുള്ള ആത്മബന്ധം ദൃഢമാക്കുവാനും കൂടുതൽ അർത്ഥവത്തായി വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനും ഈ പുസ്തകം വായനക്കാരെ സഹായിക്കും. ഗ്രന്ഥകാരന് അഭിനന്ദനവും ഗ്രന്ഥത്തിന് പ്രചുരപ്രചാരവും ആശംസിക്കുന്നു.

www.malankaralibrary.com



ഗ്രന്ഥനിരൂപണം




# ഉത്തരായനം

## പുനരൈക്യ പ്രസ്ഥാനത്തിന്റെ ഊടും പാവും

### ഫാ. റൊമാൻസ് ആന്റണി

**റവ. ഫാ. ജോൺസൺ പുതുവേലിൽ**

ഒരു ചെറിയ കാൽവയ്പോടെയാണ് എല്ലാ ഉദ്യമങ്ങളും സമാരംഭിക്കുന്നത്. മഴതുള്ളികൾ ഒരു വലിയ പ്രളയമാകുന്നതു പോലെയാണ് എല്ലാ പ്രസ്ഥാനങ്ങളും. 1930 സെപ്റ്റംബർ 21–ാം തീയതി കൊല്ലം ബിഷപ്പിന്റെ അരമന ചാപ്പലിൽ ദൈവദാസൻ മാർ ഈവാനിയോസും കൂടെ നാലുപേരും ബിഷപ്പ് ബെൻസിഗറിന്റെ മുമ്പിൽ വിശ്വാസപ്രമാണം ചൊല്ലി കത്തോലിക്ക സഭയിൽ പ്രവേശിച്ചതോടെയാണ് പുനരൈക്യം എന്ന പ്രസ്ഥാനത്തിനു ഒരു ഔദ്യോഗിക തുടക്കം ഉണ്ടായത്. എന്നാൽ അതിനു മുൻപേ കൊല്ലം രൂപതയുടെ ആഭിമുഖ്യത്തിൽ പുനരൈക്യ സംരംഭം തുടങ്ങിയിരുന്നു. 1916 കറ്റാനം എന്ന കൊച്ചു ഗ്രാമത്തിലെ ആന്നിയൻ കുടുംബത്തിലെ ഗീവർഗീസ് തരകനും നൈനാൻ അച്ചനും ബിഷപ്പ് ബെൻസിഗറിന്റെ മുമ്പിൽ പുനരൈക്യപ്പെട്ടതോടെ പുനരൈക്യത്തിന്റെ ആദ്യഘട്ടം ആരംഭിച്ചു. പിന്നെ പുനരൈക്യ സന്ദേശം ചാരമൂട്, ചുനക്കര, കുടശ്ശനാട്, അഞ്ചൽ, കോന്നി, കൊട്ടാരക്കര, ആയൂർ, പുത്തൻ പീടിക എന്നീ സ്ഥലങ്ങളിലേക്ക് വ്യാപിച്ചു. ചെറുവഴികൾ വലിയ നിരത്തുകളിലേക്ക് എത്തിക്കുന്ന അനുഭവമായിരുന്നു അത്.

1910 കളിൽ ആരംഭിച്ച പുനരൈക്യ കഥകൾ 'ഉത്തരായനം' എന്ന പുസ്തകത്തിൽ വിശദമായി കുറിച്ചിട്ടുണ്ട്. പലർക്കും അറിയാത്ത ആ കഥകൾ ചരിത്രതാളുകളിലേക്ക് ഫാ. റൊമാൻസ് ആന്റണി കൈമാറുകയാണ്.

1926 നവംബറിൽ പരുമലയിൽ കൂടിയ മെത്രാൻ കക്ഷിയുടെ സൂനഹദേസ് കത്തോലിക്ക സഭയുമായ് പുനരൈക്യപ്പെടുന്നതിനുള്ള തീരുമാനം എടുത്തു. റോമിലെ മാർപ്പാപ്പയുമായുള്ള കത്തിടപാടുകൾ നടത്തുവാൻ സൂനഹദോസ് ചുതലപ്പെടുത്തിയ ബഥനിയിലെ മാർ ഈവാനിയോസ് കൊല്ലം രൂപതയിലെ വൈദികൻ ഫാ. ജോൺ ഡബ്ളിയു. എഫ് റെബെയ്റോയുടെ സഹായം അഭ്യർത്ഥിച്ചു. ബിഷപ്പ് ബെൻസിഗർ മാർ ഈവാനിയോസിനെ സഹായിക്കാൻ രംഗത്തു വന്നതോടെയാണ് ഒരുപാടു വർഷം തിരുനക്കര കെട്ടിയിട്ടിരുന്ന പുനരൈക്യത്തോണി നീങ്ങി തുടങ്ങിയത്.

മാർ ഈവാനിയോസിനെപ്പറ്റിയും പുനരൈക്യ ചരിത്രത്തെപ്പറ്റിയും പല പുസ്തകങ്ങൾ ഉണ്ടെങ്കിലും 'ഉത്തരായനം' വേറിട്ടൊരു വായനാനുഭവം ആണ്. ബിഷപ്പ് ബെൻസിഗറിന്റെ ഇടപെടലുകൾ ഗ്രന്ഥകർത്താവ് രേഖകൾ സഹിതം അവതരിപ്പിക്കുന്നു. പരിശുദ്ധ സിംഹാസനവുമായി നടന്ന ചർച്ചകൾ പലഘട്ടങ്ങളിലും പ്രതിസന്ധിയിലായപ്പോൾ പുനരൈക്യം ലക്ഷ്യത്തിലെത്തിക്കാൻ ദൈവദാസൻ ബിഷപ്പ് ബെൻസിഗർ നടത്തിയ ഇടപെടലുകൾ നിർണ്ണായകമായിരുന്നു.

ചരിത്രം വരച്ചിട്ടുള്ള തെറ്റുകൾ തിരുത്താനുള്ള ഒരു ജനകീയ മുന്നേറ്റത്തിന്റെ ആരംഭമായിട്ടാണ് 'ഉത്തരായനത്തി' പുനരൈക്യത്തെ വിശേഷിപ്പിക്കുന്നത്. 1653 കൂനൻ കുരിശു ശപഥം തീർത്ത സംഘർഷത്തിനു 277 വർഷങ്ങൾക്കു ശേഷം ദൈവദാസൻ ബിഷപ്പ് ബെൻസിഗറും ദൈവദാസൻ മാർ ഈവാനിയോസും രൂപപ്പെടുത്തിയ ഒരു തിരുത്തൽ പ്രക്ഷോഭം എന്നാണ് പുനരൈക്യത്തെ ഗ്രന്ഥ കർത്താവ് വിശേഷിപ്പിക്കുന്നത്.

'ഉത്തരായനം' സഭാ ചരിത്രശേഖരണത്തിന് ഒരു മുതൽ കൂട്ടാണ്. ഗ്രന്ഥകർത്താവിന് അഭിനന്ദനങ്ങൾ.

www.malankaralibrary.com

# പാവന സ്മരണയ്ക്ക്

## Fifth Death Anniversary



## Annamma George

Thazhethil Chirakonathu, Kadampanad

(12 July, 1935 - 11 April, 2018)

Loving Family

**T. M. George (Husband)**

Reena & Dr. Antony Mathew, Hema & Joseph John, Simi & Dr. Stephen Mathew,
Tessy & Siby Joseph (Children)

Amy & Koshy, Akash & Lisa, Rishi & Natasha, Remo & Kavya, Ronnie, Rohan and Kalpana,
Rubin, Joe and Ann (Grandchildren)

Justin, Maya, Vihaan and Giada (Great Grandchildren)


RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2021-2023
Date of Publication 29-3-2023

www.malankaralibrary.com

**Christavakahalam Monthly, APRIL 2023**
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും...

ക്രൈസ്തവ
കാഹളം




വായിക്കുക വരിക്കാരാകുക പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374, e-mail: stmaryspresspattom@gmail.com